## വായ്പാ കരാർ

**ഈ കരാർ** കരാറിന്റെ ഷെഡ്യൂളിൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥലത്തു വച്ചും തീയതിയിലും

ഇതിലെ ഷെഡ്യൂളിൽ കൂടുതൽ സവിശേഷമായി വിശദീകരിച്ചിട്ടുള്ളതും വ്യക്തമാക്കിയിട്ടുള്ളതുമായ ബോറോവർ/ബോറോവർസ് അവരുടെ പേരും വിലാസവും (ഇനിമേൽ ഇതിൽ ബോറോവർ എന്നു സൂചിപ്പിക്കപ്പെടുന്നു) എന്നീ പ്രയോഗങ്ങൾക്ക്, പശ്ചാത്തലത്തിനും അതിന്റെ അർത്ഥത്തിനും വിരുദ്ധമല്ല എങ്കിൽ, അദ്ദേഹത്തിന്റെ/അവരുടെ/അതിന്റെ/അവരുടെ ബന്ധപ്പെട്ട പിന്തുടർച്ചാവകാശികൾ, എക്സിക്യൂട്ടർമാർ, അഡ്മിനിസ്ട്രേറ്റർമാർ, നോമിനികൾ, അറ്റോർണിമാർ, നിയമപരമായ പ്രതിനിധികൾ (ബോറോവർ ഒരു വ്യക്തിയോ/ഏക ഉടമ ആയിരിക്കുന്നിടത്ത്) സാഹചര്യം പോലെ (ബോറോവർ 2013ലെ കമ്പനി നിയമത്തിന്റെ അരത്ഥത്തിൽ വരുന്ന ഒരു കമ്പനി അല്ലെങ്കിൽ ഒരു ബോഡി കോർപറേറ്റ് ആയിരിക്കുന്നിടത്ത്), സ്ഥാപനത്തിന്റെ കാലാകാലങ്ങളിലുള്ള പങ്കാളി(കൾ), അവരിലെ സർവൈവർ(മാർ), പങ്കാളികളുടെ പിന്തുടർച്ചാവകാശികൾ, എക്സിക്യൂട്ടർമാർ, അഡ്മിനിസ്ട്രേറ്റർമാർ, നിയമപരമായ പ്രതിനിധികൾ, നോമിനികൾ, പിന്തുടർച്ചക്കാർ (ബോറോവർ ഒരു പാർട്ട്ണർഷിപ്പ് സ്ഥാപനം ആയിരിക്കുന്നിടത്ത്) **ഒരു ഭാഗത്തായും**

**കൂടാതെ**

1956ലെ കമ്പനി നിയമത്തിനു കീഴിൽ ഇൻകോർപറേറ്റ് ചെയ്തിരിക്കുന്നതും രജിസ്റ്റർ ചെയ്തിരിക്കുന്നതും ഡെയർ ഹൗസ്, നം. 2, എൻ.എസ്.സി. ബോസ് റോഡ്, പാരിസ്, ചെന്നൈ -600 001 എന്ന വിലാസത്തിൽ തങ്ങളുടെ രജിസ്റ്റേർഡ് ഓഫീസുള്ളതും, ഇനിമേൽ ഇതിൽ കമ്പനി എന്നു സൂചിപ്പിക്കപ്പെടുന്നതും, പശ്ചാത്തലത്തിനും അതിന്റെ അർത്ഥത്തിനും വിരുദ്ധമല്ല എങ്കിൽ, അതിന്റെ പിന്തുടർച്ചക്കാരും അസൈനികളും എന്ന് അർത്ഥമാക്കുന്നതും ഉൾപ്പെടുന്നതുമായ ഒരു കമ്പനിയായ **ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആന്റ് ഫിനാൻസ് കമ്പനി ലിമിറ്റഡ്**, **മറു ഭാഗത്തുമായി** ഏർപ്പാടാക്കിയിരിക്കുന്നു

അതേസമയം

A) കമ്പനി മറ്റുള്ളവയുടെ കൂട്ടത്തിൽ വസ്തുവകകൾ വാങ്ങുക,വീട് /ഫ്ലാറ്റ് /അപ്പാർട്ട്മെന്റ് എന്നിവയുടെ നിർമ്മാണം, നവീകരണം,മോടിപിടിപ്പിക്കൽ അല്ലെങ്കിൽ വ്യാപിപ്പിക്കൽ എന്നിവയ്ക്കെതിരെ സാമ്പത്തിക സഹായം നല്കുന്ന ബിസിനസ്സിൽ ഏർപ്പെട്ടുവരുന്നു;

B) ബോറോവർ തന്റെ സ്വന്തം പേരിൽ കൂടാതെ/അല്ലെങ്കിൽ ബന്ധപ്പെട്ട ഉടമകളിൽ/കൈവശക്കാരിൽ നിന്നും ബോറോവർ വ്യക്തമായ അധികാരപ്പെടുത്തൽ/ മുക്ത്യാർ കരസ്ഥമാക്കിയിട്ടുള്ളതു പ്രകാരം വച്ചിരിക്കുന്ന, ഈ കരാറിന്റെ ഷെഡ്യൂളിൽ പരാമർശിച്ചിട്ടുള്ള, വസ്തുവിന് (ഇനിമേൽ ഇതിൽ ആസ്തി എന്ന് സൂചിപ്പിക്കപ്പെടുന്നു) എതിരെ സാമ്പത്തിക സഹായം നല്കണമെന്ന് ബോറോവർ കമ്പനിയോട് ആവശ്യപ്പെട്ടിരുന്നു;

C) കമ്പനി നിഷ്കർഷിച്ചിരിക്കുന്നതും കൂടുതൽ പൂർണ്ണമായി ഇതിനു കീഴിൽ വ്യക്തമാക്കിയിട്ടുള്ളതുമായ നിബന്ധനകളും വ്യവസ്ഥകളും അനുസരിക്കാമെന്നും,

കോബോറോവർ(മാർ)

ബോറോവർ(മാർ)

വിശേഷിച്ചും ഈ കരാറിനു കീഴിൽ തിരിച്ചടയക്കേണ്ട മുഴുവൻ തുകയും കമ്പനിക്ക് തിരിച്ചടയ്ക്കുന്നതു വരെ, പണയപ്പെടുത്തിയിരിക്കുന്ന വസ്തു വില്പനയിലൂടെയോ, അന്യാധീനപ്പെടുത്തലിലൂടെയോ പണയത്തിലൂടെയോ മറ്റെതെങ്കിലും വിധേനയോ ഇടപാട് നടത്തുന്നതല്ല എന്നും ബോറോവർ സമ്മതിച്ചിട്ടുള്ളതാണ്;

D) ബോറോവർ നടത്തിയ മേൽപറഞ്ഞ നിവേദനങ്ങളിൽ ആശ്രയിച്ച്, ഇതിനുകീഴെ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച് ബോറോവർ ആവശ്യപ്പെട്ട സാമ്പത്തിക സഹായം പ്രദാനം ചെയ്യാൻ കമ്പനി സമ്മതിച്ചിട്ടുള്ളതാണ്;

**ഈ കരാർ ചുവടെപറയുന്ന വിധത്തിൽസാക്ഷ്യപ്പെടുത്തുന്നു:**

**നിർവചനങ്ങളും വ്യാഖ്യാനങ്ങളും:**

ഈ കരാറിൽ, വിഷയത്തിനോ അതിന്റെ പശ്ചാത്തലത്തിനോ വിരുദ്ധമായി യാതൊന്നും ഇല്ല എന്നു വരികിൽ, താഴെ അക്കമിട്ടുപറയുന്ന പദപ്രയോഗങ്ങൾക്ക് ചുവടെ പറയുന്ന അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ഇതിൽ നിർവചിച്ചിട്ടില്ലാത്ത പദങ്ങൾക്കും പ്രയോഗങ്ങൾക്കും, 1897ലെ ജനറൽ ക്ലോസ് ആക്ടിൽ അതിന് വ്യാഖ്യാനവും അർത്ഥവും നല്കിയിട്ടുണ്ടെങ്കിൽ, ആ വ്യാഖ്യാനവും അർത്ഥവും ഉണ്ടായിരിക്കുന്നതാണ്.

a) **"അധിക പലിശ"** എന്ന പ്രയോഗത്തിന് പ്രതിമാസ തവണകൾ അല്ലെങ്കിൽ ബോറോവർ കമ്പനിക്ക് അടയ്ക്കേണ്ടതും അടയ്ക്കാൻ ഡ്യൂ ആയതുമായ മറ്റേതെങ്കിലും തുകകൾ അടയ്ക്കുന്നതിൽ ഉണ്ടാകുന്ന ഏത് കാലതാമസിത്തിനു മേലും, ഡ്യൂ തീയതി മുതൽ യഥാർത്ഥത്തിൽ പണമടയ്ക്കുന്ന തീയതി വരെ, ഷെഡ്യൂളിൽ വ്യക്തമാക്കിയിട്ടുള്ള നിരക്കിൽ, കമ്പനി ഈടാക്കുന്ന ഏത് പലിശയും എന്ന് അർത്ഥമാക്കുന്നതും ഉൾക്കൊള്ളുന്നതുമാണ്.

b) **"കരാർ"** എന്ന പദം, ഈ വായ്പാ കരാർ, ഇതോടൊപ്പം അല്ലെങ്കിൽ ഈ കരാറിൽ ഇതിനു കീഴിൽ ചേർത്തിട്ടുള്ള ഷെഡ്യൂൾ(ുകൾ), ഏതെങ്കിലും കൂട്ടിച്ചേർക്കലുകൾ, സപ്ലിമെന്റൽ കരാറുകൾ അല്ലെങ്കിൽ ഇതോടൊപ്പം അനുബന്ധപ്പെടുത്തിയിട്ടുള്ള ഉള്ളടക്കങ്ങൾ എന്ന് അർത്ഥമാക്കുന്നതും ഉൾക്കൊള്ളുന്നതുമാണ്.

c) **"ബോറോവർ"** എന്ന പദത്തിന് കമ്പനി വായ്പാ അക്കൗണ്ട് നിലനിർത്തിയിരിക്കുന്നത് ആരുടെ പേരിലാണോ, ആ ഒരൊറ്റ വ്യക്തിയോ അത്തരത്തിൽ ഷെഡ്യൂളിൽ പേര് നല്കിയിരിക്കുന്നതുമായ ഒരു വ്യക്തി എന്ന് അർത്ഥമാക്കുന്നതാണ്. പശ്ചാത്തലത്തിനു വിരുദ്ധമല്ല എങ്കിൽ, ബോറോവർ/വർമാർ എന്ന പദത്തിന് ബോറോവറുടെ ഏതെങ്കിലും പിന്തുടർച്ചാവകാശി, നിയമപരമായ പ്രതിനിധി,നോമിനി , എക്സിക്യൂട്ടർ, അറ്റോർണി,അഡ്മിനിസ്ട്രേറ്റർ, എന്ന് അർത്ഥമാക്കുന്നതും ഉൾക്കൊള്ളുന്നതും, അതിൽ ഒന്നിലധികം ബോറോവർമാർ ഉൾപ്പെടാവുന്നതുമാണ്.

d) **"ഡ്യൂ ഡേറ്റ്"** എന്ന പ്രയോഗത്തിന് വായ്പയുടെ മുതൽ തുകയുടെ ഒരു തവണ കൂടാതെ/അല്ലെങ്കിൽ പലിശ കൂടാതെ/അല്ലെങ്കിൽ ഈ കരാറിനു കീഴിൽ അടയ്ക്കേണ്ട മറ്റേതെങ്കിലും തുക കൂടാതെ/അല്ലെങ്കിൽ വായ്പ തുകയുടെ ശേഷിക്കുന്നത്, സാഹചര്യം പോലെ, ഈ കരാറിന്റെ ഏതെങ്കിലും വകുപ്പുകൾക്കു കീഴിൽ പേയ്മെന്റിനു ഡ്യൂ ആയിട്ടുള്ള തീയതി എന്ന് അർത്ഥമാകുന്നതാണ്.

e) **" ഇലക്ട്രോണിക് ക്ലിയറിംഗ് സർവീസസ്"** അഥവാ ഇ.സി.എസ്. എന്ന പ്രയോഗത്തിന് ഭാരതീയ റിസർവ് ബാങ്ക് വിജ്ഞാപനം ചെയ്തിട്ടുള്ളതും, ഈ വായ്പാ കരാറിനു കീഴിലുള്ള ഇ.എം.ഐ.കളുടെ പേയ്മെന്റ് സൗകര്യപ്പെടുത്തുന്നതിന് അതിൽ പങ്കാളിയാകുന്നതിന് ബോറോവർ സമ്മതം നല്കിയിട്ടുള്ളതുമായ ഒരു ഡെബിറ്റ് ക്ലിയറിംഗ് സേവനം എന്ന് അർത്ഥമാകുന്നതാണ്.

f) **"തവണ"** എന്ന പദത്തിന് വായ്പയുടെ കാലാവധിയിലുള്ള പലിശയും ചേർത്ത് വായ്പ തീർപ്പാക്കുന്നതിന് ആവശ്യമായ, ഷെഡ്യൂളിൽ വ്യക്തമാക്കിയിട്ടുള്ള പ്രതിമാസ പേയ്മെന്റിന്റെ തുക എന്ന് അർത്ഥമാകുന്നതാണ്.

g) "ഫ്ലോട്ടിംഗ് റേറ്റ് ഓഫ് ഇന്ററസ്റ്റ്" എന്ന പ്രയോഗം അർത്ഥമാക്കുന്നത്, ചോള ഹോം റീട്ടെയ്ൽ ലെൻഡിംഗ് റേറ്റ് എന്ന പേരിൽ കമ്പനിയുടെ കാലാകാലങ്ങളിൽ അറിയിക്കുന്ന പലിശ നിരക്കും ,കമ്പനി തീരുമാനിച്ചേക്കാവുന്ന, ഈ കരാറിന് അനുസൃതമായിട്ടുള്ള വായ്പക്കാരന്റെ വായ്പ എന്തെങ്കിലും ഉണ്ടെങ്കിൽ എന്നതാണ്.

h) "ഫ്ലോട്ടിംഗ് റേറ്റ് ലോൺ സ്കീം" അല്ലെങ്കിൽ "എഫ് ആർ ആർ എസ്" എന്നാൽ തുക അവന്റെ / അവളുടെ വായ്പയ്ക്ക് അടയ്ക്കേണ്ടതായ പലിശനിരക്ക് "ഫ്ലോട്ടിംഗ് റേറ്റ് ഓഫ് ഇന്ററസ്റ്റിലെ വ്യതിയാനത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു,, ഇഎംഐകളുടെ അനുപാതവും അനുസരിച്ച്, വ്യത്യാസം ബാധിതമായ മാസത്തിൽ ഉണ്ടാകും.'

i) "ചോള ഹോം റീട്ടെയിൽ ലെൻഡിംഗ് റേറ്റ് അല്ലെങ്കിൽ "CHRLR" എന്ന പ്രയോഗം ചോള ഹോം റീട്ടെയ്ൽ ലെൻഡിംഗ് റേറ്റ് എന്ന കമ്പനിയുടെ സമയാസമയങ്ങളിലെ പലിശ നിരക്കിനെ സൂചിപ്പിക്കുന്നു.

j) **"വായ്പ"** എന്ന പദത്തിന് ഈ കരാറിലും ഷെഡ്യൂളിലും പറഞ്ഞിരിക്കുന്ന വായ്പാ തുക എന്ന് അർത്ഥമാകുന്നതാണ്.

k) **"പോസ്റ്റ് ഡേറ്റഡ് ചെക്ക്(ക്കുകൾ)"** അഥവാ **"പി.ഡി.സി.കൾ"** എന്ന പ്രയോഗത്തിന് തവണയുടെ തുകയ്ക്കുള്ളതും കമ്പനിയുടെ പേരിൽ ബോറോവർ ഡ്രോ ചെയ്തിട്ടുള്ളതും, ഓരോ തവണയുടെയും തീയതിയുമായി ചേരുന്ന തീയതികൾ രേഖപ്പെടുത്തിയിട്ടുള്ളതുമായ, തവണയ്ക്കുള്ള തുകയുടെ ചെക്കുകൾ എന്ന് അർത്ഥമാകുന്നതാണ്.

l) **"പ്രീക്ലോഷർ"** എന്ന പദത്തിന്, ഇക്കാര്യത്തിൽ കമ്പനി നിശ്ചയിച്ചിട്ടുള്ളതും തിരിച്ചടവിന്റെ സമയത്ത് പ്രാബല്യത്തിലുള്ളതുമായ നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ചുള്ള, കാലാവധിയാകുന്നതിനു മുമ്പുള്ള തിരിച്ചടവ് എന്ന് അർത്ഥമാകുന്നതാണ്.

m) **"വസ്തു"** എന്ന പദത്തിന് ഷെഡ്യൂളിൽ വിവരിച്ചിരിക്കുന്നത് പ്രകാരമുള്ളതും, ഈടായി നല്കിയിരിക്കുന്നതും പലിശയും മറ്റ് ചാർജുകളും ചേർത്ത് വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നതിനുള്ള ഈടായി നല്കിയിട്ടുള്ളതുമായ സ്ഥലം, മറ്റ് സ്ഥാവര വസ്തുക്കൾ എന്നിവയും, കൂടാതെ അധിക ഈടായി നല്കിയേക്കാവുന്ന മറ്റേതു വസ്തുവും എന്ന് അർത്ഥമാകുന്നതും അവ ഉൾപ്പെടുന്നതുമാണ്. അത്തരത്തിലുള്ള വ്യക്തമാക്കിയിട്ടുള്ള എല്ലാ ആസ്തികളിൽ/ വസ്തുക്കളിൽ, സ്ഥലവും അതിൽ കെട്ടിയിട്ടുള്ള/ ഭാവിയിൽ

കെട്ടാനിരിക്കുന്ന സൂപ്പർസ്ട്രക്ചറുകൾ എന്നിവ ഉൾപ്പെടുന്നതും ഈ കരാറിന്റെ അർത്ഥത്തിനായി ആസ്തികൾ എന്നു വിളിക്കുന്നതുമാണ്.

n) **"പലിശയുടെ നിരക്ക്"** എന്ന പ്രയോഗത്തിന് ഈ കരാറിന്റെ ആർട്ടിക്കിൾ 2ൽ സൂചിപ്പിച്ചിരിക്കുന്ന പലിശയുടെ നിരക്ക് എന്ന് അർത്ഥമാകുന്നതാണ്.

o) **"തിരിച്ചടവ്"** എന്ന പദത്തിന് വായ്പയുടെ മുതൽ തുകയുടെയും അതിന്മേലുള്ള പലിശയുടെയും തിരിച്ചടവ് എന്ന് അർത്ഥമാകുന്നതും, വിശേഷിച്ചും ഈ കരാറിന്റെ ആർട്ടിക്കിൾ 6 ൽ പറഞ്ഞിരിക്കുന്ന അമോർട്ടൈസേഷൻ എന്ന് അർത്ഥമാകുന്നതുമാണ്.

p) **"ഷെഡ്യൂൾ"** എന്ന പദത്തിന് ഈ കരാറിന്റെ ഷെഡ്യൂൾ എന്ന് അർത്ഥമാകുന്നതാണ്.

ഏകവചനത്തിൽ ഉപയോഗിച്ചിരിക്കുന്ന എല്ലാ പദങ്ങൾക്കും, പശ്ചാത്തലം മറ്റുതരത്തിൽ ആവശ്യപ്പെടുന്നില്ല എങ്കിൽ, ബഹുവചനം ഉൾപ്പെടുന്നതും, ഒരു ലിംഗപദവിയെ കുറിക്കുന്നതിൽ എല്ലാ ലിംഗപദവികളും ഉൾപ്പെടുന്നതുമാണ്.

**1. വായ്പയുടെ നിബന്ധനകൾ:**

a) ഷെഡ്യൂളിൽ വ്യക്തമാക്കിയിരിക്കുന്ന തുക ഒറ്റത്തവണയായോ പല തവണകളായോ ഇതിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം ബോറോവർക്ക് വായ്പയായി അനുവദിക്കാൻ കമ്പനി ഇതിനാൽ സമ്മതിക്കുന്നു. കൂടാതെ, വായ്പ എടുക്കുന്നതിനു മുമ്പ് വായ്പയായി നല്കാവുന്ന തുകയുടെ അളവ് വിലയിരുത്തുക എന്ന ഉദ്ദേശ്യത്തിനായി, പണയമായി വാഗ്ദാനം ചെയ്തിരിക്കുന്ന വസ്തുവിന്റെ മൂല്യം നിർണയിക്കുന്നത് കമ്പനിയുടെ പരിപൂർണ്ണവും അന്യപ്രവേശനമില്ലാത്തതുമായ വിവേചന പ്രകാരമായിരിക്കുന്നതും അത് ബേറോവർക്ക് ബാധകമായിരിക്കുന്നതുമാണ്.

b) ഈ കരാറിനു കീഴിൽ നല്കിയിരിക്കുന്ന വായ്പ, ഈ കരാർ ഇതിൽ നിഷ്കർഷിച്ചിരിക്കുന്ന ഒരു രീതിയിൽ നേരത്തെ അവസാനിപ്പിച്ചിട്ടില്ല എന്നു വരികിൽ, ഇതിൽ വ്യക്തമാക്കിയിരിക്കുന്ന തീയതി മുതൽ ആരംഭിക്കുന്ന, ഷെഡ്യൂളിൽ സൂചിപ്പിച്ചിരിക്കുന്ന വായ്പയുടെ കാലവധി എന്നതിനു കീഴിൽ വ്യക്തമാക്കിയിക്കുന്ന ഒരു കാലയളവിലേക്കായിരിക്കും. ഈ കരാറിനു കീഴിൽ പറഞ്ഞിരിക്കുന്ന നിവന്ധനകൾ അനുസരിച്ച് ബോറോവർ വായ്പ തിരിച്ചടയ്ക്കേണ്ടതാണ്. കമ്പനി അതിന്റെ പരിപൂർണ്ണവും അന്യപ്രവേശനമില്ലാത്തതുമായ വിവേചനത്തിൽ വായ്പാ സൗകര്യം പുതുക്കാൻ സമ്മതിച്ചേക്കാവുന്നതും, ഈ കരാർ നിലവിലുള്ള കാലയളവിൽ/ ഷെഡ്യൂളിൽ വ്യക്തമാക്കിയിരിക്കുന്ന വായ്പാ കാലാവധിയിൽ ഏത് സമയത്തും കാരണമൊന്നും കാണിക്കാതെ ചെയ്യാൻ കമ്പനിക്ക് അധികാരമുള്ളതു പോലെ, വായ്പാ സൗകര്യം റീകോൾ ചെയ്യുകയോ/റദ്ദാക്കുകയോ ചെയ്യുകയാണെങ്കിൽ, മുഴുവൻ തുകയും അതിന്മേൽ കൂട്ടിച്ചേർക്കപ്പെട്ടിട്ടുള്ള പലിശയും ചേർത്ത്, ഈ കരാറിൽ നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ കമ്പനി ആവശ്യപ്പെടുമ്പോൾ തിരിച്ചടയ്ക്കാൻ ബോറോവർക്ക് ബാദ്ധ്യത ഉണ്ടായിരിക്കുന്നതാണ്.

**2. പലിശ:**

കോബോറോവർ(മാർ)

ബോറോവർ(മാർ)

a) വായ്പാ തുകയിന്മേലുള്ള പലിശയുടെ നിരക്ക് ഇതിലെ ഷെഡ്യൂളിൽ വ്യക്തമാക്കിയിരിക്കുന്നത് പ്രകാരമായിരിക്കുന്നതാണ്.

b) വായ്പ തുകയ്ക്കു മേലുള്ള പലിശയും, ബോറോവർ അടയ്ക്കേണ്ടതായി മറ്റെല്ലാ ചാർജുകളും, ഷെഡ്യൂളിൽ വ്യക്തമാക്കിയിരിക്കുന്ന നിരക്കിൽ വായ്പയുടെ വിതരണത്തിന്റെ തീയയി മുതൽ അടയ്ക്കാൻ ബോറോവർക്ക് ബാദ്ധ്യതയുണ്ടായിരിക്കുന്നതാണ്.

c) കരാർ നിലനിൽക്കുന്ന കാലയളവിൽ വായ്പയ്ക്കു ബാധകമായിരിക്കുന്ന പലിശയുടെ നിരക്ക്, കാലാകാലങ്ങളിൽ, മുകളിലേക്കോ താഴേക്കോ, പില്ക്കാല പ്രാബല്യത്തോടെ കമ്പനിയുടെ വിവേചനത്തിൽ പുതുക്കുന്നതിന് കമ്പനിക്ക് അവകാശമുണ്ടായിരിക്കുന്നതാണ്. ഇത്തരം വ്യതിയാന(ങ്ങൾ) അനുമതി കത്തിന്റെ നിബന്ധനകൾക്ക് വിധേയമായിരിക്കുന്നതും, അക്കാര്യം ബോറോവറെ അറിയിക്കുന്നതും, ആയത് ബോറോവർക്ക് ബാധകമായിരിക്കുന്നതുമാണ്.

d) പലിശയും എല്ലാ ചാർജുകളും ദിവസത്തിനു ദിവസം കൂടിച്ചേരുന്നതും വാർഷികാടിസ്ഥാനത്തിലും കടന്നുപോയ ദിവസങ്ങളുട യഥാർത്ഥ എണ്ണത്തിലും കണക്കാക്കുന്നതുമാണ്.

e) പലിശ, ഡ്യൂട്ടികൾ, സെസ്സുകൾ, ലൈസൻസ് ഫീസ്, എന്നിവയ്ക്ക് മേലുള്ള എല്ലാ നികുതികളും മറ്റു നികുതികളും, മറ്റു ചാർജുകളും/ഇൻഷുറൻസ് പ്രീമിയവും, ഈ കരാറുമായി ബന്ധപ്പെട്ടോ ആസ്തിയുമായുള്ള ബന്ധത്തിലോ മുൻകാല പ്രാബല്യത്തോടെയോ പിൽക്കാല പ്രാബല്യത്തോടെയോ, കേന്ദ്ര/സംസ്ഥാന സർക്കാറുകൾക്കുള്ള/ അധികൃതർക്കുള്ള പലിശയിന്മേൽ/ചാർജുകളിന്മേൽ ചുമത്തുന്ന ഏതു നികുതിയും ഉൾപ്പെടെയുള്ള ഔട്ട്ഗോയിംഗുകളും ബോറോവർ അടയ്ക്കേണ്ടതും, അത്തരം ഏതെങ്കിലും പേയ്മെന്റുകൾ കമ്പനി നടത്തുകയാണെങ്കിൽ, ഇതു സംബന്ധിച്ച് കമ്പനിയിൽ നിന്ന് ശരിയായ വിധത്തിലുള്ള അറിയിപ്പ് കൈപ്പറ്റി 3 ദിവസങ്ങൾക്കുള്ളിൽ ആ തുക ബോറോവർ കമ്പനിക്ക് മടക്കിനല്കേണ്ടതുമാണ്. പ്രസ്തുത തുക കമ്പനിക്ക് തിരികെനല്കുന്നതിൽ ബോറോവർ പരാജയപ്പെടുകയാണെങ്കിൽ, ഷെഡ്യൂളിൽ സൂചിപ്പിച്ചിരിക്കുന്ന ഡിഫോൾട്ട് നിരക്കിലുള്ള പലിശ, കമ്പനി തുക അടച്ച തീയതി മുതൽ അതിനോടു കൂടിച്ചേരുന്നതും, ആയത് ബോറോവർ കമ്പനിക്ക് അടയ്ക്കാനുള്ള തുകകളോടു കൂട്ടിച്ചേർക്കുന്നതുമാണ്.

f) കമ്പനിയുടെ മറ്റ് അവകാശങ്ങൾക്ക് ഹാനി കൂടാതെ, ഈ കരാറിനു കീഴിൽ കമ്പനിക്ക് അടയ്ക്കേണ്ട ഏതെങ്കിലും തുകകൾ അടയ്ക്കുന്നതിൽ ബോറോവർ വീഴ്ച്ച വരുത്തുകയാണെങ്കിൽ, വീഴ്ച്ച വരുത്തിയ തീയതി മുതൽ യഥാർത്ഥ പേയ്മെന്റ് തീയതി വരെ, തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുന്ന മുഴുവൻ തുകയ്ക്കും, ഷെഡ്യൂളിൽ സൂചിപ്പിച്ചിരിക്കുന്ന നിരക്കിലുള്ള (അല്ലെങ്കിൽ കമ്പനി കാലാകാലങ്ങളിൽ വ്യക്തമാക്കിയേക്കാവുന്ന/അറിയിച്ചേക്കാവുന്ന കൂടിയ നിരക്കിലുള്ള) അധിക പലിശ ബോറോവർ അടയ്ക്കേണ്ടതാണ്.

കോബോറോവർ(മാർ)

ബോറോവർ(മാർ)

g) ഈ കരാറിനു കീഴിലുള്ള വായ്പയെടുക്കൽ ഒരു വാണിജ്യ പണമിടപാടാണ്. അന്യായപലിശ സംബന്ധിച്ച അല്ലെങ്കിൽ പലിശ ചുമത്തുന്നതുമായി ബന്ധപ്പെട്ട മറ്റ് നിയമങ്ങൾ കീഴിലുള്ള ഏത് പ്രതിരോധവാദവും ബോറോർ ഉപേക്ഷിക്കുന്നു.

**3. പ്രോസസ്സിംഗ് ചാർജുകൾ:**

വായ്പ അനുവദിക്കുന്നതിനായി കമ്പനിക്ക് അപേക്ഷ സമർപ്പിക്കുന്ന സമയത്ത് ബോറോവർ സമ്മതിച്ച പ്രകാരമുള്ള ഒരു പ്രോസസ്സിംഗ് ചാർജ് കമ്പനിക്ക് അടയ്ക്കുന്നതിന്, ഒരുവിധത്തിലുമുള്ള നിർബന്ധമോ അന്യായ സ്വാധീനമോ കൂടാതെ അടയ്ക്കുന്നതിനുള്ള സമ്മതം ബോറോവർ പ്രകടിപ്പിച്ചിട്ടുണ്ട്. കരാറിന്റെ ഷെഡ്യൂളിൽ കൂടുതൽ വ്യക്തമായി സൂചിപ്പിച്ചിട്ടുള്ള പ്രസ്തുത പ്രോസസ്സിംഗ് ഫീ/സർവീസ് ചാർജ്ജുകൾ, വായ്പ എടുക്കാതിരിക്കുകയോ അല്ലെങ്കിൽ വായ്പയ്ക്ക് അനുമതി നല്കിയതിനു ശേഷം കമ്പനി വിതരണം ചെയ്യാതിരിക്കുകയോ ആണെങ്കിൽ പോലും, ഒരു സാഹചര്യത്തിലും ബോറോവർക്ക് മടക്കി നല്കുന്നതല്ല.

**4. വിതരണം**

a) കമ്പനി വായ്പ ഏതു രീതിയിൽ വിതരണം ചെയ്യണമെന്നാണ് ബോറോവർ ആഗ്രഹിക്കുന്നത് എന്നുള്ളത് കമ്പനിയെ അറിയിക്കേണ്ടതാണ്. എന്നിരുന്നാലും, വിതരണത്തിന്റെ രീതി നിർണയിക്കുന്നതിനുള്ള പൂർണ്ണമായ വിവേചനം കമ്പനിക്ക് ഉണ്ടായിരിക്കുന്നതും, ആയത് ഈ കരാറിനു കീഴിൽ **അംഗീകരിച്ചിട്ടുള്ള**വിധത്തിൽ ബോറോവർക്കു**ള്ള**വിതരണമായി കണക്കാക്കേണ്ടതുമാണ്.

b) ഈ കരാറിന്റെ നിബന്ധനകൽ പ്രകാരം കമ്പനി ബോറോവർക്ക് നടത്തേണ്ട എല്ലാ വിതരണങ്ങളും, കമ്പനിയുടെ പൂർണ്ണമായ വിവേചനത്തിൽ, ശരിയായ വിധത്തിൽ ക്രോസ് ചെയ്ത് " A/c. Payee only" എന്ന് രേഖപ്പെടുത്തിയിട്ടുള്ള ചെക്ക് അല്ലെങ്കിൽ ഡിമാൻഡ് ഡ്രാഫ്ട് അല്ലെങ്കിൽ ഇന്ത്യൻ ബാങ്കിംഗ് സംവിധാനത്തിനു കീഴിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഫണ്ട് കൈമാറ്റത്തിനുള്ള മറ്റേതെങ്കിലും അംഗീകൃത രീതിയിലൂടെ, ആയിരിക്കണം. അത്തരത്തിലുള്ള എല്ലാ ചെക്കുകളുമായി അല്ലെങ്കിൽ ഫണ്ട് കൈമാറ്റ രീതികളുമായി ബന്ധപ്പെട്ട് ഏതെങ്കിലും കളക്ഷൻ ചാർജുകളോ അത്തരത്തിലുള്ള മറ്റു ചാർജുകളോ ചുമത്തുകയാണെങ്കിൽ, ചെക്കിന്റെ ട്രാൻസിറ്റിന്/കളക്ഷന്/ ബോറോവർ അല്ലെങ്കിൽ അവരുടെ ബാങ്ക് സാക്ഷാത്കരിക്കുന്നതിന് എടുക്കുന്ന സമയം എത്ര തന്നെയായാലും, ബോറോവർ വഹിക്കേണ്ടതാണ്.

c) വിതരണത്തിന്റെ തീയതി, വായ്പാ തുകയുടെ സാക്ഷാത്കരണത്തിന്റ തീയതി എന്തു തന്നെയായാലും, ചെക്കിന്റെ തീയതി അല്ലെങ്കിൽ ബോറോവറുടെ ബാങ്ക് അക്കൗണ്ടിലേക്ക് എൻ.ഇ.എഫ്.ടി./ ആർ.ടി.ജി.എസ്. മുഖേന കമ്പനി നേരിട്ട് ക്രെഡിറ്റ് ചെയ്യുന്ന തീയതി ആയിരിക്കുന്നതാണെന്ന് ബോറോവർ ഇതിനാൽ സമ്മതിക്കുന്നു.

കോബോറോവർ(മാർ)

ബോറോവർ(മാർ)

d) കമ്പനിയുടെ സമ്മതം കൂടാതെയും ആവശ്യമായ ക്യാൻസലേഷൻ ചാർജുകൾ അടയ്ക്കാതെയും, വിതരണം സ്വീകരിക്കുന്നത് നിരസിക്കുന്നതിന് ബോറോവർക്ക് അവകാശമുണ്ടായിരിക്കുന്നതല്ല.

e) വായ്പാ തുകയുടെ വിതരണത്തിനു ശേഷവും, എന്നാൽ ആദ്യ തവണത്തുകയുടെ ഡ്യൂ തീയതിക്കു മുമ്പായും, ഏതു കാരണത്താലായാലും, കരാർ റദ്ദാക്കാൻ ബോറോവർ അഭ്യർത്ഥിക്കുകയാണെങ്കിൽ, റദ്ദാക്കലിന് കമ്പനി സമ്മതിക്കുന്നതിനു വിധേയമായി, ബോറോവർ ഉടനടി തന്നെ ക്യാൻസലേഷൻ ചാർജ്ജായി വിതരണം ചെയ്ത വായ്പാ തുകയ്ക്ക് വിതരണത്തിന്റെ തീയതി മുതൽ ബോറോവർ തിരിച്ചടവ് നടത്തുന്ന തീയതി വരെ പ്രതിവർഷം 18% നിരക്കിലുള്ള അല്ലെങ്കിൽ ബോറോവറെ അറിയിച്ചിട്ടുള്ള മറ്റ് നിരക്കിലുള്ള പലിശയും ചേർത്ത് വായ്പാ തുക തിരിച്ചടയ്ക്കേണ്ടതാണ്.

## 5. മുൻ ഉപാധികൾ:

ഇനിപ്പറയുന്ന മുൻ നിബന്ധനകൾ ("മുൻ നിബന്ധനകൾ") നിറവേറ്റുന്നതിനനുസരിച്ച് കമ്പനി ലോൺ തുക ബോറോവറിന് വിതരണം ചെയ്യും. ബോറോവർ ഇവിടെ എഴുതിയ ഷെഡ്യൂളിൽ സൂചിപ്പിച്ച തീയതി അല്ലെങ്കിൽ കമ്പനി ദീർഘിപ്പിച്ച തീയതിയിൽ മുൻ നിബന്ധനകൾ പാലിക്കും. അത്തരം തീയതികളിൽ മുൻ നിബന്ധനകൾ പാലിക്കുന്നതിൽ പരാജയപ്പെടുന്നത് കമ്പനി വായ്പ വിതരണം ചെയ്യുന്നത് നിരസിച്ചേക്കാം, ഏതെങ്കിലും കാരണത്താലോ അസാധാരണമായ സാഹചര്യങ്ങളിലോ ഇതിനകം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ, കമ്പനി അതിന്റെ വിവേചനാധികാരത്തിൽ, ഒന്നുകിൽ വിതരണം ചെയ്ത തുക പലിശയും നിരക്കുകളും സഹിതം തിരിച്ചുവിളിക്കും, അല്ലെങ്കിൽ വിതരണം ചെയ്ത തുക വായ്പയായി പരിവർത്തനം ചെയ്യുകയും തവണകളായി പണമടയ്ക്കൽ ആരംഭിക്കാൻ ബോറോവറെ ഉപദേശിക്കുകയും ചെയ്യുക. കടം വാങ്ങുന്നയാൾ നിറവേറ്റേണ്ട നിബന്ധനകൾ:

a) ഈ കരാറിൽ അടങ്ങിയിരിക്കുന്ന ബോറോവറുടെ നിവേദനങ്ങളും വാറന്റികളും (i) ഇതിലെ തീയതിയിലും കൂടാതെ (ii) വിതരണത്തിനായി ഉദ്ദേശിക്കപ്പെടുന്ന (ആ ദിവസത്തിൽ നടത്തിയതു പോലെ) / വായ്പ എടുക്കുന്ന തീയതിയിലും സത്യമായിരിക്കേണ്ടതും വായ്പയുടെ കാലാവധി വേളയിൽ സാധുവായി തുടരേണ്ടതുമാണ്;

b) കമ്പനി ആവശ്യപ്പെടുകയാണെങ്കിൽ, കമ്പനിക്ക് സ്വീകാര്യമായ ഗ്യാരന്റി(കൾ) കമ്പനിയ്ക്ക് അനുകൂലമായി എക്സിക്യൂട്ടീവ് ചെയ്തിരിക്കേണ്ടതാണ്;

c) കമ്പനി ആവശ്യപ്പെട്ടേക്കാവുന്ന രീതിയിൽ പോസ്റ്റ് ഡേറ്റഡ് ചെക്കുകൾ/ ഇ.സി.എസ്. മാൻഡേറ്റുകൾ/ എ.സി.എച്./ എൻ.ഇ.എഫ്.ടി./ മറ്റ് ബാധകമായ അധികാരപ്പെടുത്തലുകൾ അല്ലെങ്കിൽ ഇൻസ്ട്രുമെന്റുകൾ ബോറോവർ എക്സിക്യൂട്ട് ചെയ്തിരിക്കുകയും കമ്പനിക്ക് ഡെലിവർ ചെയ്തിരിക്കുകയും വേണം.

d) കമ്പനിക്ക് സ്വീകാര്യമായ വിധത്തിൽ, കമ്പനിക്ക് അനുകൂലമായി ബോറോവർ ഈട് സൃഷ്ടിച്ചിരിക്കേണ്ടതാണ് ("ഈട്"). ബോറോവർക്ക് അല്ലെങ്കിൽ ആസ്തിയുടെ ഉടമയ്ക്ക് അത്തരം ഈടിനു മേൽ വ്യക്തവും, സാധുവായതും, വിപണനം ചെയ്യപ്പെടാവുന്നതും, എല്ലാവിധ ബാദ്ധ്യതകളിൽ നിന്നും ലീനുകളിൽ നിന്നും ഉടമസ്ഥതയിലെ ന്യൂനതകളിൽ നിന്നും മുക്തവുമായ ഉടമസ്ഥാവകാശം ഉണ്ടായിരിക്കണം. അത്തരം ഈട് സൃഷ്ടിക്കുന്നതിനായി ബോറോവർ/ അല്ലെങ്കിൽ ആസ്തിയുടെ ഉടമ ബാധകമായ നിയമത്തിനു കീഴിൽ ഏതെങ്കിലും റെജിസ്ട്രേഷനുകളും ഫയലിംഗുകളും നടത്തേണ്ടത് ആവശ്യമാണെങ്കിൽ, ബോറോവർ ഇക്കാര്യത്തിൽ ബന്ധപ്പെട്ട എല്ലാ

രെജിസ്ട്രേഷനുകളും ഫയലിംഗുകളും നടത്തേണ്ടതാണ് / ആസ്തിയുടെ ഉടമ നടത്തുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്. അത്തരം ഈട് സൃഷ്ടിക്കുന്നതിന് ബോറോവർക്ക് ഏതെങ്കിലും സമ്മതങ്ങൾ ആവശ്യമാണ് എങ്കിൽ, അത്തരം ഈട് സൃഷ്ടിക്കുന്നതിനു മുമ്പ് ആസ്തിയുടെ ഉടമ അത്തരത്തിലുള്ള എല്ലാ സമ്മതങ്ങളും കരസ്ഥമാക്കിയിട്ടുണ്ട് എന്നും ബോറോവർ ഉറപ്പാക്കേണ്ടതാണ്.

e) ബോറോവർ കൂടാതെ/അല്ലെങ്കിൽ കമ്പനി ആവശ്യപ്പെട്ടേക്കാവുന്ന മറ്റു വ്യക്തി കമ്പനി ആവശ്യപ്പെട്ടേക്കാവുന്ന മറ്റു പ്രമാണങ്ങളും രേഖകളും എക്സിക്യൂട്ട് ചെയ്തിരിക്കേണ്ടതും കമ്പനി ആവശ്യപ്പെട്ടേക്കാവുന്ന മറ്റ് നടപടികൾ നിർവഹിച്ചിരിക്കേണ്ടതും മറ്റു പ്രമാണികരണങ്ങൾ എക്സിക്യൂട്ട് ചെയ്തിരിക്കേണ്ടതുമാണ്.

f) പിഴവിന്റെ സംഭവം നിലനിൽക്കാതിരിക്കൽ: ആർട്ടിക്കിൾ 10 ൽ നിർവചിച്ചിട്ടുള്ളത് പ്രകാരമുള്ള പിഴവിന്റെ സംഭവം സംഭവിക്കുകയോ തുടരുകയോ ചെയ്യാൻ പാടില്ല.

g) **തവണകളുടെ മുൻകൂർ അടവുകൾ**: ഈ കരാർ എക്സിക്യൂട്ട് ചെയ്യുന്ന സമയത്ത് അല്ലെങ്കിൽ കമ്പനി വ്യക്തമാക്കുന്നത് പോലെ ഇതിനുശേഷമുള്ള ഏത് സമയത്തും ഷെഡ്യൂളി/ളുകളിൽ പറഞ്ഞിരിക്കുന്ന എണ്ണം തവണകൾ മുൻകൂറായി കമ്പനിക്ക് അടയ്ക്കാമെന്ന് ബോറോവർ സമ്മതിക്കുന്നു. ഈ കരാറിന്റെ മറ്റു വ്യവസ്ഥകൾക്കു വിധേയമായി, മുൻകൂർ തവണത്തുകകൾ ഷെഡ്യൂളിൽ വ്യക്തമാക്കിയിരിക്കുന്ന വിധത്തിൽ തവണത്തുകയ്ക്ക് എതിരായി അഡ്ജസ്റ്റ് ചെയ്യുന്നതാണ്. മുൻകൂർ തവണത്തുകകൾക്ക് ഏതെങ്കിലും പലിശ നല്കുന്നതിന് കമ്പനിക്ക് ബാദ്ധ്യതയുണ്ടായിരിക്കുന്നതല്ല.

## 6. തിരിച്ചടവ്:

a) ഈ കരാറിനു കീഴിൽ ബോറോവർ അടയ്ക്കാൻ പാകമാകുന്ന തുകകൾ എല്ലാം, അത് ഡ്യൂ ആകുന്ന മുറയ്ക്ക്, യാതൊരു കാലതാമസമോ വീഴ്ച്ചയോ കൂടാതെയും കമ്പനിയിൽ നിന്നുള്ള എതെങ്കിലും അറിയിപ്പ് കൂടാതെയും ബോറോവർ കമ്പനിക്ക് അടയ്ക്കേണ്ടതാണ്. തിരിച്ചടവ് സമയക്രമം കർശനമായി പാലിക്കുന്നത് വായ്പ അനുവദിക്കുന്നതിനുള്ള ഒരു അവശ്യ വ്യവസ്ഥയാണ് എന്നും സമയം ഈ കരാറിന്റെ സത്തയാണെന്നുള്ളതും ബോറോവർ അംഗീകരിക്കുന്നു.

b) വായ്പയുടയും അതിന്മേലുള്ള പലിശയുടെയും തിരിച്ചടവ് ഷെഡ്യൂളിൽ വ്യക്തമാക്കിയിരിക്കുന്ന നിബന്ധനകൾ പ്രകാരമുള്ള തവണകളായി ബോറോവർ നടത്തുന്നതാണ്. ഇതിൽ മുകളിൽ സൂചിപ്പിച്ചിരിക്കുന്ന തിരിച്ചടവ് സമയക്രമം, മുഴുവൻ വായ്പയും, പലിശയും ഈ കരാറിനു കീഴിൽ വിവക്ഷിച്ചിരിക്കുന്ന മറ്റു ചാർജുകളും ചേർത്ത് തിരിച്ചടയ്ക്കാൻ ആവശ്യപ്പെടുന്നതിനുള്ള കമ്പനിയുടെ അവകാശത്തെ ദോഷകരമായി ബാധിക്കുന്നതല്ല. മാത്രമല്ല, തവണയുടെ കണക്കുകൂട്ടൽ/ഫിക്സേഷൻ, തവണത്തുകകൾ തെറ്റായാണ് കണക്കാക്കിയത് എന്ന് ഏതെങ്കിലും ഘട്ടത്തിൽ കണ്ടുപിടിക്കുന്ന സാഹചര്യത്തിൽ ഉൾപ്പെടെ, തവണകളുടെയും അതിന്മേലുള്ള പലിശയുടെയും തുക വീണ്ടും കണക്കുകൂട്ടുന്ന തിനുള്ള കമ്പനിയുടെ അവകാശത്തെ

ദോഷകരമായി ബാധിക്കുന്നതല്ല. എന്നിരുന്നാലും, ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന തവണകൾ, കമ്പനിക്ക് ഉചിതമെന്ന് തോന്നുന്ന ഏത് സമയത്തും അവസാനിപ്പിക്കുന്നതിനും, ഇതിനോടകം ഡ്യൂ ആയിക്കഴിഞ്ഞതും അടച്ചിട്ടില്ലാത്തതുമായ ഏതെങ്കിലും തുകകൾ ഉണ്ടെങ്കിൽ അതും എല്ലാ ഭാവി തവണത്തുകകളും, ഡ്യൂ ആകുന്ന മറ്റേതു തുകകളും എല്ലാം ചേർത്തുള്ള മൊത്തം തുകയും, ഭാവി തവണത്തുകകളിന്മേൽ കമ്പനി അനുവദിച്ചേക്കാവുന്ന ഏതെങ്കിലും കിഴിവുകളുണ്ടെങ്കിൽ അതിനു വിധേയമായി, അടയ്ക്കാൻ ആവശ്യപ്പെടുന്നതിനും കമ്പനിയ്ക്കുള്ള അവകാശത്തെ ദോഷകരമായി ബാധിക്കുന്നതല്ല. ഇത്തരത്തിലുള്ള ഏതെങ്കിലും ഭേദഗതി ഉണ്ടാകുന്ന സാഹചര്യത്തിൽ, കമ്പനിക്ക് ആവശ്യമായിരിക്കുന്നത് അനുസരിച്ച് പുതിയ പോസ്റ്റ് ഡേറ്റഡ് ചെക്കുകൾ/എസിഎച്ച് അല്ലെങ്കിൽ ഇസിഎസ് മാൻഡേറ്റുകൾ കമ്പനിക്ക് നല്കുന്നതാണെന്ന് ബോറോവർ സമ്മതിക്കുകും ഉറപ്പുനല്കുകയും ചെയ്യുന്നു.

c) ബോറോവർ കമ്പനിക്ക് അടയ്ക്കാനുള്ള എല്ലാ തുകകളും, ഒരു തരത്തിലുള്ള കിഴിവുകളും വരുത്താതെ കമ്പനിയുടെ ചെന്നൈയിലുള്ള റെജിസ്റ്റേർഡ് ഓഫീസിൽ അല്ലെങ്കിൽ കമ്പനിയുടെ ഏതെങ്കിലും ശാഖാ ഓഫീസിലോ ഡ്യു തീയതിയിലോ അതിനു മുമ്പോ അടച്ചിരിക്കണം കടം വാങ്ങുന്നയാളുടെ ലോൺ അക്കൗണ്ട് പ്രത്യേക പരാമർശ അക്കൗണ്ട് (എസ്എംഎ)/ നോൺ പെർഫോമിംഗ് അക്കൗണ്ട് (എൻപിഎ) അല്ലെങ്കിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ (ആർബിഐ) ബാധകമായ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് മറ്റ് വിഭാഗങ്ങൾക്ക് കീഴിലായി നിശ്ചിത തീയതിയുടെ അവസാനം തരംതിരിക്കേണ്ടതാണ്. എസ്എംഎ, എൻപിഎ വിഭാഗങ്ങളുടെ വർഗ്ഗീകരണത്തിന്റെ അടിസ്ഥാനവും അതിനുള്ള ഉദാഹരണവും ഷെഡ്യൂളിൽ സൂചിപ്പിച്ചിരിക്കുന്നു. എന്നിരുന്നാലും, ഡ്യൂ തീയതികൾക്കു മുമ്പ് പേയ്മെന്റുകൾ നടത്തിയാലും, ഡ്യൂ തീയതികളിൽ അല്ലെങ്കിൽ ഇൻസ്ട്രുമെന്റുകളുടെ സാക്ഷാത്കാരത്തിനു ശേഷം മാത്രമേ പേയ്മെന്റുകൾക്കുള്ള ക്രെഡിറ്റ് നല്കുകയുള്ളൂ.

d) പ്രതിമാസ തവണകളും മുതലും പലിശയുമായി അതിന്റെ വിഭജനവും കണക്കാക്കുന്നതിന് കമ്പനി അവലംബിച്ചിരിക്കുന്ന രീതി പരിശോധിച്ചു എന്നും മനസ്സിലാക്കി എന്നും സമ്മതിച്ചു എന്നും ബോറോവർ സ്ഥിരീകരിക്കുന്നു.

e) ഡ്യൂ ആകുന്ന ദിവസം ഒരു അവധി ദിവസം ആകുകയാണെങ്കിൽ, തൊട്ടടുത്ത പ്രവൃത്തി ദിവസത്തിൽ പേയ്മെന്റ് നടത്തേണ്ടതാണ്.

f) ഈ കരാറിനു കീഴിൽ അടയ്ക്കേണ്ട എല്ലാ പേയ്മെന്റുകളും ഡ്യൂ തീയതികളിൽ തന്നെ കമ്പനിക്ക് എക്സ്ചേഞ്ചോ കിഴിവോ കൂടാതെ ബോറോവർ കൃത്യമായി അടയ്ക്കേണ്ടതാണ്.

g) ഏതെങ്കിലും തുക ഡ്യൂ ആയ തീയതിക്കു ശേഷവും അടയ്ക്കാതെ കുടിശ്ശികയായി നില്ക്കുന്നതായ സാഹചര്യത്തിൽ, ഈ കരാറിനു കീഴിൽ കമ്പനിക്ക് അടയ്ക്കേണ്ട തുകകളുടെ പേയ്മെന്റിനായി ഈട് ലിക്വിഡേറ്റ് ചെയ്യുന്നതിനുള്ള അല്ലെങ്കിൽ ഈട് നടപ്പിലാക്കുന്നതിനുള്ള അല്ലെങ്കിൽ ഈ കരാർ നിർണയിക്കുന്നതിനുള്ള കമ്പനിയുടെ അവകാശത്തിന് അല്ലെങ്കിൽ ഈ കരാറിനു കീഴിൽ കൂടാതെ/അല്ലെങ്കിൽ നിലവിലുള്ള നിയമത്തിനു കീഴിൽ കമ്പനിക്കുണ്ടാകാവുന്ന മറ്റേതെങ്കിലും അവകാശങ്ങൾക്ക്

കൂടാതെ/അല്ലെങ്കിൽ പരിഹാരങ്ങൾക്ക് ഹാനികരമാകാതെ, വായ്പയുടെയോ, തവണയുടെയോ പലിശയുടെയോ അല്ലങ്കിൽ മറ്റു ചാർജുകളുടെയോ കണക്കിൽ കുടിശ്ശികയായിട്ടുള്ള മുഴുവൻ തുകയ്ക്കും ഷെഡ്യൂളിൽ വ്യക്തമാക്കിയിട്ടുള്ള നിരക്കിൽ അധിക പലിശ അടയ്ക്കാൻ ബോറോവർ ബാദ്ധ്യസ്ഥമായിരിക്കുന്നതാണ്. എന്നിരുന്നാലും അധിക പലിശ ചാർജ് ചെയ്യുന്നത് വായ്പ അനുവദിക്കുന്നതിന്റെ ഒരു അവശ്യ വ്യവസ്ഥയായി തിരിച്ചടവ് ഷെഡ്യൂൾ കൃത്യമായി അനുവർത്തിക്കുന്നതിനുള്ള ബാദ്ധ്യതയിൽ നിന്നും ബോറോവറെ മുക്തമാക്കുന്നതല്ല.

**7. തവണകളുടെ പേയ്മെന്റിന്റെ രീതി:**

a) ഇതിനുകീഴിൽ വ്യക്തമാക്കിയിട്ടുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി, വായ്പയുടെ തിരിച്ചടവ് സ്റ്റാൻഡിംഗ് ഇൻസ്ട്രക്ഷൻസ് (എസ്.ഐ) / ഇലക്ട്രോണിക് ക്ലിയറിങ് സിസ്റ്റം (ഇസിഎസ്) / എസിഎച്ച് / അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിലുള്ള കമ്പനിയ്ക്ക് സ്വീകാര്യമായ ഡെബിറ്റ്, പോസ്റ്റ് ഡേറ്റഡ് ചെക്കുകൾ വഴിയോ, ക്യാഷായി അടച്ചോ. ഡിമാൻഡ് ഡ്രാഫ്ട് വഴിയോ, കാലാകാലങ്ങളിൽ അംഗീകരിക്കുന്ന മറ്റു രീതികൾ വഴിയോ ആയിരിക്കേണ്ടതാണ്. കരാറില് മറ്റെവിടെയെങ്കിലും പറഞ്ഞിരിക്കുന്നതെന്തെങ്കിലും എന്നിരുന്നാലും, ACH / ECS / REC / EFT / EFT സൌകര്യങ്ങള് വഴി മാത്രമേ വായ്പ തിരിച്ചടവ് അനുവദിക്കുകയുള്ളൂ, അത്തരം സൗകര്യങ്ങളിലൂടെ കമ്പനി പേയ്മെന്റ് സ്വീകരിക്കണം.

b) ഷെഡ്യൂളിൽ സൂചിപ്പിച്ചിരിക്കുന്നത് പ്രകാരം പോസ്റ്റ് ഡേറ്റഡ് ചെക്കുകൾ/ ഇ.സി.എസ് മാൻഡേറ്റുകൾ ബോറോവർ കമ്പനിക്ക് നൽകേണ്ടതാണ്. അത്തരത്തിലുള്ള പോസ്റ്റ് ഡേറ്റഡ് ചെക്കുകളുടെ അല്ലെങ്കിൽ മാൻഡേറ്റുകളുടെ സമർപ്പണം, കമ്പനിക്ക് ബോറോവർ നിരുപാധികവും തിരിച്ചെടുക്കാനാവാത്തതുമായ ഒരു അധികാരപ്പെടുത്തലായി കണക്കാക്കുകയും, ചെക്കുകൾ/മാൻഡേറ്റുകൾ ആദ്യ പ്രസന്റേഷനിൽ തന്നെ മാനിക്കപ്പെടുന്നതാണെന്ന് ബോറോവർ ഉറപ്പു നല്കുകയും ചെയ്യുന്നു. ചെക്ക്(ക്കുകൾ)/മാൻഡേറ്റ്(റ്റുകൾ) ഏതെങ്കിലും കാരണത്താൽ പ്രസന്റ് ചെയ്യാതിരിക്കുന്നത്, ഈ കരാറിനു കീഴിൽ ഡ്യൂ ആകുന്നതും അടയ്ക്കേണ്ടതുമായ പ്രതിമാസ തവണകൾ അടയ്ക്കുന്നതിനുള്ള ബോറോവറുടെ ബാദ്ധ്യതയെ ബാധിക്കുന്നതല്ല.

c) ഏതെങ്കിലും പി.ഡി.സികളുടെ/ഇ.സി.എസിന്റെ പ്രസന്റേഷനു മുമ്പായി ബോറോവർക്ക് കമ്പനി നോട്ടീസോ, ഓർമ്മക്കുറിപ്പോ അറിയിപ്പോ നല്കുന്നതല്ല എന്ന് ബോറോവർ അംഗീകരിക്കുന്നു..

d) ആർട്ടിക്കിൾ 7 (എ) അനുസരിച്ച് ബോറോവർ ഡെലിവർ ചെയ്തിട്ടുള്ള പി.ഡി.സികൾ/ഇ.സി.എസുകൾ എല്ലാമോ അവയിൽ ഏതെങ്കിലുമോ,

   i. കമ്പനിയുടെ കസ്റ്റഡിയിലായിരിക്കുന്ന സമയത്ത് നഷ്ടപ്പെടുകയോ, നശിപ്പിക്കപ്പെടുകയോ കാണാതാവുകയോ അല്ലെങ്കിൽ

   ii. ഏതെങ്കിലും കാരണങ്ങളാൽ എൻക്യാഷ് ചെയ്യാൻ സാധിക്കാത്തതാവുകയോ ചെയ്യുകയാണെങ്കിൽ, കമ്പനിയിൽ നിന്നുള്ള അത്തരം നഷ്ടപ്പടലിനെ,

കോബോറോവർ(മാർ)

ബോറോവർ(മാർ)

നശിപ്പിക്കപ്പെടലിനെ അല്ലെങ്കിൽ കാണാതായതിനെ കുറിച്ചുള്ള (ഏതാണോ അത്) വിവരം സംബന്ധിച്ച് കമ്പനിയിൽ നിന്നുള്ള അറിയിപ്പ് ലഭിക്കുമ്പോൾ അല്ലെങ്കിൽ ഏതെങ്കിലും കാരണങ്ങളാൽ എൻക്യാഷ് ചെയ്യാൻ സാധിക്കാത്തതായ ഉടനെ ബാറോവർ, അത്തരത്തിൽ നഷ്ടപ്പടമായ, നശിപ്പിക്കപ്പെട്ട, കാണാതായ അല്ലെങ്കിൽ എൻക്യാഷ് ചെയ്യാൻ സാധിക്കാത്തതായവയ്ക്ക് പകരം വയ്ക്കാൻ പര്യാപ്തമാവുന്ന എണ്ണം ചെക്കുകൾ കമ്പനിക്ക് ഡെലിവർ ചെയ്യുകയോ അല്ലെങ്കിൽ വായ്പയുടെ തിരിച്ചടവിന് കമ്പനിക്ക് സ്വീകാര്യമായതും കമ്പനി അംഗീകരിച്ചതുമായ ഉചിതമായ ബദൽ ക്രമീകരണം നടത്തുകയോ ചെയ്യേണ്ടതാണ്.

e) ഏതെങ്കിലും ചെക്കുകൾ ഏതെങ്കിലും കാരണത്താൽ പ്രസന്റ് ചെയ്യാതിരിക്കുന്നത്, വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള ബോറോവറുടെ ബാദ്ധ്യതയെ ബാധിക്കുന്നതല്ല എന്ന് ബോറോവർ സമ്മതിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നു. ഏത കാരണത്താലായാലുമുള്ള എൻക്യാഷ്മെന്റിലെ കാലതാമസത്തിന്, വിട്ടുപോകലിന് അല്ലെങ്കിൽ അശ്രദ്ധയ്ക്ക്, അല്ലെങ്കിൽ (ഇതിലെ നിബന്ധനകൾ പ്രകാരം ബോറോവർ കമ്പനിക്ക് ഇതിനോടകം നല്കിയിട്ടുള്ള) ഏതെങ്കിലും ചെക്കിന്റെ/ക്കുകളുടെ കേടുപാടിന് അല്ലെങ്കിൽ നഷ്ടപ്പടലിന് കമ്പനിക്ക് ഒരു തരത്തിലും ഉത്തരവാദിത്തമുണ്ടായിരിക്കുന്നതല്ല.

f) ആവശ്യമെങ്കിൽ, ബോറോവർക്ക്, കമ്പനിയുടെ അനുവാദത്തിനു വിധേയമായി, ഇഷ്യു ചെയ്തിട്ടുള്ളതും ഒരു ബാങ്കിൽ ഡ്രോ ചെയ്തിട്ടുള്ളതുമായ ചെക്കുകൾ, ഓരോ റീപ്ലേസ്മെന്റിനും ഷെഡ്യൂളിൽ വ്യക്തമാക്കിയിരിക്കുന്ന ഒരു തുക കമ്പനിക്ക് സ്വാപ്പ് ചാർജുകളായി അടച്ച് മറ്റൊരു ബാങ്കിന്റേതാക്കി സ്വാപ്പ്/ഇന്റർചേഞ്ച് ചെയ്യാനാവുന്നതാണ്.

g) ഈ കരാറിനു കീഴിൽ കൂടാതെ/അല്ലെങ്കിൽ നിലവിലുള്ള നിയമത്തിനു കീഴിൽ കമ്പനിക്കുണ്ടാകാവുന്ന മറ്റേതെങ്കിലും അവകാശങ്ങൾക്ക് കൂടാതെ/അല്ലെങ്കിൽ പരിഹാരങ്ങൾക്ക് ഹാനികരമാകാതെ, ഓരോ പി.ഡി.സി.യുടെയും പണമില്ലാത്തതുമൂലമുള്ള മടക്കത്തിന് ഷെഡ്യൂളിൽ വ്യക്തമാക്കിയിരിക്കുന്ന നിരക്കിൽ ചെക്ക് ഡിസ്ഹോണർ ചാർജ് അടയ്ക്കാൻ ബോറോവർ ബാദ്ധ്യസ്ഥമായിരിക്കുന്നതാണ്.

ഇ.സി.എസ്/ഡി.ഡിയുടെ ഓരോ പ്രസന്റേഷന്റെയും തീയതിക്കു തൊട്ടുമുമ്പുള്ള തീയതി വരെ വായ്പയിന്മേലുള്ള പലിശ എന്ന് അർത്ഥമാകുന്നതാണ്. ചെക്ക് പണമില്ലാത്ത കാരണത്താൽ മടങ്ങുന്നതിനു മേൽ ചാർജ് ഈടാക്കുന്നത്, കാലാകാലങ്ങളിൽ ഭേദഗതി ചെയ്യപ്പെടുന്നതും പ്രാബല്യത്തിലുള്ളതുമായ വിധത്തിൽ 1881 ലെ നെഗോഷ്യബിൽ ഇൻസ്ട്രുമെന്റ് ആക്ടിനും മറ്റ് പ്രസക്തമായ നിയമങ്ങൾക്കും കീഴിൽ കമ്പനിക്കുള്ള അവകാശങ്ങളെ ഹനിക്കുന്നതല്ല.

h) പണമടവുകൾ ഔട്ട്സ്റ്റേഷൻ ചെക്കുകളായി നല്കുന്നിടത്ത്, കാലാകാലങ്ങളിൽ കമ്പനിയുടെ വിവേചനാധികാരമനുസരിച്ചുള്ള പുതുക്കലുകൾക്കു വിധേയമായി ഷെഡ്യൂളിൽ പ്രസ്താവിച്ചിരിക്കുന്ന പ്രകാരം ചെക്ക് കളക്ഷൻ ചാർജുകൾ അടയ്ക്കുവാൻ ബോറോവർ ബാധ്യസ്ഥനായിരിക്കും.

കോബോറോവർ(മാർ)

ബോറോവർ(മാർ)

i) ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന ചാർജുകൾ കമ്പനിയുടെ മാത്രം വിവേചനാധികാരപ്രകാരം മാറ്റങ്ങൾക്കു വിധേയമായിരിക്കുന്നതാണ്.

j) വായ്പയോ അദ്ദേഹത്തിന്റെ ബാധ്യതയുടെ ഏതെങ്കിലും ഭാഗമോ ഡ്യൂ ആയിരിക്കുകയോ ബാക്കിനില്ക്കുകയോ ചെയ്യുന്നിടത്തോളം പി.ഡി.സി./എസിഎച്ച് അല്ലെങ്കിൽ ഇസിഎസ് മാൻഡേറ്റുകളെ സംബന്ധിച്ച് റദ്ദു ചെയ്യുന്നതിനോ സ്റ്റോപ് പേയ്മെന്റ് നിർദ്ദേശം നല്കുന്നതിനോ ബോറോവർക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ലാത്തതും അത്തരത്തിലുള്ള ഏത് പ്രവർത്തികളും ചതിക്കണമെന്നും 1881ലെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ടിനു കീഴിലുള്ള പ്രോസിക്യൂഷൻ ഒഴിവാക്കണമെന്നുള്ള ഉദ്ദേശ്യത്തോടെ ചെയ്തതാണെന്ന് കണക്കാക്കുന്നതും കമ്പനിക്ക് ബോറോവർക്കെതിരായി ഉചിതമായ ക്രിമിനൽ നടപടികൾ ആരംഭിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതുമാണ്.

k) ഈ കരാറിന്റെ നിബന്ധനകൾക്കനുസരിച്ച് കാലാവധി പൂർത്തിയാകുന്നതിനു വായ്പ മുൻകൂട്ടി ക്ലോസു ചെയ്യുമ്പോൾ, അപേക്ഷ നല്കി 60 ദിവസങ്ങൾക്കുള്ളിൽ കമ്പനിയിൽ കിടക്കുന്ന പി.ഡി.സി.കൾ ബോറോവർ ശേഖരിക്കേണ്ടതും, അതിൽ പരാജപ്പെടുന്ന പക്ഷം ബോറോവറിൽ നിന്നുള്ള കൂടുതൽ ആവശ്യപ്പെടൽ കൂടാതെ കമ്പനിക്ക് അത് നശിപ്പിക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതുമാണ്.

**8. ഈട്:**

a) കമ്പനി ബോറോവർക്ക് ലോൺ സൗകര്യം നല്കുന്നതിന് അല്ലെങ്കിൽ നല്കുന്നതിന് സമ്മതിക്കുന്നതിനു പ്രതിഫലമായി, എല്ലാ പലിശയും, ലികിഡേറ്റഡ് ഡാമേജുകളും, വിലകളും, ചാർജുകളും, ചെലവുകളും, ഈ കരാറിനു കീഴിലോ അല്ലാതെയോ ഇനിമേൽ ബോറോവർ കമ്പനിക്ക് അടയ്ക്കേണ്ടതും ഡ്യൂ ആകുന്നതുമായ മറ്റെല്ലാ പണവും ചേർത്ത് വായ്പാ തുക (പ്രസതുത ഡ്യൂസ്) തിരിച്ചുപിടിക്കുന്നതിന് പര്യാപ്തമെന്ന് കമ്പനിക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ള, ഈടായി നല്കിയിട്ടുള്ള വസ്തുവിന്മേൽ (ഇതിനു കീഴിൽ എഴുതിയിട്ടുള്ള ഷെഡ്യൂളിൽ സൂചിപ്പിച്ചിട്ടുള്ള) എക്സ്ക്ലൂസീവ് ഫസ്റ്റ് ചാർജ് സൃഷ്ടിക്കുന്നതിന് ബോറോവർ ഇതിനാൽ സമ്മതിക്കുന്നു

b) ബോറോവർ എല്ലാ രേഖകളും ആധാരങ്ങളും എഴുത്തുകളും, കമ്പനി നിർദ്ദേശിക്കുന്ന രൂപത്തിലും പ്രകാരത്തിലുമുള്ള ഒരു പ്രോമിസ്സറി നോട്ട് ഉൾപ്പെടെ കമ്പനി ആവശ്യപ്പെടുന്ന കൂടുതലായ മറ്റ് ഈടുകളും എക്സിക്യൂട്ട് ചെയ്യേണ്ടതാണ്. കൂടാതെ, ആസ്തിയുമായി ബന്ധപ്പെട്ട ഏതെങ്കിലും ഈട് തല്ക്കാലം നിലവിലുള്ള ഏതെങ്കിലും നിയമപ്രകാരം രജിസ്റ്റർ ചെയ്യേണ്ട ആവശ്യമുള്ളയിടത്ത്, ഈട് സൃഷ്ടിച്ച് 10 ദിവസങ്ങൾക്കകം ബോറോവർ അത് ഉചിതമായ രജിസ്റ്ററിംഗ് അധികാരിക്കു മുന്നിൽ രജിസ്റ്റർ ചെയ്യേണ്ടതും യഥാർത്ഥ ഈടു രേഖകൾ കമ്പനിക്ക് സമർപ്പിക്കേണ്ടതുമാണ്.

c) നല്കിയിട്ടുള്ള എല്ലാ ഈടുകളും കമ്പനിക്ക് തുടരുന്ന ഒരു ഈടായി നിലനില്ക്കുമെന്നും ബോറോവർ അതിന് ബാധ്യസ്ഥമായിരിക്കുമെന്നും സമ്മതിച്ചിട്ടുണ്ട്;

   i. ബോറോവർ ഇടയ്ക്കു പണമടയ്ക്കുന്നതിലൂടെയോ ബോറോവർ അക്കൗണ്ട് സെറ്റിൽ ചെയ്യുന്നതിലൂടെയോ**ഈട് റിലീസ് ചെയ്യപ്പെടുന്നില്ല**;

ii. അതുകൂടാതെയും ഡ്യൂസിനു പകരമായി കമ്പനി ഏതെങ്കിലും സമയത്ത് കൈവശം വയ്ക്കുന്ന മറ്റേതെങ്കിലും ഈടിനു പകരമായല്ലാതെയും;

iii. എല്ലാ ഡ്യൂകളും അടയ്ക്കുകയും ഈടുകൾ കമ്പനി വ്യക്തമായി സ്വതന്ത്രമാക്കുകയും ചെയ്യുന്നതു വരെ കമ്പനിക്ക് ലഭ്യമായിരിക്കണം;

iv. പറഞ്ഞ ഡ്യൂകൾ സുരക്ഷിതമാക്കുന്നതിന് കാലാകാലങ്ങളിൽ കമ്പനി ആവശ്യപ്പെടുന്ന ഇത്തരത്തിലുള്ള അധിക ഈട് സൃഷ്ടിക്കുമെന്നും കൂടാതെ / അല്ലെങ്കിൽ സൃഷ്ടിക്കപ്പെടുവാൻ കാരണമാകുമെന്നും ബോറോവർ ഉറപ്പു നല്കുന്നു. മുകളിൽ പറഞ്ഞിരിക്കുന്നത് പൊതുവായി ബാധകമായിരിക്കുന്നതിനു ഹാനികരമല്ലാതെ, (എ) ഈടിന്റെ വിപണി മൂല്യത്തേക്കാൾ അല്ലെങ്കിൽ മറ്റുവിധത്തിൽ കമ്പനിയുടെ മാർജിൻ ആവശ്യകതകളനുസരിച്ച്, ഡ്യൂസ് കൂടുതലാവുകയാണെങ്കിൽ; കൂടാതെ (ബി) ഏതെങ്കിലും ഈടിന്റെ ഉടമസ്ഥാവകാശം വ്യക്തമല്ലാതിരിക്കുകയോ, വിപണനം ചെയ്യപ്പെടാനാവാതിരിക്കുകയോ കമ്പനിയുടെ അഭിപ്രായത്തിൽ ബാദ്ധ്യകളുള്ളതായിരിക്കുകയോ അല്ലെങ്കിൽ മറ്റേതെങ്കിലും വിധത്തിൽ ഈടിന്റെ മൂല്യത്തെ ബാധിച്ചിരിക്കുകയോ ചെയ്തിരിക്കുന്നതിനാൽ കമ്പനിക്ക് ലഭ്യമാക്കിയിരിക്കുന്ന ഏതെങ്കിലും ഈടിന്റെ നാശമോ, കേടുപാടോ, തേയ്മാനമോ, മൂല്യത്തിൽ വീഴ്ച്ചയോ സംഭവിക്കുകയാണെങ്കിൽ, ബോറോവർ അധിക ഈട് സൃഷ്ടിക്കേണ്ടതാണ്.

d) മറ്റേതെങ്കിലും പ്രമാണങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നതായ കമ്പനിയുടെ അവകാശങ്ങൾക്കു ഹാനികരമാകാതെ, ഈ കരാറിന്റെ ആർട്ടിക്കിൾ 10 നു കീഴിൽ വ്യക്തമാക്കിയിട്ടുള്ള ഏതെങ്കിലും വീഴ്ച്ച സംഭവിക്കുകയോ, അല്ലെങ്കിൽ അനുമതി കത്തിലെ നിബന്ധനകളുടെ ഏതെങ്കിലും ലംഘനം നടക്കുമ്പോൾ,കരാർ പ്രകാരം ബോറോവർ അടക്കേണ്ട മുഴുവൻ തുകയും ബോറോവർ നല്കിയിരിക്കുന്ന ഈടുകളിൽ ഏതും, കമ്പനിക്ക് ശരിയും ഉചിതവുമെന്നു തോന്നുന്ന ഏതു ക്രമത്തിലും, ലികിഡേറ്റ് ചെയ്യാനും വായ്പ തീർപ്പാക്കലിലേക്ക് വകയിരുത്താനും കമ്പനിക്ക് പരിപൂർണ്ണ വിവേചനം ഉണ്ടായിരിക്കുന്നതാണ്.

e) ഈ കരാറിന്റെ ആർട്ടിക്കിൾ 10 നു കീഴിൽ പറഞ്ഞിരിക്കുന്ന തരത്തിലുള്ള എന്തെങ്കിലും വീഴ്ച സംഭവിക്കുകയോ അനുമതി കത്തിലെ നിബന്ധനകൾ ലംഘിക്കുകയോ ചെയ്യുന്ന പക്ഷം, കമ്പനി ഏതു സമയത്തും ഉചിതമായ നടപടി എടുക്കുകയും ബോറോവർക്കോ ജാമ്യക്കാരനോ എതിരായി ശരിയും ഉചിതവുമെന്ന് തോന്നുന്ന ഏതു ക്രമത്തിലും മുന്നോട്ടു പോകുകയും ചെയ്തേക്കാവുന്നതാണ്.

f) ഈട് നിർബന്ധിതമായി നടപ്പിലാക്കുന്നപക്ഷം, വസൂലാക്കപ്പെട്ട തുകയിലുള്ള ഏതെങ്കിലും നഷ്ടത്തിനോ കുറവിനോ കമ്പനിക്ക് ബാധ്യതയില്ലാത്തതും ആസ്തിയുടെ മൂല്യത്തിൽ വരുന്ന എന്തെങ്കിലും തരത്തിലുള്ള കുറവിന് കമ്പനി ഉത്തരം നല്കേണ്ടതില്ലാത്തതും ആയിരിക്കും. കമ്പനി അത്തരം വില്പന നടത്തുന്നത് ബോറോവറോട് യാതൊരു കണക്കുബോധിപ്പിക്കലും കൂടാതെയായിരിക്കുന്നതും നഷ്ടത്തിനോ/ നാശത്തിനോ/ കമ്പനി അവകാശങ്ങൾ പ്രയോഗിച്ചതു മൂലം / പ്രയോഗിക്കാത്തതു മൂലം ആസ്തിയുടെ മൂല്യത്തിൽ വന്ന കുറവിനോ കമ്പനിക്ക്

ബാധ്യതയില്ലാത്തതും കൂടുതൽ വലിയ ഒരു തുക കിട്ടേണ്ടതായിരുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ഈ കരാർ പ്രകാരം ബാക്കിയുള്ള അയാളുടെ ബാധ്യതയെക്കുറിച്ച് തർക്കമുന്നയിക്കുന്നതിനോ കമ്പനിക്കെതിരായി എന്തെങ്കിലും അവകാശവാദം ഉയർത്തുന്നതിനോ ബോറോവർക്ക് അവകാശമില്ലാത്തതും ആയിരിക്കും. വായ്പ തുകക്കും അതിന്മേലുള്ള പലിശക്കും ഉള്ള ഈടെന്ന നിലയിൽ കമ്പനിക്ക് നടപ്പിലാക്കുവാൻ പറ്റുന്ന വിധത്തിൽ കമ്പനിക്കനുകൂലമായി ബോറോവർ ഒരു ഡിമാന്റ് പ്രോമിസ്സറി നോട്ടും എക്സിക്യൂട്ട് ചെയ്തിട്ടുണ്ട്.

g) ഈ കരാറിന് അല്ലെങ്കിൽ കമ്പനിയുമായി ബോറോവർക്കുള്ള മറ്റേതെങ്കിലും കരാറിന് കീഴിലുള്ള ഡ്യൂ ആയിട്ടുള്ള എല്ലാ തുകകളും അതിന്റെ പലിശയും, അധിക പലിശയും, ചെലവുകളും, ചാർജുകളും ഇതിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ പ്രകാരം ബാധകമായേക്കാവുന്നതും അടയ്ക്കേണ്ടതുമായതുകകളുൾപ്പെടെയുള്ള എല്ലാ തുകകളും ബോറോവർ അടയ്ക്കുകയും ഇവിടെ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ഈട് ഡിസ്ചാർജ് ചെയ്യുന്ന ഒരു സർട്ടിഫിക്കറ്റ് കമ്പനി പുറപ്പെടുവിക്കുകയും ചെയ്യുന്നതു വരെ ആസ്തിയുടെ മേലുള്ള ചാർജ് ബാധകമായതും പ്രാബല്യത്തിലുള്ളതും ആയിരിക്കുന്നതാണ്.

h) ബോറോവറുടെ മരണംകൊണ്ടോ, പാപ്പരാവുന്നതുകൊണ്ടോ, ക്രെഡിറ്റർമാരുമായുള്ള ക്രമീകരണംകൊണ്ടോ, ശാരീരികമോ മാനസികമോ ആയ വൈകല്യംകൊണ്ടോ, അവസാനിപ്പിക്കുന്നതു (സ്വമേധയായോ അല്ലാതെയോ) കൊണ്ടോ ലയിപ്പിക്കലോ ഏകീകരണമോ കൊണ്ടോ, പുനഃസൃഷ്ടിക്കൽകൊണ്ടോ, മാനേജ്മെന്റിന്റെ ഏറ്റെടുക്കൽ കൊണ്ടോ, ബോറോവറെ പിരിച്ചു വിടുന്നതുകൊണ്ടോ ദേശസാത്ക്കരിക്കുന്നതുകൊണ്ടോ (സാഹചര്യമനുസരിച്ച്) പണയം ബാധിക്കപ്പെടുകയോ, അതിനു കോട്ടമുണ്ടാവുകയോ, മോചിക്കപ്പെടുകയോ ചെയ്യുന്നതല്ല.

i) ഈടായോ, ഉറപ്പായോ, മറ്റേതെങ്കിലും തരത്തിലുള്ള ഈടായോ ആസ്തി വാഗ്ദാനം ചെയ്തിട്ടുണ്ടെന്നാലും, ഈ കരാർ പ്രകാരം കമ്പനിക്കു അടയ്ക്കുവാനുള്ള മുഴുവൻ തുകക്കും അവർ എല്ലായ്പ്പോഴും വ്യക്തിപരമായി ബാധ്യസ്ഥരായി തുടരുമെന്നും കമ്പനിക്ക് മറ്റേതു അവകാശങ്ങളോ പരിഹാരങ്ങളോ ലഭ്യമാണെങ്കിലും അത് അവർക്കും അവരുടെ എസ്റ്റേറ്റിനും വസ്തുവകകൾക്കും എതിരെ നടപ്പിലാക്കാവുന്നതാണെന്നും ബോറോവർ സമ്മതിക്കുകയും ഉറപ്പു നല്കുകയും ചെയ്യുന്നു.

j) ബോറോവർ ഒരു കമ്പനിയാണെങ്കിൽ, പണയം ഉണ്ടെന്നിരിക്കിലും ബോറോവർ / ആസ്തിയുടെ ഉടമ ഈടുകളുടെ മേൽ, അതിലുള്ള മാറ്റങ്ങൾക്ക് ഉൾപ്പെടെ, ചാർജ് സൃഷ്ടിക്കുന്നതിന് രജിസ്ട്രാർ ഓഫ് കമ്പനീസിന്റെ പക്കൽ ഫോം സി.എച്ച്.ജി.-1 ഫയൽ ചെയ്യുമെന്ന് ബോറോവർ സമ്മതിക്കുകയും ഉറപ്പു നല്കുകയും ചെയ്യുന്നു.

k) കമ്പനിയുമായി ബോറോവർക്കുള്ള മറ്റേതെങ്കിലും കരാറിനു കീഴിൽ എന്തെങ്കിലും ബാധ്യത ഉണ്ടാകുന്നപക്ഷം, ഷെഡ്യൂൾ സൂചിത ആസ്തിയുടെ മേൽ കമ്പനിക്ക് ഒരു തുടരുന്ന ചാർജ് ഉണ്ടായിരിക്കുന്നതാണെന്ന് ബോറോവർ സമ്മതിക്കുകയും ഉറപ്പു നല്കുകയും ചെയ്യുന്നു. കൂടാതെ ബോറോവർ കമ്പനിയുമായി ഉണ്ടാക്കിയിട്ടുള്ള

നിലവിലുള്ള എല്ലാ കരാറുകളുടെയും ഷെഡ്യൂൾ സൂചിത ആസ്തിയുടെ മേൽ കമ്പനിക്ക് ഒരു ചാർജും നടപ്പിലാക്കുന്നതിനുള്ള അവകാശവും തുടർന്നും ഉണ്ടായിരിക്കുന്നതാണെന്നും ബോറോവർ സമ്മതിക്കുകയും ഉറപ്പു നല്കുകയും ചെയ്യുന്നു.

**9. വായ്പയിൽ മാറ്റം വരുത്തുന്നതും റീ-ഷെഡ്യൂൾ ചെയ്യുന്നതും:**

a) കമ്പനി അതിന്റെ മാത്രം വിവേചനാധികാരത്തിൽ, വായ്പാ സൗകര്യം അതിനു ഉചിതമെന്നു തോന്നുന്ന കൂടുതൽ കാലയളവുകളിലേക്കും, നിബന്ധനകളോടും വ്യവസ്ഥകളോടും കൂടി നീട്ടുന്നത് പുനഃപരിശോധിക്കുകയും പുതുക്കുകയും ചെയ്യുന്നതിനുള്ള അവകാശം ബാധ്യതകളില്ലാതെ നിലനിർത്തുന്നതാണ്.

b) കമ്പനി സ്വയമോ, ബോറോവറുടെ അഭ്യർത്ഥന പ്രകാരമോ, അതിനു ഉചിതമെന്നു തോന്നുന്നപക്ഷം, ബോറോവറുടെ രേഖാമൂലമുള്ള സമ്മതത്തോടു കൂടി, അതു തീരുമാനിക്കുന്ന വിധത്തിലും അത്തരം വ്യാപ്തിയിലും തവണകളിൽ മാറ്റം വരുത്തുകയോ റീഷെഡ്യൂൾ ചെയ്യുകയോ ചെയ്യാവുന്നതും, അതേത്തുടർന്ന് ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്നത് എന്തുതന്നെ ആയിരുന്നാലും മേല്പറഞ്ഞ മാറ്റത്തിനും റീഷെഡ്യൂളിംഗിനും അനുസരണമായി ബോറോവർ തിരിച്ചടവ് നടത്തേണ്ടതുമാണ്. പുതുക്കിയ ഘടനയനുസരിച്ചുള്ള പോസ്റ്റ് ഡേറ്റഡ് ചെക്കുകൾ /ഇ.സി.എസ്.അല്ലെങ്കിൽ എസിഎച്ച് മാൻഡേറ്റുകൾ നല്കുന്നതുൾപ്പെടെ പുതുക്കലിന് ആവശ്യമായ കാര്യങ്ങൾ ബോറോവർ അനുവർത്തിക്കേണ്ടതാണ്.

c) ബോറോവറുടെ തൃപ്തികരമായ വായ്പാ തിരിച്ചടവു ട്രാക്ക് റെക്കോർഡിനെ അടിസ്ഥാനമാക്കി, കമ്പനിക്ക് അതിന്റെ മാത്രം വിവേചനാധികാരം ഉപയോഗിച്ച്, ഇതിൻ പ്രകാരം അനുവദിച്ചിട്ടുള്ള വായ്പയ്ക്ക് ഉപരിയായോ അധികമായോ അധിക വായ്പകൾ അനുവദിക്കാവുന്നതാണ്. സമയാസമയങ്ങളിലെ കമ്പനിയുടെ നിലവിലുള്ള ക്രെഡിറ്റ് നിയമങ്ങൾ അനുസരിച്ച് കമ്പനി വ്യവസ്ഥ ചെയ്യുന്ന രേഖകൾ എക്സിക്യൂട്ട് ചെയ്യുമ്പോൾ മാത്രമേ ഈ അധിക വായ്പകൾ അനുവദിക്കപ്പെടുകയുള്ളൂ. ഈ വകുപ്പിന്റെ അടിസ്ഥാനത്തിൽ ഈ അധിക വായ്പകൾക്ക് അവകാശവാദം ഉന്നയിക്കുന്നതിന് ബോറോവർക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല.

**10. ഇവന്റ്സ് ഓഫ് ഡിഫോൾട്ട് (പിഴവിന്റെ സംഭവങ്ങൾ):**

ഇനി പറയുന്ന ഏതു സംഭവവും ഒരു "ഇവന്റ് ഓഫ് ഡിഫോൾട്ട്" ആണ്:-

a) മുതലോ പലിശയോ ബോറോവറിന് കമ്പനിയോടുള്ള ഏതെങ്കിലും ബാധ്യതയോ അതിന്റെ അടവിൽ ബോറോവർ എന്തെങ്കിലും പിഴവ് വരുത്തുകയാണെങ്കിൽ അല്ലെങ്കിൽ ജാമ്യക്കാരന് കമ്പനിയോടുള്ള അയാളുടെ ബാധ്യതകളിൽ പിഴവ് വരികയാണെങ്കിൽ;

b) കമ്പനിയുടെ കണക്കാക്കലിൽ മൂല്യത്തിലോ / സ്വഭാവത്തിലോ ആസ്തി തൃപ്തികരമല്ലാതെ ആകുവാൻ കാരണമാകുന്ന വിധത്തിൽ ആസ്തിയുടെയോ അതിന്റെ ഏതെങ്കിലും ഭാഗത്തിന്റെയോ വിപണി വിലയിൽ എന്തെങ്കിലും അധഃപതനമോ, മാറ്റം

കോബോറോവർ(മാർ)

ബോറോവർ(മാർ)

വരുത്തലോ, ഇടിവോ (യഥാർത്ഥത്തിലുള്ളതോ ന്യായമായും പ്രതീക്ഷിക്കാവുന്നതോ) ഉണ്ടെങ്കിൽ;

c) കമ്പനിയുടെ അഭിപ്രായത്തിൽ, അങ്ങനെ വാഗ്ദാനം ചെയ്തിരിക്കുന്ന ആസ്തിയെ സംബന്ധിക്കുന്നതും ആസ്തിയുടെ മൂല്യനിർണ്ണയത്തിൽ (കമ്പനിക്ക് സമ്പൂർണ്ണമായ വിവേചനാധികാരം ഉണ്ടായിരിക്കുന്ന നിർണ്ണയത്തിൽ) ഒരു പ്രഭാവമോ കോട്ടമോ ചെലുത്തുന്ന, നിലവിലുള്ള ചാർജുകൾ, വ്യതിചലനങ്ങൾ, തീർപ്പാക്കാത്ത വ്യവഹാരം, കടന്നുകയറ്റം, എന്തെങ്കിലും ബാധ്യതകൾ, ആദിയായവ ഉൾപ്പെടെ, എന്നാൽ അതിൽ മാത്രം ഒതുങ്ങാത്ത എന്തിനെയെങ്കിലും കുറിച്ചുള്ള നിർണ്ണായകമായ വിവരം ബോറോവർ പിടിച്ചുവച്ചിട്ടുണ്ടെങ്കിൽ

d) ബോറോവർ / ആസ്തിയുടെ ഉടമ, കമ്പനിയുടെ രേഖാമൂലമുള്ള സ്പഷ്ടമായ അനുവാദം കൂടാതെ പണയം വച്ച വസ്തു വില്ക്കുകയോ, അതിന്റെ മേൽ ബാധ്യത സൃഷ്ടിക്കുകയോ, കൈമാറ്റം ചെയ്യുകയോ അല്ലെങ്കിൽ വില്ക്കുവാനോ, അതിന്റെ മേൽ ബാധ്യത സൃഷ്ടിക്കുവാനോ കൈമാറ്റം ചെയ്യുവാനോ, ശ്രമിക്കുകയാണെങ്കിൽ; അല്ലെങ്കിൽ

e) ബോറോവർ / ആസ്തിയുടെ (കളുടെ) ഉടമയ്ക്കെതിരെ ഏതെങ്കിലും ജപ്തിയോ, വിപത്തോ, എക്സിക്യൂഷനോ മറ്റെന്തെങ്കിലും നടപടിയോ ഉണ്ടെങ്കിൽ;

f) (ബോറോവർ ശമ്പളം പറ്റുന്ന ഒരു ജീവനക്കാരനാണെങ്കിൽ) വിരമിക്കൽ തീയതിക്കു മുമ്പ് രാജിവയ്ക്കുകയോ വിരമിക്കുകയോ ചെയ്യുകയാണെങ്കിൽ ആനുകൂല്യങ്ങൾ പ്രദാനം ചെയ്യുന്നതായ ഏതെങ്കിലും പദ്ധതി തെരഞ്ഞെടുക്കുകയോ അല്ലെങ്കിൽ അതിനുള്ള തൊവിൽദാതാവിൽ നിന്നുള്ള വാഗ്ദാനം സ്വീകരിക്കുകയോ ചെയ്യുകയാണെങ്കിൽ, അല്ലെങ്കിൽ ഏതെങ്കിലും കാരണം കൊണ്ട് തൊഴിൽ ദാതാവ് ബോറോവറെ ജോലിയിൽ നിന്ന് പിരിച്ചു വിട്ടാലോ, എന്തു കാരണത്താലെങ്കിലും ബോറോവർ അദ്ദേഹത്തിന്റെ തൊഴിൽ ദാതാവിന്റെ സേവനത്തിൽ നിന്ന് രാജി വക്കുകയോ വിരമിക്കുകയോ ചെയ്താലോ;

g) പാപ്പരായി പ്രഖ്യാപിക്കപ്പെടുക, സ്വമേധയായോ അല്ലാതെയോ വൈൻഡ് അപ് ചെയ്യുക, ബിസിനസ്സിലുള്ള പരാജയം, പാപ്പരത്തത്തിന്റെ ഒരു പ്രവൃത്തി ചെയ്യുക, ബോറോവറുടെ / ആസ്തിയുടെ ഉടമയുടെ ക്രെഡിറ്റർമാരുടെ നേട്ടത്തിനായുള്ള ജനറൽ അസൈൻമെന്റ്, അല്ലെങ്കിൽ ബോറോവർ / ആസ്തിയുടെ ഉടമ ഏതെങ്കിലും ക്രെഡിറ്റർമാർക്കുള്ള അടവ് നിർത്തിവക്കുകയോ അങ്ങനെ ചെയ്യുമെന്ന് ഭീഷണിപ്പെടുത്തുകയോ ചെയ്യുക, ബോറോവർക്കോ / ആസ്തിയുടെ ഉടമയ്ക്കോ എതിരായി **സ്വമേധയാ**പാപ്പരത്തത്തിന്റെ എന്തെങ്കിലും അന്യായം ഫയൽ ചെയ്യുകയോ ബോറോവർ / ആസ്തിയുടെ ഉടമ വൈൻഡ് അപ് ചെയ്യുന്നതിനുള്ള എന്തെങ്കിലും പെറ്റീഷൻ ഫയൽ ചെയ്യുകയോ ചെയ്യുകയും സ്വീകരിച്ച് 30 ദിവസങ്ങൾക്കുള്ളിൽ പിൻവലിക്കാതിരിക്കുകയും ചെയ്യുക;

h) കമ്പനിയുടെ രേഖാമൂലമുള്ള മുൻകൂർ അംഗീകാരം കൂടാതെ സംയോജനത്തിനോ പുനഃസംഘടനക്കോ വേണ്ടി ബോറോവർ (ഒരു കമ്പനി ആയിരിക്കുന്നതുകൊണ്ട്) ലിക്വിഡേഷന് പോവുകയാണെങ്കിൽ;

കോബോറോവർ(മാർ)

ബോറോവർ(മാർ)

i) ബോറോവറുടെ വസ്തുക്കൾ / ആസ്തികൾ മുഴുവനോ ഏതെങ്കിലും ഭാഗമോ സംബന്ധിച്ച് ഒരു റിസീവർ നിയമിക്കപ്പെട്ടാൽ അല്ലെങ്കിൽ ബോറോവറുടെ / ജാമ്യക്കാരന്റെ / ആസ്തിയുടെ ഉടമയുടെ ആസ്തികളുടെ മേൽ ഒരു ജപ്തിയോ കണ്ടുകെട്ടലോ ചുമത്തപ്പെട്ടാൽ;

j) ബോറോവർ അതിന്റെ ബിസിനസ്സ് നിർത്തുകയോ നിർത്തുമെന്ന് ഭീഷണിപ്പെടുത്തുകയോ ചെയ്യുന്നുവെങ്കിൽ;

k) ബോറോവറുടെ ബാധ്യതകൾ ബോറോവറുടെ ആസ്തികളേക്കാൾ അധികമാണെന്നോ ബോറോവർ ബിസിനസ്സ് നഷ്ടത്തിൽ നടത്തിക്കൊണ്ടു പോകുകയാണെന്നോ ഒരു അക്കൗണ്ടന്റോ കമ്പനി നിയോഗിച്ച ഒരു അക്കൗണ്ടന്റുകളുടെ സ്ഥാപനമോ (അതിന് കമ്പനിക്ക് അവകാശമുള്ളതും ഏതു സമയത്തും ചെയ്യുവാൻ ഇതിനാൽ അധികാരപ്പെടുത്തപ്പെട്ടതുമാകുന്നു) സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ;

l) കമ്പനിയുടെ താല്പര്യത്തെയോ ബോറോവർ നല്കിയ ഏതെങ്കിലും ഈടിനെയോ അതിന്റെ ഏതെങ്കിലും ഭാഗത്തെയോ പ്രതികൂലമായി ബാധിക്കുകയോ ബലഹീനമാക്കുകയോ വെട്ടിലാക്കുകയോ അപകടത്തിലാക്കുകയോ ചെയ്യുന്നതോ പ്രതികൂലമായി ബാധിക്കുകയോ ബലഹീനമാക്കുകയോ വെട്ടിലാക്കുകയോ അപകടത്തിലാക്കുകയോ ചെയ്യുവാൻ സാധ്യതയുള്ളതോ ആയ ഏതെങ്കിലും സാഹചര്യമോ സംഭവമോ ഉണ്ടായാൽ;

m) വായ്പയോ അതിന്റെ ഒരു ഭാഗമോ തിരിച്ചടക്കുന്നതിനുള്ള ബോറോവറുടെ പ്രാപ്തിയെ ദോഷകരമായി അല്ലെങ്കിൽ പ്രതികൂലമായി ബാധിക്കുന്നതോ അതിനു സാധ്യതയുള്ളതോ ആയ ഏതെങ്കിലും സാഹചര്യമോ സംഭവമോ ഉണ്ടായാൽ;

n) ഇവിടെ പറഞ്ഞിരിക്കുന്ന നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച് ബോറോവർ കമ്പനിക്കു നല്കിയ അല്ലെങ്കിൽ നല്കുവാനിരിക്കുന്ന പി.ഡി.സി.കളിൽ ഏതെങ്കിലും സമർപ്പിക്കുമ്പോൾ എന്തെങ്കിലും കാരണവശാൽ, അത് എന്തുതന്നെയായാലും, മാനിക്കപ്പെടുകയോ / എൻക്യാഷ് ചെയ്യപ്പെടുകയോ ചെയ്യാതെവന്നാൽ; അല്ലെങ്കിൽ എന്തെങ്കിലും കാരണവശാൽ, അത് എന്തുതന്നെയായാലും, ഏതെങ്കിലും പി.ഡി.സി.കൾ/എസിഎച്ചു അല്ലെങ്കിൽ ഇസിഎസ് മാൻഡേറ്റുകളുടെ അടക്കലിന് ബോറോവർ സ്റ്റോപ് പേയ്മെന്റ് നിർദ്ദേശം നല്കിയാൽ;

o) എന്തുദ്ദേശ്യത്തിനു വേണ്ടിയാണോ ബോറോവർ വായ്പയ്ക്ക് അപേക്ഷിക്കുകയും കമ്പനി വായ്പ അനുവദിക്കുകയും ചെയ്തത്, അതിനു വേണ്ടിയല്ലാത്ത എന്തെങ്കിലും ആവശ്യത്തിന് വായ്പയെ അതിന്റെ ഏതെങ്കിലും ഭാഗമോ ഉപയോഗിക്കപ്പെട്ടാൽ;

p) കമ്പനിയുടെ മുൻകൂട്ടിയുള്ള രേഖാമൂലമുള്ള അനുവാദം കൂടാതെ ബോറോവറുടെ ഘടനയിലോ മാനേജ്മെന്റിലോ കാതലായ എന്തെങ്കിലും മാറ്റം അല്ലെങ്കിൽ ബോറോവറുടെ പുനഃസംഘടന സംഭവിക്കുമ്പോൾ അല്ലെങ്കിൽ ബോറോവറുടെ മാനേജ്മെന്റിന് കമ്പനിയുടെ വിശ്വാസം നഷ്ടമാകുമ്പോൾ;

q) ബോറോവർ മറ്റേതെങ്കിലും വ്യക്തിയുമായുള്ള മറ്റേതെങ്കിലും വായ്പയുടെ / സൗകര്യത്തിന്റെ / ഏതെങ്കിലും കരാറിൽ ലംഘനം വരുത്തിയിരിക്കുകയാണെങ്കിൽ;

കോബോറോവർ(മാർ)

ബോറോവർ(മാർ)

r) വായ്പ അനുവദിച്ചതിനു ശേഷം ബോറോവർ (ജീവിതപങ്കാളി) വിവാഹബന്ധം വേർപെടുത്തുകയോ അതിനു വേണ്ടിയോ അല്ലാതെയോ കുടുംബ കോടതിയിൽ എന്തെങ്കിലും നടപടിക്രമങ്ങൾ എടുക്കുകയോ ആരംഭിക്കുകയോ തുടങ്ങിവക്കുകയോ ചെയ്യുമ്പോൾ;

s) ബോറോവറുടെ മരണം / മാനസികരോഗം അല്ലെങ്കിൽ മറ്റു വൈകല്യം സംഭവിക്കുമ്പോൾ;

t) ഈ കരാറിനോ ബന്ധപ്പെട്ട മറ്റേതെങ്കിലും പ്രമാണത്തിനോ കീഴിലുള്ള ഏതെങ്കിലും കടമകൾ നിർവഹിക്കുന്നത് ബോറോവറെ സംബന്ധിച്ച് നിയമവിരുദ്ധമാകുകയാണെങ്കിൽ അഥവാ ഈ കരാറിനു കീഴിലുള്ള അതിന്റെ ഏതെങ്കിലും കടമകൾ നിർവഹിക്കുന്നതിന് ഈട് സൃഷ്ടിക്കേണ്ടതായ ആസ്തി ആരുടേതാണോ (ബോറോവർ ഉൾപ്പെടുന്നു) ആ വ്യക്തിക്ക് അത് നിയമവിരുദ്ധമാകുകയാണെങ്കിൽ;

u) മറ്റേതെങ്കിലും വ്യക്തിയാൽ അല്ലെങ്കിൽ ബോറോവറാൽ എക്സിക്യൂട്ട് ചെയ്യപ്പെട്ട ഈ കരാറോ മറ്റേതെങ്കിലും ബന്ധപ്പെട്ട പ്രമാണമോ ഫലപ്രദമല്ലെങ്കിലോ നിയമവിരുദ്ധമായി മാറുകയാണെങ്കിലോ നിരർത്ഥകമാവുകയോ ആണെങ്കിലോ അല്ലെങ്കിൽ ബോറോവറാലോ മറ്റേതെങ്കിലും വ്യക്തിയാലോ എന്തെങ്കിലും കാരണത്താൽ ഫലശൂന്യമെന്നോ, നിയമവിരുദ്ധമെന്നോ നിരർത്ഥകമെന്നോ ആരോപിക്കപ്പെടുകയാണെങ്കിലോ;

v) ബോറോവർ / ജാമ്യക്കാരൻ ഒരു ബോറോവർ / ജാമ്യക്കാരൻ ആയിരിക്കുന്ന കമ്പനിയുമായുള്ള മറ്റേതെങ്കിലും കരാറിൽ(റുകളിൽ) ബോറോവർ / ജാമ്യക്കാരൻ എന്തെങ്കിലും വീഴ്ച വരുത്തുന്നു;

w) ജാമ്യത്തെ ഫലശൂന്യം / പ്രവർത്തനരഹിതം ആക്കുന്ന വിധത്തിൽ ജാമ്യക്കാരൻ(ക്കാർ) ലഭ്യമാക്കിയ ജാമ്യത്തിൽ ഉള്ള ഏതെങ്കിലും ന്യൂനത / ബലക്ഷയം;

x) ബോറോവർ ഈ കരാറോ മറ്റേതെങ്കിലും ബന്ധപ്പെട്ട പ്രമാണമോ നിരാകരിക്കുകയോ ഈ കരാറോ മറ്റേതെങ്കിലും ബന്ധപ്പെട്ട രേഖയോ നിരാകരിക്കുന്നതിനുള്ള ഉദ്ദേശ്യം തെളിയിക്കുകയോ ചെയ്യുന്നു;

y) ബോറോവറുടെ / ജാമ്യക്കാരന്റെ പദവി റെസിഡന്റ് എന്നതിൽ നിന്നു നോൺ റസിഡന്റ് എന്നതായി മാറുന്നു;

z) കമ്പനിയുടെ അഭിപ്രായത്തിൽ, ബോറോവറുടെ തിരിച്ചടവു പ്രാപ്തിയുടെ മേൽ ഭൗതികമായ ഒരു വിപരീതഫലം ഉണ്ടാക്കുവാൻ ന്യായമായ സാധ്യതയുള്ള ഏതെങ്കിലും സംഭവമോ സംഭവങ്ങളുടെ പരമ്പരയോ ഉണ്ടാകുന്നു;

aa) കമ്പനിക്കു നല്കിയ ഏതെങ്കിലും വിവരങ്ങൾ അല്ലെങ്കിൽ വസ്തുതകൾ അസത്യമായതോ, തെറ്റായ പ്രസ്താവനയോ, തെറ്റായ പ്രതിനിധാനമോ ആണ് അല്ലെങ്കിൽ ഈ കരാറിൽ സമ്മതിച്ചിരിക്കുന്ന ഉടമ്പടികൾ പാലിക്കാതിരിക്കൽ;

കോബോറോവർ(മാർ)

ബോറോവർ(മാർ)

bb) എന്തെങ്കിലും കുറ്റകൃത്യത്തിന്റെ പേരിൽ ബോറോവർ കുറ്റാരോപിതനാകുകയോ ഏതെങ്കിലും നിയമ കോടതിയാലോ സർക്കാർ അധികൃതരാലോ ചാർജ് ചെയ്യപ്പെടുകയോ കുറ്റവാളി എന്നു തെളിയിക്കപ്പെടുകയോ ചെയ്താൽ;

cc) കമ്പനിക്ക് മുൻകൂട്ടി രേഖാമൂലമുള്ള അറിയിപ്പു നല്കാതെ ബോറോവർ അയാളുടെ വാസസ്ഥലമോ ബിസിനസ്സ് നടത്തുന്ന സ്ഥലമോ / ജോലിയോ / തൊഴിലോ മാറ്റിയാൽ അല്ലെങ്കിൽ ഡയറക്ടർമാർ / അംഗങ്ങൾ ആദിയായവരിലെ മാറ്റത്തെ കുറിച്ച് രേഖാമൂലം കമ്പനിയെ അറിയിക്കുന്നതിൽ പരാജയപ്പെട്ടാൽ;

dd) കമ്പനിയുമായോ അതിന്റെ അനുബന്ധ സ്ഥാപനങ്ങളുമായോ ഏർപ്പെട്ടിട്ടുള്ള ഈ കരാറിനോ മറ്റേതെങ്കിലും കരാറിനോ കീഴിലുള്ള ഏതെങ്കിലും നിബന്ധനകളെപ്പറ്റി ബോറോവർ തർക്കമുന്നയിച്ചാൽ;

ee) ഏതെങ്കിലും നികുതിയോ, ഇംപോസ്റ്റ് ഡ്യൂട്ടിയോ മറ്റു ഇംപോസിഷനോ ചാർജുകളോ / ഔട്ട്ഗോയിംഗുകളോ അടക്കുന്നതിനോ അല്ലെങ്കിൽ മറ്റേതെങ്കിലും നിയമമോ, ചട്ടമോ, കാലാകാലങ്ങളിൽ നിയമത്തിനു കീഴിൽ ഒറ്റിയെ സംബന്ധിച്ച് പൂർത്തീകരിക്കേണ്ടതായ ഔപചാരികതകളോ പാലിക്കുന്നതിന് ബോറോവർ പരാജയപ്പെട്ടാൽ;

ff) പ്രകൃതി ദുരന്തങ്ങൾ / ദൈവത്തിന്റെ പ്രവൃത്തികൾ / ഒഴിവാക്കാനാവാത്ത അവസ്ഥകൾ / വിപണി ദുർഘടസ്ഥിതികൾ (ഇത് വിധിക്കുന്നതിൽ പൂർണ്ണമായ വിവേചനാധികാരം കമ്പനിക്കായിരിക്കും) ഇവ സംഭവിക്കുന്ന സാഹചര്യത്തിൽ;

gg) അതിന്റെ അനുകൂലമോ പ്രതികൂലമോ ആയ ഉടമ്പടികളിൽ ഏതെങ്കിലുമോ, പ്രതിനിധാനങ്ങളോ, വാറണ്ടികളോ, ഈ കരാറിനു കീഴിലുള്ള വായ്പയെ സംബന്ധിച്ചുള്ള ഏതെങ്കിലും നിബന്ധനകളോ വ്യവസ്ഥകളോ, അല്ലെങ്കിൽ അനുവദിച്ചതിന്റെ നിബന്ധനകളോ പാലിക്കുന്നതിൽ ബോറോവർ വരുത്തുന്ന ലംഘനം, അല്ലെങ്കിൽ പാലിക്കുവാൻ വിട്ടുപോകൽ, അല്ലെങ്കിൽ വീഴ്ച.

ഏതെങ്കിലും പിഴവിന്റെ സംഭവം, ഏതെങ്കിലും സംഭവം നടക്കുകയാണെങ്കിൽ, അത്തരം പിഴവിന്റെ സംഭവം നടക്കുന്നതിനെക്കുറിച്ച് രേഖാമൂലമുള്ള അറിയിപ്പ് ബോറോവർ കമ്പനിക്ക് ഉടനടി നല്കേണ്ടതാണ്. 2013 ലെ കമ്പനി നിയമത്തിന്റെ അല്ലെങ്കിൽ മറ്റേതെങ്കിലും നിയമത്തിന്റെ വ്യവസ്ഥകൾക്കു കീഴിൽ അടച്ചുപൂട്ടുന്നതിനുള്ള ഏതെങ്കിലും നിയമപ്രകാരമുള്ള നോട്ടീസ് അല്ലെങ്കിൽ ബോറോവർക്കെതിരെ ഫയൽ ചെയ്യാൻ/സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന ഏതെങ്കിലും ഹർജി അല്ലെങ്കിൽ നിയമ നടപടി ബോറോവർക്ക് ലഭിക്കുകയാണെങ്കിൽ ബോറോവർ അക്കാര്യം കൃത്യമായി കമ്പനിയെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

മേല്പറഞ്ഞ സംഭവങ്ങൾ / സാഹചര്യങ്ങൾ സംഭവിച്ചുവോ / നടന്നുവോ എന്നുള്ള ചോദ്യത്തിൽ, കമ്പനിയുടെ തീരുമാനം അന്തിമവും, അഖണ്ഡ്യവും ആയിരിക്കുന്നതും ബോറോവർ അതിനു ബാധ്യസ്ഥമായിരിക്കുന്നതുമാണ്.

മുകളിൽ സൂചിപ്പിച്ചിരിക്കുന്നത് പോലെയുള്ള ഒന്നോ അതിലധികമോ സംഭവങ്ങൾ നടക്കുമ്പോൾ, കമ്പനിയുടെ ഓപ്ഷനിൽ, അതിന്റെ മറ്റ് അവകാശങ്ങൾക്ക് ഹാനികരമാകാതെ,

കോബോറോവർ(മാർ)

ബോറോവർ(മാർ)

- ഈ കരാറിനു കീഴിൽ കൂടാതെ/അല്ലെങ്കിൽ കമ്പനിയും ബോറോവറും തമ്മിൽ ഏർപ്പെട്ടിട്ടുള്ള മറ്റേതെങ്കിലും കരാറുകൾക്ക്, നിലനില്ക്കുന്ന പ്രമാണങ്ങൾക്കു കീഴിൽ ബോറോവർ അടയ്ക്കേണ്ട മുതൽ തുക, ആർജ്ജിച്ച പലിശ കൂടാതെ മറ്റു തുകകൾ എന്നിവയും അതുപോലെ തന്നെ മറ്റു ചാർജുകളും കമ്പനി ബോറോവർക്ക് 7 ദിവസത്തെ നോട്ടീസ് നല്കി പ്രഖ്യാപിക്കുന്നതും, അത്തരം പ്രഖ്യാപനത്തോടെ ഉടനടി തന്നെ അവ ഡ്യൂ ആകുന്നതും അടയ്ക്കേണ്ടതുമാണ്.
- നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ പണമടയ്ക്കുന്നതിന് ബോറോവർ പരാജയപ്പെട്ടാൽ, കമ്പനിക്ക് അതിനനുകൂലമായി സൃഷ്ടിക്കപ്പെട്ട ഈടു(കൾ) നിയമത്തിൽ അനുവദിച്ചിട്ടുള്ള പ്രകാരം അല്ലെങ്കിൽ ബോറോവർ കമ്പനിക്കു നല്കിയിട്ടുള്ള ഏതെങ്കിലും അവകാശം അല്ലെങ്കിൽ അധികാരം ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്
- 2002 ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസെറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ടിന്റെ നിബന്ധനകൾ അത് ബാധകമായ ഇടങ്ങളിൽ ഉപയോഗിക്കുന്നതിലൂടെ ഈടു(കൾ) കൈവശമാക്കുകയും, കൈകാര്യം ചെയ്യുകയും മാനേജ് ചെയ്യുകയും/അന്യാധീനപ്പെടുത്തുകയും ചെയ്യുന്നതിനുള്ള അധികാരവും കമ്പനിക്ക് ഉണ്ടായിരിക്കുന്നതാണ്;

ഈട് വസൂലാക്കുമ്പോൾ കുറവുണ്ടെങ്കിൽ വസൂലാക്കപ്പെട്ട മൂല്യവും കമ്പനിക്കു നല്കാനുള്ള ഡ്യൂ തുകയും തമ്മിലുള്ള വ്യത്യാസം ബോറോവർ ഉടനടി അടക്കേണ്ടതാണ്. ഈട് വസൂലാക്കുമ്പോൾ മിച്ചം വരികയാണെങ്കിൽ, ബോറോവർക്കും ജാമ്യക്കാരനും എതിരെയുള്ള റൈറ്റ് ഓഫ് ലീനും സെറ്റ്-ഓഫിനും വിധേയമായി, മിച്ചം എന്തെങ്കിലും ഉണ്ടെങ്കിൽ കമ്പനി ബോറോവർക്കു തിരികെ നല്കുന്നതാണ്.

ഈ സംഗതിയിൽ വസൂലാക്കപ്പെടാത്ത തുകകൾ വീണ്ടെടുക്കുന്നതിന് ബോറോവറെ ബാധ്യസ്ഥനാക്കുവാൻ കമ്പനിക്ക് അവകാശം ഉണ്ടായിരിക്കുന്നതാണ്. എന്നിരുന്നാലും, കമ്പനിക്ക് നല്കുവാനുള്ള തുകകൾ ഷെഡ്യൂളിൽ സൂചിപ്പിച്ചിരിക്കുന്ന പിഴവു നിരക്കിൽ കണക്കാക്കിയ, പിഴവു വരുത്തിയ തീയതി മുതൽ യഥാർത്ഥത്തിൽ അടച്ച തീയതി വരെയുള്ള പലിശയോടൊപ്പം തിരിച്ചടച്ചാൽ കമ്പനിക്ക് ബോറോവറുടെ പിഴവ് / കാലതാമസം പൊറുക്കുവാനുള്ള വിവേചനാധികാരം ഉണ്ട്

പിഴവിന്റെ ഒരു സംഭവം നടക്കുന്നത് ഈ കരാറിനു കീഴിൽ ഡ്യൂ ആയിരിക്കുന്ന ഏതെങ്കിലും തുകക്കു വേണ്ടി കമ്പനി ബോറോവർക്കെതിരായി വ്യക്തിപരമായി ക്ലെയിം നടപ്പിലാക്കുന്നതിനുള്ള ഒരു മുന്നുപാധി ആയിരിക്കുവാൻ പാടില്ലെന്നത് വ്യക്തമായി അംഗീകരിക്കപ്പെടുകയും മനസ്സിലാക്കപ്പെടുകയും ചെയ്തിട്ടുള്ളതാണ്.

ഈ കരാറിൽ മറ്റെവിടെയെങ്കിലും പറഞ്ഞിരിക്കുന്നത് എന്തുതന്നെയായാലും, അത്തരത്തിലുള്ള ടെർമിനേഷനു ശേഷമുള്ള വായ്പയുടെ തുടർച്ച കമ്പനിയുടെ പരിപൂർണ്ണവും തികഞ്ഞതുമായ വിവേചനത്തിലായിരിക്കുന്നതും, ബോറോവറുടെ തിരിച്ചടയ്ക്കാൻ ബാക്കിനില്ക്കുന്ന തുക പ്രസക്തമായ സമയത്ത് കമ്പനി തീരുമാനിക്കുന്നത് പ്രകാരം, കമ്പനിക്ക് അടയ്ക്കേണ്ടതുമാണ്. കൂടാതെ, ഈ കരാറിൽ പറഞ്ഞിരിക്കുന്നത് എന്തുതന്നെയായാലും, കമ്പനിക്ക് ഏതു സമയത്തും അതിന്റെ പരിപൂർണ്ണ വിവേചനത്തിലും കാരണമൊന്നും കാണിക്കാതെയും, അതിനുള്ള എല്ലാ

കോബോറോവർ(മാർ)

ബോറോവർ(മാർ)

ഡ്യൂസും തിരിച്ചടയ്ക്കാൻ ആവശ്യപ്പെടുന്നതിനും, ബോറോവറുടെ തിരിച്ചടയ്ക്കാൻ ബാക്കിനില്ക്കുന്ന ഡ്യൂസ് തിരിച്ചടയ്ക്കാൻ ബോറോവറോട് ആവശ്യപ്പെടുന്നതിനും കമ്പനിക്ക് അവകാശമുണ്ടായിരിക്കുന്നതും, അത്തരത്തിൽ ആവശ്യപ്പെട്ടുകഴിഞ്ഞാൽ ഉടനടി തന്നെ യൊതൊരു കാലതാമസവും വരുത്താതെ ബോറോവർ കമ്പനിയ്ക്ക് തിരിച്ചടയ്ക്കാൻ ബാക്കിനില്ക്കുന്ന മുഴുവൻ തുകയും അടയ്ക്കേണ്ടതുമാണ്. കമ്പനിക്കു നല്കിയ ഏതെങ്കിലും വിവരങ്ങൾ അല്ലെങ്കിൽ വസ്തുതകൾ അസത്യമായതോ, തെറ്റായ പ്രസ്താവനയോ, തെറ്റായ പ്രതിനിധാനമോ ആണ് അല്ലെങ്കിൽ ഈ കരാറിൽ സമ്മതിച്ചിരിക്കുന്ന ഉടമ്പടികൾ പാലിക്കാതിരിക്കൽ;

**11. കമ്പനിയുടെ കരാറിനു കീഴിലുള്ള അവകാശങ്ങൾ:**

a) നിബന്ധനകളിൽ ഏതെങ്കിലും ലംഘനം നടക്കുകയോ ഇതിൽ ഇനിനുമുമ്പ് പ്രസ്താവിച്ചതു പോലെയുള്ള ഏതെങ്കിലും സംഭവങ്ങൾ നടക്കുകയോ ചെയ്യുകയാണെങ്കിൽ, കമ്പനിയുടെ ഓപ്ഷനിലും, ബോറോവർ അതിനുള്ള അവകാശം ഇതിനാൽ പ്രകടമായി ഉപേക്ഷിച്ചിട്ടുള്ളതു പോലെ, ബോറോവറോട് ഏതെങ്കിലും ആവശ്യപ്പെടൽ നടത്താതെയും ബോറോവർക്ക് നോട്ടീസ് നല്കാതെയും, ഇതിലോ കമ്പനിയുടെ പേർക്ക് ബോറോവർ എക്സിക്യൂട്ട് ചെയ്തിട്ടുള്ളതോ കൂടാതെ/അല്ലെങ്കിൽ എക്സിക്യൂട്ട് ചെയ്യാനിരിക്കുന്നതോ ആയ ഏതെങ്കിലും പ്രമാണങ്ങളിലോ അടങ്ങിയിരിക്കുന്നത് എന്തുതന്നെയായാലും, പ്രസ്തുത ഡ്യൂസും ഇതിനു കീഴിൽ കമ്പനിയോട് ബോറോവർക്കുള്ള എല്ലാ ബാദ്ധ്യതകളും, സമ്മതിച്ചിട്ടുള്ള ഏതെങ്കിലും മെച്യൂരിറ്റി ഡേറ്റ് ഉണ്ടെങ്കിൽ അതു പരിഗണിക്കാതെ, ഉടനടി തന്നെ ഡ്യൂ ആകുന്നതും, കമ്പനിയുടെ അവകാശങ്ങളും ഇതിൽ പ്രദാനം ചെയ്തിരിക്കുന്ന ഈടും നടപ്പിലാക്കാൻ കമ്പനിക്ക് അവകാശം ലഭിക്കുന്നതുമാണ്. ബോറോവർ/മറ്റേതെങ്കിലും വ്യക്തി കമ്പനിയുടെ പേരിൽ എക്സിക്യൂട്ട് ചെയ്തിട്ടുള്ള/എക്സിക്യൂട്ട് ചെയ്യാനിരിക്കുന്ന ഏത് പ്രമാണവും ആസ്തി വില്ക്കുന്നതിന്റെ/ഈട് നടപ്പിലാക്കുന്നതിന്റെ ഉദ്ദേശ്യത്തിനായി കമ്പനി ഉപയോഗപ്പെടുത്തിയേക്കാവുന്നതാണ്.

b) കമ്പനി അതിന്റെ സ്വന്തം വിവേചനത്തിൽ, കാരണമൊന്നും കാണിക്കാതെയും ബോറോവർക്ക് രേഖാമൂലമുള്ള നോട്ടീസ് മെയിൽ ചെയ്യുകയോ ഡെലിവർ ചെയ്യുകയോ ചെയ്തും, ഇതിൽ അനുവദിച്ചിരിക്കുന്ന വായ്പ റദ്ദാക്കുകയും അത് തിരിച്ചടയ്ക്കാൻ ആവശ്യപ്പെടുകയും ചെയ്തേക്കാം. അത്തരം അറിയിപ്പ് ഡെലിവർ ചെയ്യുന്നത്, ഇത്തരത്തിലുള്ള റദ്ദാക്കലിനുള്ള മതിയായ അറിയിപ്പാകുന്നതും അതിനെ തുടർന്ന് പ്രസ്തുത വായ്പയും അതിന്മേൽ ഡ്യൂ ആയതും അടയ്ക്കാനുള്ളതുമായ എല്ലാ പലിശയും, അതിനു കീഴിൽ ബോറോവർക്ക് കമ്പനിയോടുള്ള, എല്ലാ ബാദ്ധ്യതകളും പലിശയും മറ്റു ചാർജുകളും ഉൾപ്പെടെയുള്ള എല്ലാ കടപ്പാടുകളും ഉടനടി തന്നെ ബോറോവർ കമ്പനിക്ക് അടയ്ക്കാൻ ഡ്യൂ ആകുന്നതും അടയ്ക്കാനുള്ളതാകുന്നതുമാണ്.

c) ഈ കരാർ പ്രകാരം കമ്പനിക്ക് നല്കപ്പെട്ടിരിക്കുന്ന അവകാശങ്ങളും, അധികാരങ്ങളും, പരിഹാരങ്ങളും, മറ്റേതൊരു ഈടോ, നിയമനിർമ്മാണമോ, നിയമസംവിധാനമോ പ്രകാരം കമ്പനിക്ക് നല്കപ്പെട്ടിരിക്കുന്ന അവകാശങ്ങൾക്കും, അധികാരങ്ങൾക്കും, പരിഹാരങ്ങൾക്കും പുറമേയുള്ളതായിരിക്കുന്നതാണ്.

d) മുകളിൽ വ്യക്തമാക്കിയിരിക്കുന്ന അവകാശങ്ങൾ കൂടാതെ, ബോറോവറുടെ ചെലവിൽ ചുവടെ പറയുന്നവരെ നിയമിക്കാനും കമ്പനിക്ക് അവകാശമുണ്ടായിരിക്കുന്നതാണ്: () ബോറോവറുടെ പ്രവർത്തനം കൂടാതെ/അല്ലെങ്കിൽ ബോറോവറുടെ സ്ഥലങ്ങൾ, ഫാക്ടറികൾ,മെഷിനറി, യൂണിറ്റുകൾ എന്നിവ ഉൾപ്പെടെയുള്ള ആസ്തികൾ നിരാക്ഷിക്കുകയും പരിശോധിക്കുകയും ചെയ്യാനും കമ്പനിക്ക് റിപ്പോർട്ട് ചെയ്യാനും ടെക്നിക്കൽ, മാനേജ്മെന്റ് അല്ലെങ്കിൽ മറ്റേതെങ്കിലും കൺസൾട്ടൻസി ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്ന ഏത് വ്യക്തിയെയും; () ഏതെങ്കിലും നിർദ്ദിഷ്ട ചുമതലകൾ നിർവഹിക്കുന്നതിനുള്ള ഓഡിറ്റർമാരായി അല്ലെങ്കിൽ ബോറോവർ അതിന്റെ പ്രവർത്തനത്തിനായി അവലംബിച്ചിരിക്കുന്ന ഫിനാൻഷ്യൽ അല്ലെങ്കിൽ കോസ്റ്റ് അക്കൗണ്ടിംഗ് സിസ്റ്റവും നടപടിക്രമങ്ങളും പരിശോധിക്കുന്നതിനുള്ള കൺകറന്റ് അല്ലെങ്കിൽ ഇന്റേണൽ ഓഡിറ്റർമാരായി, അല്ലെങ്കിൽ ബോറോവറുടെ സ്പെഷ്യൽ

ഓഡിറ്റ് നടത്തുന്നതിന് ഏതെങ്കിലും ചാർട്ടേഡ് അക്കൗണ്ടന്റുമാരെയും/ കോസ്റ്റ് അക്കൗണ്ടന്റുമാരെയും.

e) കരാർ പ്രകാരമുള്ള സൗകര്യത്തിന്റെ ഏതെങ്കിലും സസ്പെൻഷനോ ടെർമിനേഷനോ സംഭവിച്ചാലും, കമ്പനിയുടെയും അതിന്റെ താല്പര്യങ്ങളുടെയും പ്രയോജനത്തിനായും ഈ കരാറിനു കീഴിൽ കമ്പനിക്കുള്ള എല്ലാ അവകാശങ്ങളുടെയും സംരക്ഷണത്തിനുമായുള്ള കരാറിന്റെ എല്ലാ വകുപ്പുകളും ബോറോവറുടെ എല്ലാ ഡ്യൂസും പൂർണ്ണമായി കമ്പനിക്ക് ലഭിക്കുന്നതു വരെ പൂർണ്ണ പ്രാബല്യത്തോടെയും സാധുതയോടെയും തുടരുന്നതാണ്.

f) ഏതെങ്കിലും പിഴവിന്റെ സംഭവം നടക്കുകയാണെങ്കിൽ, ബോറോവർ വരുത്തിവച്ച മീറ്റെതൊരു കടപ്പാടും (പ്രവർത്തന മൂലധന സൗകര്യങ്ങൾ ഉൾപ്പെടെ), വായ്പയുടെ തിരിച്ചടവ് നടത്താതെ, തിരിച്ചടയ്ക്കുന്നതല്ലെന്ന്, കമ്പനിക്ക് ലഭ്യമായിട്ടുള്ള അവകാശങ്ങൾക്കും പരിഹാരങ്ങൾക്കും ദോഷം കൂടാതെ, ബോറോവർ ഇതിനാൽ സമ്മതിക്കുകയും സ്ഥിരീകരിക്കുകയും ചെയ്യുന്നു.

g) ബോറോവറിൽ നിന്നും ഉള്ള ഡ്യൂസ് പിരിച്ചെടുക്കുന്നതിനും കൂടാതെ/അല്ലെങ്കിൽ ബോറോവർ പ്രദാനം ചെയ്തിരിക്കുന്ന ഏത് ഈടും നടപ്പിലാക്കുന്നതിനും ഒന്നോ അല്ലെങ്കിൽ അതിലധികമോ വ്യക്തികളെ പൂർണ്ണമായും ബോറോവറുടെ നഷ്ടസാദ്ധ്യതയിലും ചെലവിലും ഏർപ്പാടാക്കുന്നതിന് കമ്പനിക്ക് അധികാരമുണ്ടായിരിക്കുന്നതും, ബോറോവറുമായി, ഈടുമായി കൂടാതെ/അല്ലെങ്കിൽ വസ്തുവു/ക്കളുമായി ബന്ധപ്പെട്ടതും കമ്പനിക്ക് ഉചിതമെന്നു തോന്നുന്നതുമായ വിവരങ്ങളും, വസ്തുതകളും, കണക്കുകളും കമ്പനി (അത്തരം ഉദ്ദേശ്യങ്ങൾക്കായി) അത്തരം വ്യക്തി(കൾ)ക്ക് നല്കിയ്ക്കാവുന്നതുമാണ്. കമ്പനിക്ക് ഉചിതമെന്നു തോന്നുന്ന പ്രകാരം അതുമായി ബന്ധപ്പെട്ടതും സഹജമായുള്ളതുമായ എല്ലാ പ്രവൃത്തികളും, പ്രമാണങ്ങളും, സംഗതികളും, കാര്യങ്ങളും നിർവഹിക്കുന്നതിനും എക്സിക്യൂട്ട് ചെയ്യുന്നതിനുമുള്ള അവകാശവും അധികാരവും അത്തരം വ്യക്തി(കൾ)ക്ക്, കമ്പനി ഡെലിഗേറ്റ് ചെയ്തേക്കാവുന്നതാണ്.

h) ബാധകമായ ഏതു നിയമങ്ങൾക്കു കീഴിലും വിരുദ്ധമായത് എന്തുതന്നെ അടങ്ങിയിരുന്നാലും, ബോറോവർ ഏത് കണക്കിലായാലും പ്രദാനം ചെയ്തിട്ടുള്ള ആസ്തിക്ക്/ മറ്റ് വസ്തുവിന്(ക്കൾക്ക്) ആയത് കമ്പനിയുടെ കൈവശത്തിലാരിക്കുമ്പോൾ അല്ലെങ്കിൽ കമ്പനിക്ക് മുകളിൽ പറഞ്ഞിരിക്കുന്നതു പോലെ ലഭ്യമായിരിക്കുന്ന ഏതെങ്കിലും അവകാശങ്ങൾ അല്ലെങ്കിൽ പരിഹാരങ്ങൾ വിനിയോഗിക്കുകയോ വിനിയോഗിക്കാതിരിക്കുകയോ ചെയ്ത കാരണത്താൽ, ഉണ്ടാകുന്ന ഏത് നഷ്ടത്തിനോ, മൂല്യശോഷണത്തിനോ, കേടുപാടിനോ കമ്പനിക്ക് ബാദ്ധ്യത/ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

i) ഏതെങ്കിലും പിഴവിന്റെ സംഭവം നടക്കുമ്പോൾ: (എ) ബോറോവറുടെ വസ്തു കൂടാതെ/അല്ലെങ്കിൽ ജോലിസ്ഥലം സന്ദർശിക്കുന്നതിനും, ബോറോവറിൽ നിന്നും കമ്പനിക്കു ലഭിക്കാനുള്ള എല്ലാ ഡ്യൂസും പൂർണ്ണമായി ഡിസ്ചാർജ് ചെയ്യപ്പെടുന്നതു വരെ ബോറോവറുടെ തൊഴിലുടമ നല്കാനുള്ള ശമ്പളത്തിൽ/വേതനത്തിൽ നിന്നും കിഴിവു(കൾ) വരുത്താനും ആയത് കമ്പനിക്ക് നേരിട്ട് അടയ്ക്കാനും ബോറോവറുടെ

തൊഴിൽദായകരോട് ആവശ്യപ്പെടുന്നതിനും കമ്പനിക്ക് അവകാശമുണ്ടായിരിക്കുന്നതും, അതിന് ബോറോവർ തിരിച്ചെടുക്കാനാവാത്ത വിധം കമ്പനിയെ ഇതിനാൽ അധികാരപ്പെടുത്തുകയും ചെയ്യുന്നു കിഴിവുകൾ കമ്പനി ബോറോവറുടെ തൊഴിലുടമകളെ അറിയിക്കുന്നത് (നിർദേശിക്കുകയും ചെയ്യുന്ന) പ്രകാരമുള്ള തുകകൾക്കും കാലയളവിലേക്കും ആയിരിക്കുന്നതാണ്. അത്തരത്തിലുള്ള കിഴിവുകൾക്ക് ബോറോവർ ഒരു വിധത്തിലുമുള്ള തടസ്സങ്ങളും ഉന്നയിക്കാനോ/സൃഷ്ടിക്കാനോ പാടില്ല. ബോറോവറെ കൂടാതെ/അല്ലെങ്കിൽ ബോറോവറുടെ തൊഴിലുടമയെ ഭരിക്കുന്ന ഒരു നിയമവും അല്ലെങ്കിൽ കരാറും അത്തരം കിഴിവ് നടത്തണമെന്നും കമ്പനിക്ക് അടയ്ക്കണമെന്നും ബോറോവറുടെ തൊഴിലുടമയോട് ആവശ്യപ്പെടുന്നതിനുള്ള കമ്പനിയുടെ അവകാശത്തെ ഒരു വിധത്തിലും തടയുകയോ നിയന്ത്രിക്കുന്നില്ല. എന്നിരുന്നാലും, അത്തരത്തിൽ കിഴിവ് വരുത്തിയ പ്രസ്തുത തുക കമ്പനിക്കുള്ള ബോറോവറുടെ അടയ്ക്കാൻ ബാക്കിനിൽക്കുന്ന ഡ്യൂസ് പൂർണ്ണമായി തിരിച്ചടയ്ക്കാൻ പര്യാപ്തമല്ലെങ്കിൽ, കമ്പനിക്ക് തിരിച്ചടയക്കാൻ ശേഷിക്കുന്ന അടയ്ക്കാത്ത തുകകൾ കമ്പനി അതിന്റെ പൂർണ്ണ വിവേചനത്തിൽ തീരുമാനിക്കുന്ന വിധത്തിൽ ബോറോവർ അടയ്ക്കേണ്ടതും, അതിനനുസരിച്ച് ബോറോവർ ആ പേയ്മെന്റ് നടത്തേണ്ടതുമാണ്.

**12. വകയിരുത്തൽ:**

വായ്പാ കരാറിനു കീഴിൽ ഡ്യൂ ആയതും അടയ്ക്കാനുള്ളതുമായതും, ബോറോവർ അല്ലെങ്കിൽ ജാമ്യക്കാരൻ ഡ്യൂസിലേക്ക് നടത്തുന്നതുമായ ഏത് പേയ്മെന്റും, ചുവടെ പറയുന്നവയിലേക്ക്, കമ്പനിക്ക് ഉചിതമെന്നു തോന്നുന്ന ഏത് ക്രമത്തിലും വകയിരുത്തുന്നതിന് കമ്പനിക്ക് അവകാശമുണ്ടായിരിക്കുന്നതാണ്:

i. ഡ്യൂ ആയ മുതൽ തുകയുടെ തിരിച്ചടവ്.

ii.അധിക പലിശ ഏതെങ്കിലുമുണ്ടെങ്കിൽ അതുൾപ്പെടെയുള്ള പലിശ.

iii. പിഴ പലിശ, ഏതെങ്കിലുമുണ്ടെങ്കിൽ.

iv. വിലകൾ, ചാർജുകൾ, ചെലവുകൾ മറ്റു പണങ്ങൾ എന്നിവയിന്മേലുള്ള പലിശ.

v.പ്രീക്ലോഷറിനു മേലുള്ള പ്രീമിയം,ബാധകമെങ്കിൽ

vi. വിലകൾ, ചാർജുകൾ, ചെലവുകൾ മറ്റു പണങ്ങൾ

ബോറോവർ, തന്റെ/തങ്ങളുടെ സ്വന്തം പേരിലോ അല്ലെങ്കിൽ തന്റെ/തങ്ങളുടെ പാർട്ണർമാരുടെ, ബന്ധങ്ങളുടെ, നോമിനികളുടെ അല്ലെങ്കിൽ പ്രതിനിധികളുടെ പേരിലോ, ഒരു ബോറോവർ/ ഹയറർ/ ലെസ്സീ/ ജാമ്യക്കാരൻ ആയി ഈ കരാർ കൂടാതെ, കമ്പനിയുമായി ഇതിനോടകം അല്ലെങ്കിൽ ഭാവിയിൽ മറ്റേതങ്കിലും കരാറിൽ/കരാറുകളിൽ ഏർപ്പെടുകയാണെങ്കിൽ:

a) ബോറോവർ അല്ലെങ്കിൽ അയാളുടെ/അവരുടെ ബന്ധുക്കൾ പാർട്ണർമാർ, നോമിനികൾ, പ്രതിനിധികൾ, ഈ കരാറിനു കീഴിൽ നടത്തുന്ന ഏത് പേയ്മെന്റും, ഓൺ ആക്കൗണ്ട് പേയ്മെന്റ് ആയി മാത്രം പരിഗണിക്കുന്നതാണെന്നും, ബോറോവർ അല്ലെങ്കിൽ അയാളുടെ/അവരുടെ ബന്ധുക്കൾ പാർട്ണർമാർ, നോമിനികൾ, പ്രതിനിധികൾ

കോബോറോവർ(മാർ)

കമ്പനിയുമായി ഏർപ്പട്ടിട്ടുള്ള കരാറുകളിൽ ഏതിന്റെയെങ്കിലും കണക്കിൽ, അതിന്റെ കാലാവധിയിലോ അതിനു ശേഷമോ, ബോറോവറോ അല്ലെങ്കിൽ അയാളുടെ/അവരുടെ പാർട്ണർമാരോ, നോമിനികളോ, പ്രതിനിധികളോ മറിച്ചുള്ള പ്രത്യേക നിർദേശങ്ങൾ എന്തെങ്കിലും നിർദേശങ്ങൾ നല്കിയിട്ടുണ്ടെങ്കിൽ പോലും കമ്പനി അതിന്റെ പരിപൂർണ്ണ വിവേചനത്തിൽ കമ്പനിക്ക് ഉചിതമെന്നു തോന്നുന്ന വിധത്തിൽ വകയിരുത്തുന്നതാണെന്നും ഇതിലുള്ള കക്ഷികൾ തമ്മിൽ വ്യക്തമായി സമ്മതിക്കുന്നു.

b) ഈ കരാറിനു കീഴിൽ ഡ്യൂ ആയതും അടയ്ക്കേണ്ടതുമായ എല്ലാ തുകകളും അടയ്ക്കുകയും തീർപ്പാക്കുകയും ചെയ്തിട്ടുണ്ടെങ്കിലും, ബോറോവർ അല്ലെങ്കിൽ അയാളുടെ/അവരുടെ ബന്ധുക്കൾ പാർട്ണർമാർ, നോമിനികൾ, പ്രതിനിധികൾ, കമ്പനിയുമായി ഏർപ്പെട്ടിട്ടുള്ള മറ്റേതെങ്കിലും കരാറിനു കീഴിൽ അവർ അടയ്ക്കേണ്ട ഡ്യൂസ് വീണ്ടെടുക്കുന്നതിലേക്കായി, അത്തരം കരാറിനു(റുകൾക്കു) കീഴിൽ കമ്പനിയിൽ നിക്ഷിപ്തമായിരിക്കുന്ന മറ്റ് അവകാശങ്ങളെ ദോഷകരമായി ബാധിക്കാതെ, ഷെഡ്യൂളിൽ സൂചിപ്പിച്ചിരിക്കുന്ന ആസ്തി കൈവശം വയ്ക്കുന്നതിന്/തിരികെ കൈവശം വയ്ക്കുന്നതിന്/ വില്ക്കുന്നതിന് കമ്പനിക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്

c) ബോറോവർ അല്ലെങ്കിൽ ആസ്തിയുടെ ഉടമ, സാഹചര്യം പോലെ, കമ്പനിയുമായുള്ള മറ്റേതെങ്കിലും കരാറിനുകീഴിൽ സൃഷ്ടിച്ചിട്ടുള്ള ചാർജ് തുടർച്ചയുള്ളതായിരിക്കുന്നതും, പൂർത്തിയായ കരാറുകളിൽ പോലും നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (എൻ.ഒ.സി.) പിടിച്ചുവയ്ക്കുന്നതിനും, ഈ കരാറിനു കീഴിൽ ബോറോവർ അടയ്ക്കേണ്ടതായ ഡ്യൂസ്, കോടതിയുടെ ഇടപെടൽ കൂടാതെ സാക്ഷാത്കരിക്കുന്നതിലേക്കായി, മറ്റേതെങ്കിലും കരാറിനു കീഴിൽ ബോറോവർ നല്കിയിട്ടുള്ള ആസ്തികൾ തിരികെ കൈവശപ്പെടുത്തുന്നതിനും വില്ക്കുന്നതിനും കമ്പനിക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതുമാണ്.

d) ഇതിനുകീഴിൽ വ്യക്തമാക്കിയിരിക്കുന്ന കമ്പനിയുടെ അവകാശങ്ങളെ ദോഷകരമായി ബാധിക്കാതെ തന്നെ, ഈ കരാറിനുകീഴിൽ പ്രദാനം ചെയ്തിരിക്കുന്ന ഈട് മറ്റെതെങ്കിലും കരാറിനു കീഴിൽ കമ്പനിയുമായുള്ള അടച്ചുതീർക്കാൻ ബാക്കിനിൽക്കുന്ന ഏതെങ്കിലും കടമെടുക്കലുകളും/ഗ്യാരന്റികളും ഉണ്ടെങ്കിൽ അവയ്ക്കെല്ലാം എതിരെയുള്ള ഒരു തുടരുന്ന ഈടായും വർത്തിക്കുന്നതാണെന്നും, ഈ കരാറിനു കീഴിൽ പിഴവിന്റെ സംഭവം ഒന്നും തന്നെയില്ല എന്നതാണ് വസ്തുത എങ്കിൽ പോലും, മറ്റേത് വായ്പാ കരാറിനു കീഴിലും ബോറോവർ തിരിച്ചടയ്ക്കാൻ ബാക്കിനില്ക്കുന്ന എല്ലാ തുകകളും തീർപ്പാക്കുന്നതിനായി, ഈ വായ്പാ കരാറിനു കീഴിൽ പ്രദാനം ചെയ്തിരിക്കുന്ന ഈട് ലിക്വിഡേറ്റ് ചെയ്യാനും വസൂലാക്കാനും കമ്പനിക്ക് പരിപൂർണ്ണ വിവേചനമുണ്ടായിരിക്കുന്നതാണെന്നും ബോറോവർ ഇതിനാൽ സമ്മതിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു.

**13. ബോറോവറുടെ നിവേദനവും വാറന്റികളും ഉടമ്പടികളും:**

ബോറോവർ ഇതിനാൽ ചുവടെ പറഞ്ഞിരിക്കുന്ന പ്രകാരം നിവേദനം ചെയ്യുകയും, വാറണ്ട് ചെയ്യുകയും ഉടമ്പടി ചെയ്യുകയും ചെയ്യുന്നു:

കോബോറോവർ(മാർ)

ബോറോവർ(മാർ)

a) ബോറോവർ (i) ഒരു മേജർ ആണെന്നും സ്ഥിരബുദ്ധിയുള്ള വ്യക്തി ആണെന്നും (ബോറോവർ ഒരു വ്യക്തിയാകുന്നിടത്ത്); (ii) ശരിയായി രൂപീകരിച്ചിട്ടുള്ളതും ബാധകമായ നിയമത്തിനു കീഴിൽ ഇൻകോർപറേറ്റ് ചെയ്തിട്ടുള്ളതുമായ ഒരു ബോഡി കോർപറേറ്റ് ആണെന്നും (ബോറോവർ ഒരു കമ്പനി/ലിമിറ്റഡ് ലയബിളിറ്റി പാർട്ണർഷിപ്പ് ഫേം/മറ്റ് ബോഡി കോർപറേറ്റ് ആയിരിക്കുമ്പോൾ); (iii) 1932 ലെ ഇന്ത്യൻ പാർട്ണർഷിപ്പ് ആക്ടിന്റെ അർത്ഥത്തിനുള്ളിലുള്ള, ഷെഡ്യൂളിൽ പാർട്ണർ/മാരായി സൂചിപ്പിച്ചിട്ടുള്ള വ്യക്തികൾ അടങ്ങിയ ഒരു പാർട്ണർഷിപ്പ് ഫേം ആണെന്നും (ബോറോവർ ഒരു പാർട്ണർഷിപ്പ് ഫേം ആയിരിക്കുമ്പോൾ); കൂടാതെ കരാറിൽ ഏർപ്പെടാൻ പ്രാപ്തരാണെന്നും ഈ കരാറിലേക്ക് പ്രവേശിക്കാനും എക്സിക്യൂട്ട് ചെയ്യാനും ഈ കരാറിനു കീഴിലുള്ള തന്റെ ബാദ്ധ്യതകൾ നിറവേറ്റാൻ പര്യാപ്തമായ നിയമപരമായ ശേഷിയുണ്ടെന്നും,

b) ബോറവറും ബോറോവറുടെ പേരിൽ ഈ കരാറും എല്ലാ പ്രമാണങ്ങളും എക്സിക്യൂട്ട് ചെയ്യുന്ന മറ്റു വ്യക്തിയു(കളു)ം അപ്രകാരം ചെയ്യാൻ അവാശമുള്ളവരാണെന്നും ഈ കരാറും എല്ലാ പ്രമാണങ്ങളും രേഖകളും ഒപ്പിടാൻ ശരിയായ വിധത്തിൽ അധികാരപ്പെടുത്തപ്പെട്ടിട്ടുള്ളവരാണെന്നും. ഈ കരാറിന്റെ എക്സിക്യൂഷൻ, നിയമം/ഭരണഘടനാപരമായ പ്രമാണങ്ങൾ ഏതെങ്കിലുമുണ്ടെങ്കിൽ അവയുമായി അല്ലെങ്കിൽ ഈ കരാറിൽ ലഭ്യമാക്കിയിട്ടുള്ള തരത്തിൽ ബാദ്ധ്യതകൾ നടപ്പിലാക്കുന്നതിൽ നിന്നും ഏറ്റെടുക്കുന്നതിൽ നിന്നും ഏതെങ്കിലും നിയമത്തിനോ, നിയമാവലിക്കോ, വിധിക്കോ, ഉത്തരവിനോ, തീർപ്പിനോ, കരാറിനോ കീഴിലോ അല്ലാതെയോ ഏതെങ്കിലും തരത്തിൽ ബോറോവർ നിയന്ത്രിക്കപ്പെടുകയോ തടയപ്പെടുകയോ ചെയ്യുന്നില്ല. എക്സിക്യൂട്ട് ചെയ്യുമ്പോൾ, ഈ കരാർ സാധുതയുള്ളതും ബോറോവറെ നിയമപരമായി ബാധ്യസ്ഥമാക്കുന്നതും ഈ കരാറിന്റെ നിബന്ധനകൾ പ്രകാരം നിർബന്ധിച്ച് നടപ്പാക്കാവുന്നതുമായ ഒരു പ്രതിബദ്ധത ആയിരിക്കും. ഈ കരാറിന്റെ നടത്തിപ്പിനും പ്രകടനത്തിനുമായി എല്ലാ അനുവാദങ്ങളും ബോറോവർ നേടുകയും ഈ കരാറും, സമാന്തര രേഖകളും, പണയ വസ്തുവുമായി ബന്ധപ്പെട്ട എല്ലാ അധികാരപ്പെടുത്തലുകൾക്കും, അനുമതികൾക്കും, സമ്മതങ്ങൾക്കും, ലൈസൻസുകൾക്കും, അനുവാദങ്ങൾക്കും മുഴുവൻ ബലവും ഫലവും നല്കുന്നതിനാവശ്യമായ എല്ലാം ചെയ്യുകയും ചെയ്തിട്ടുണ്ട്.

c) ഇതിനു കീഴിൽ എഴുതിയിരിക്കുന്ന ഷെഡ്യൂളിൽ ബോറോവർ പ്രസ്താവിച്ചിട്ടുള്ള ഉദ്ദേശ്യത്തിന് ലോൺ ഉപയോഗപ്പെടുത്തുന്നതും, മറ്റു ഏതെങ്കിലും ഊഹാടിസ്ഥാനത്തിലുള്ളതോ / സാമൂഹ്യ-വിരുദ്ധമോ / നിയമവിരുദ്ധമോ ആയ ഉദ്ദേശ്യത്തിന് ഉപയോഗിക്കാത്തതുമായിരിക്കും.

d) കടമെടുക്കുന്നത് നിർദ്ദിഷ്ടവും അനുവദനീയവുമായ കടമെടുക്കൽ പരിധിക്കകത്തായിരിക്കുന്നതും ബോറോവറെ പ്രതിനിധീകരിക്കുന്ന വ്യക്തിയുടെ ഭാഗത്തുള്ള കടമെടുക്കൽ അധികാരങ്ങളുടെ അഭാവമോ ദൗർബല്യമോ അല്ലെങ്കിൽ അതിന്റെ നിർവഹണത്തിലുള്ള ക്രമക്കേടോ, അത്തരം അഭാവമോ ദൗർബല്യമോ ക്രമക്കേടോ ഉണ്ടെന്നുവരികിലും ഈ കരാറിൻ കീഴിൽ ബോറോവർക്കെതിരെയുള്ള കമ്പനിയുടെ അവകാശങ്ങളെ ബാധിക്കുവാൻ പാടില്ലാത്തതുമാകുന്നു

e) പണയം വക്കപ്പെട്ട വസ്തു ബോറോവറുടെയും / അല്ലെങ്കിൽ ആസ്തിയുടെ ഉടമയുടെയും കൈവശത്തിൽ അവയുടെ പരിപൂർണ്ണ ഉടമ(കൾ) എന്ന നിലയിൽ ഉള്ളതും ട്രസ്റ്റികളായോ ഗാർഡിയൻ ആയോ ഉള്ള അവകാശത്തിലോ മറ്റേതെങ്കിലും വിശ്വാസത്തിൽ അധിഷ്ഠിതമായ അവകാശത്തിലോ അല്ലാത്തതുമാകുന്നതും ആസ്തി എല്ലാ ബാധ്യതകളിൽ നിന്നും ഉടമസ്ഥാവകാശത്തിലുള്ള പോരായ്മകളിൽ നിന്നും മോചിതവും ആകുന്നുവെന്നും പ്രതിപാദിക്കുകയും ആസ്തിയെ സംബന്ധിച്ച് ഇപ്രകാരം കൂടുതലായി പ്രമാണീകരിക്കുകയും ചെയ്യുന്നു:

- ബോറോവർ(മാരും) / ആസ്തിയുടെ ഉടമയും ഇതിനു കീഴിലുള്ള ഷെഡ്യൂളിൽ കൂടുതൽ വിശിഷ്യാ വിവരിച്ചിട്ടുള്ള വസ്തുക്കൾക്കും മറ്റു സ്ഥാവര വസ്തുക്കൾക്കും അവയിലുള്ള എല്ലാ കെട്ടിടങ്ങളോടും നിർമ്മിതികളോടും ഒപ്പം കൈവശാവകാശമുള്ളവരും അനുഭവിക്കുന്നവരും അല്ലെങ്കിൽ മറ്റു തരത്തിൽ പൂർണ്ണമായും പര്യാപ്തമായ വിധത്തിലും അവകാശപ്പെട്ടവരും ആകുന്നു.
- ആസ്തി ബിൽട് അപ് സ്ഥലങ്ങൾ ആയതിനാൽ അനുമതിയൊന്നും ആവശ്യമില്ലാത്ത ബിൾട് അപ്പ് ഏര്യയ്ക്ക് മേലുള്ള ഒരു ചാർജ് ഉൾപ്പെടെ കമ്പനിയ്ക്ക് അനുകൂലമായി ടൈറ്റിൽ ഡീഡുകൾ നിക്ഷേപിച്ചുള്ള പണയത്തിലൂടെ മാത്രം പണയം വയ്ക്കപ്പെടുന്നതാണ്;
- 1976 ലെ അർബൻ ലാൻഡ് (സീലിംഗ് & റെഗുലേഷൻ) ആക്ടിന്റെ വ്യവസ്ഥകൾ ഷെഡ്യൂൾ സൂചിത വസ്തുവിന്/ക്കൾക്ക് ബാധകമായിരിക്കില്ല. (അല്ലെങ്കിൽ)
- ബോറോവർ / ആസ്തിയുടെ ഉടമ 1976 ലെ അർബൻ ലാൻഡ് (സീലിംഗ് & റെഗുലേഷൻ) ആക്ടിൽ നിഷ്കർഷിച്ചിരിക്കുന്ന പരിധികൾക്ക് ഉപരിയായുള്ള സ്ഥലങ്ങൾ കൈവശം നിലനിർത്തുന്നതിനായി അതിനു കീഴലുള്ള അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ട് / അനുമതി കരസ്ഥമാക്കിയിട്ടുണ്ട്.
- ആസ്തി എല്ലാ ബാദ്ധ്യകളിൽ നിന്നും ചാർജുകളിൽ നിന്നും (നിമയപരമായതോ മറ്റുവിധത്തിലുള്ളതോ), ക്ലെയിമുകളിൽ നിന്നും ഡിമാൻഡുകളിൽ നിന്നും മുക്തമാണ്, കൂടാതെ അതോ അവയിൽ ഏതെങ്കിലുമോ അതിന്റെ ഏതെങ്കിലും ഭാഗമോ ഏതെങ്കിലും ലീൻ ഡിസ് പെൻഡൻസിനോ, അറ്റാച്ച്മെന്റിനോ, ഏതെങ്കിലും കോടതിയോ അർദ്ധ ജുഡീഷ്യൽ അല്ലെങ്കിൽ മറ്റ് അധികൃതരോ ആർബിട്രൽ ട്രിബ്യൂണലോ പുറപ്പെടുവിച്ചിട്ടുള്ള നടപടികൾക്ക് വിധേയമല്ല, കൂടാതെ ബോറോവർ/ആസ്തികളുടെ ഉടമ അതുമായി ബന്ധപ്പെട്ട് ഏതെങ്കിലും ട്രസ്റ്റ് സൃഷ്ടിച്ചിട്ടില്ല, കൂടാതെ പ്രസ്തുത വസ്തു/ക്കൾ അത് വാങ്ങിയ/ഏറ്റെടുത്ത/പാട്ടത്തിനെടുത്ത തീയതി മുതൽ ബോറോവറുടെ/ആസ്തികളുടെ ഉടമയുടെ മാത്രം അഭംഗുരവും തടസ്സമില്ലാത്തതുമായ കൈവശത്തിലും അനുഭവത്തിലുമാണെന്നും പ്രസ്തുത ആസ്തിയുമായി അല്ലെങ്കിൽ അവയിൽ ഏതെങ്കിലുമായി അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗവുമായി ബന്ധപ്പെട്ട് ബോറോവർക്ക്/ആസ്തികളുടെ ഉടമയ്ക്ക് എതിരായി ഒരു പ്രതികൂല ക്ലെയിമുകളും ഉന്നയിക്കപ്പെട്ടിട്ടില്ലെന്നും അവ അക്വിസിഷന്റെയോ റിക്വിസിഷന്റെയോ ഏതെങ്കിലും നോട്ടീസുകളാൽ ബാധിക്കപ്പെട്ടിട്ടില്ലെന്നും, കൂടാതെ 1961 ലെ ആദായ നികുതി

കോബോറോവർ(മാർ)

ബോറോവർ(മാർ)

നിയമത്തിനു കീഴിലോ ഇന്ത്യയിൽ നിലവിൽ പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിനു കീഴിലോ ബോറോവർക്ക്/ആസ്തികളുടെ ഉടമയ്ക്ക് എതിരായി ഒരു നടപടികളും തീർപ്പാകാതിരിക്കുകയോ തുടക്കംകുറിക്കുകയോ ചെയ്തിട്ടില്ലെന്നും, കൂടാതെ ആസ്തിക്ക് അല്ലെങ്കിൽ അവയിൽ ഏതിനെങ്കിലും അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗത്തിന് എതിരായി ഒരുവിധത്തിലുള്ള അറ്റാച്ച്മെന്റും തീർപ്പാകാതെ ശേഷിക്കുന്നില്ല. ബോറോവർക്ക് / ആസ്തി(കളു)ടെ ഉടമക്ക് എതിരെ ആരംഭിച്ചിട്ടുള്ള എന്തെങ്കിലും നിയമ വ്യവഹാരത്തെയോ, മദ്ധ്യസ്ഥതയെയോ, ഭരണപരമായതോ അല്ലാത്തതോ ആയ നടപടികളെയോ കുറിച്ച് ബോറോവർ ഉടനടി കമ്പനിയെ അറിയിക്കുന്നതാണ്.

- ബോറോവർക്ക്/ആസ്തിയു(കളു)ടെ ഉടമയ്ക്ക് പ്രസ്തുത വസ്തു/ക്കളുടെ മേൽ വ്യക്തവും വിപണനം ചെയ്യാനാവുന്നതുമായ അവകാശമുണ്ട് കൂടാതെ കമ്പനിക്ക് അനുകൂലമായി ആസ്തിയുടെ മേൽ പണയം വഴിയായി ഈട് അല്ലെങ്കിൽ ചാർജ് സൃഷ്ടിക്കുന്നതിൽ നിന്നും ബോറോവറെ/ആസ്തിയു(കളു)ടെ ഉടമയെ തടയുന്ന ഏതെങ്കിലും പ്രവൃത്തിയെ, ഡീഡിനെ, സംഗതിയെ, അല്ലെങ്കിൽ കാര്യത്തെ അല്ലെങ്കിൽ സാഹചര്യത്തെ കുറിച്ച് ബോറോവർക്ക്/ആസ്തിയു(കളു)ടെ ഉടമയ്ക്ക് അറിയില്ല കൂടാതെ ആവശ്യമെങ്കിൽ ബോറോവർ/ആസ്തിയു(കളു)ടെ ഉടമ എല്ലാ സമയത്തും കൂടാതെ കമ്പനി അങ്ങനെ ആവശ്യപ്പെടുമ്പോഴും, കമ്പനിക്ക് തൃപ്തികരമായ വിധത്തിൽ ആസ്തിയുടെ മേൽ വ്യക്തവും വിപണനം ചെയ്യാനാവുന്നതുമായ ഒരു അവകാശം തയ്യാറാക്കുന്നതുമാണ്.

- ബോറോവർ എല്ലാ റെന്റുകളും, റോയൽറ്റികളും കൂടാതെ പ്രൊവിഡന്റ് ഫണ്ട് ഡ്യൂസും, ഗ്രാറ്റുവിറ്റി ഡ്യൂസും, എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് ഡ്യൂസും, വരുമാന നികുതിയും, വില്പന നികുതിയും, കോർപറേഷൻ നികുതിയും, ഭാരത സർക്കാറിന് അല്ലെങ്കിൽ ഏതെങ്കിലും സംസ്ഥാന സർക്കാറിന് അല്ലെങ്കിൽ ഏതെങ്കിലും പ്രാദേശിക അധികൃതർക്ക് അടയ്ക്കേണ്ടതിനുള്ള മറ്റെല്ലാ നികുതികളും വരുമാനങ്ങളും ശരിയായി അടച്ചിട്ടുണ്ട്, കൂടാതെ അത്തരം ഡ്യൂസ്, റെന്റുകൾ, റോയൽറ്റികൾ, നികുതികൾ, വരുമാനങ്ങൾ ഒന്നും നിലവിൽ കുടിശികയില്ലാത്തതും, ഏകെങ്കിലും നികുതി കുടിശികയുമായോ മറ്റു സർക്കാർ വരുമാനവുമായോ ബന്ധപ്പെട്ട് ബോറോവർക്ക്/ആസ്തിയുടെ ഉടയമക്ക് ഏതെങ്കിലും അറ്റാച്ച്മെന്റുകളോ വാറന്റുകളോ സെർവ് ചെയ്തിട്ടില്ലാത്തതുമാകുന്നു.

- ആസ്തി കമ്പനിക്ക് അനുകൂലമായി അന്യാധീനപ്പെടുത്തുന്നതിനായി 1961 ലെ ആദായ നികുതി നിയമത്തിന്റെ സെക്ഷൻ 281 (i) (ii) ൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതമായി ആദായ നികുതി അധികൃതരിൽ നിന്നും ആവശ്യമായ സമ്മതം ബാറോവർ/ആസ്തിയുടെ ഉടമ കരസ്ഥമാക്കിയിട്ടുണ്ട്.

- ആസ്തി, ബോറോവർ/ഉടമ അല്ലെങ്കിൽ അവരുടെ ബന്ധപ്പെട്ട പ്രമോട്ടർമാർ ഏർപ്പെട്ടിട്ടുള്ള ഏത് കരാറുകളിലെയും ഏതെങ്കിലും തരത്തിലുള്ള ഒരു നോൺ-ഡിസ്പോസൽ വാഗ്ദാനങ്ങളാൽ കവർ ചെയ്യപ്പെടുന്നില്ല കൂടാതെ കമ്പനിക്ക്

അനുകൂലമായി ഒരു പണയം സൃഷ്ടിക്കുന്നതിന് ബോറോവർക്ക്/ഉടമയ്ക്ക് ഏതെങ്കിലും മുൻകൂർ അംഗീകാരം ആവശ്യമില്ല.

f) ബോറോവർ/ ആസ്തിയുടെ ഉടമ ആസ്തിയോ ഈടോ അവയുടെ ഏതെങ്കിലും ഭാഗമോ വില്ക്കുകയോ, ഏതെങ്കിലും ബാദ്ധ്യത സൃഷ്ടിക്കാനോ, ചാർജ്,കൈമാറ്റം , അസൈൻ ചെയ്യാനോ, പണപ്പെടുത്താനോ, പ്ലെഡ്ജ് ചെയ്യാനോ, ഹൈപോതിക്കേറ്റ് ചെയ്യാനോ, വാടകയ്ക്ക് കൊടുക്കാനോ, സറണ്ടർ ചെയ്യാനോ പാടില്ല.

g) ആസ്തി കേന്ദ്ര സർക്കാറിന്റെ/ സംസ്ഥാന സർക്കാറിന്റെ അല്ലെങ്കിൽ ഇംപ്രൂവ്മെന്റ് ട്രസ്റ്റിന്റെ അല്ലെങ്കിൽ മറ്റേതെങ്കിലും പബ്ലിക്ക് ബോഡിയുടെ അല്ലെങ്കിൽ പ്രാദേശിക അധികൃതരുടെ ഏതെങ്കിലും സ്കീമുകളാൽ അല്ലെങ്കിൽ കേന്ദ്ര/സംസ്ഥാന സർക്കാറിന്റെ അല്ലെങ്കിൽ ഏതെങ്കിലും കോർപറേഷന്റെ അല്ലെങ്കിൽ പ്രാദേശിക അധികൃതരുടെ റോഡ് അലൈൻമെന്റിനാൽ, വീതികൂട്ടലിനാൽ അല്ലെങ്കിൽ നിർമ്മാണത്തിനാൽ ബാധിക്കപ്പെടുകയോ അവയിൽ ഉൾപ്പെടുകയോ ചെയ്യുന്നില്ല.

h) വായ്പ നിലനിൽക്കുന്ന കാലയളവിൽ ആസ്തി നല്ല ക്രമത്തിലും അവസ്ഥയിലും പരിപാലിക്കുകയും അവയിൽ ആവശ്യമായ എല്ലാ അറ്റകുറ്റപ്പണികളും, കൂട്ടിച്ചേർക്കലുകളും മെച്ചപ്പെടുത്തലുകളും നടത്തുകയും ചെയ്യുന്നതും, ബോറോവർ/ ഉടമ ആസ്തിയിലോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗത്തിനു മേലോ ഏതെങ്കിലും അറ്റാച്ച്മെന്റ് അല്ലെങ്കിൽ ഡിസ്ട്രസ്സ് നടപ്പിലാക്കാൻ അനുവദിക്കുകയോ ഇതിലുള്ള ഈടിനെ ദോഷകരമായി ബാധിക്കുകയോ അപകടപ്പെടുത്തുകയോ ചെയ്യുന്ന എന്തെങ്കിലും അനുവദിക്കുകയോ ചെയ്യുന്നതല്ല.

i) ബോറോവർ/ഉടമ ആസ്തി ഏതെങ്കിലും തെറ്റായ അല്ലെങ്കിൽ നിയമവിരുദ്ധ അല്ലെങ്കിൽ നിയമാനുസരണമല്ലാത്ത പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുകയോ, തെറ്റായ അല്ലെങ്കിൽ നിയമവിരുദ്ധ അല്ലെങ്കിൽ നിയമാനുസരണമല്ലാത്ത ഏതെങ്കിലും പ്രവൃത്തിക്കായി അനുരൂപമാക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാൻ പാടില്ല.

j) ബോറോവർ തങ്ങളെയും തങ്ങളുടെ ബിസിനസ്സിനെയും അല്ലെങ്കിൽ ആസ്തിയെയും നിർബന്ധിതമാക്കുന്ന ബാധകമായ നിയമങ്ങളുടെ, ചട്ടങ്ങളുടെ അസോസിയേഷന്റെ ബൈലോകളുടെ എല്ലാ നിബന്ധനകളും വ്യവസ്ഥകളും ശരിയായും കൃത്യമായും അനുവർത്തിക്കുകയും ഈട് നിലനിർത്തുന്നതിനുള്ള ചാർജുകളും, ഈടുമായി കൂടാതെ/അല്ലെങ്കിൽ അതിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട് അടയ്ക്കേണ്ടതായ മറ്റ് ഡ്യൂസ് മുതലായവയും അടയ്ക്കുകയും ചെയ്യുന്നതാണ്,

k) ബോറോവർ എല്ലാ നികുതികളും, ഔട്ട്ഗോയിംഗ്സും, പബ്ലിക് ഡിമാൻഡുകളും, ഏതെങ്കിലും സർക്കാറിന് തദ്ദേശ സ്ഥാപനത്തിന് അല്ലെങ്കിൽ അധികൃതർക്ക് അടയ്ക്കേണ്ട നിയമപരമായ ഡ്യൂസും അടച്ചിട്ടുള്ളതാണ്, കൂടാതെ അടയ്ക്കുന്നതുമാണ്, ബോറോവർക്ക് ഏതെങ്കിലും വ്യക്തിയിൽ നിന്നോ അധികൃതരിൽ നിന്നോ ഏതെങ്കിലും ഡിമാന്റോ, ക്ലെയിമോ നോട്ടീസോ ലഭിച്ചിട്ടില്ലാത്തതുമാകുന്നു, കൂടാതെ കമ്പനി ആവശ്യപ്പെടുമ്പോൾ പേയ്മെന്റുകൾ നടത്തിയതിന്റെ രസീതുകൾ ഹാജരാക്കുന്നതുമാണ്. മാത്രമല്ല, തവണകളിന്മേൽ സർക്കാർ അല്ലെങ്കിൽ ഇതിനു കീഴിലുള്ള ഇടപാട് മൂലം ചുമത്തുന്ന

കോബോറോവർ(മാർ)

ബോറോവർ(മാർ)

അല്ലെങ്കിൽ ചുമത്തിയേക്കാവുന്ന അല്ലെങ്കിൽ ഈ കരാറിൽ ഏർപ്പെട്ടതു മൂലം കമ്പനി അയ്ക്കുന്നതോ അടയ്ക്കേണ്ടിവരുന്നതോ ആയ ഏത് നിരക്കുകളാലും, ചാർജുകളാലും, ഇംപോസ്റ്റുകളാലും, ലെവികളാലും കൂടാതെ പണങ്ങളാലും പ്രതിമാസ തവണകൾ ഓട്ടോമാറ്റിക് ആയി വർദ്ധിക്കുന്നതുമാണ്.

l) ആസ്തി കമ്പനിക്ക് അനുകൂലമായി ഫലപ്രദമായി പണയപ്പെടുത്തുന്നതിനും, പ്രസ്തുത പണയം വായ്പ എല്ലാ ചാർജുകളും ചേർത്ത് കമ്പനിക്ക് തൃപ്തികരമായ വിധത്തിൽ പൂർണ്ണമായി തിരിച്ചടയ്ക്കുന്നതു വരെ എല്ലാ സമയത്തും കമ്പനിക്ക് അനുകൂലമായി ശരിയായി റെജിസ്റ്റർ ചെയ്യുന്നതിനുമുള്ള എല്ലാ പ്രവൃത്തികളും, പ്രമാണങ്ങളും, ഉറപ്പുകളും സംഗതികളും, കാര്യങ്ങളും ബോറോവർ നിർവഹിക്കുന്നു എന്നും അതിനുള്ള എല്ലാ ഫോമുകളും, കത്തുകളും മറ്റു രേഖകളും എക്സിക്യൂട്ട് ചെയ്യുന്നു എന്നും,

m) വായ്പ എടുക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള വിവരങ്ങളും പ്രമാണങ്ങളും അതുപോലെ തന്നെ ഈടായുള്ള ആസ്തിയുടെ വ്യവസ്ഥകളും, പൂർണ്ണവും ,സത്യവും, കൃത്യവുമാണെന്നും, വഴിതെറ്റിക്കുന്നതല്ലെന്നും, അതിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും വസ്തുതയോ പ്രസ്താവനയോ വഴിതെറ്റിക്കുന്നതാക്കി തീർക്കുന്ന വിധത്തിൽ വസ്തുതാപരമായ ഒരു കാര്യവും ഒഴിവാക്കിയിട്ടില്ലെന്നും, കമ്പനിയുടെ കൈവശമുള്ള അത്തരം വിവരങ്ങളും പ്രമാണങ്ങളും ബോറോവർ നല്കിയിട്ടുള്ളത് മാത്രമാണ് എന്നു പരിഗണിക്കുന്നതാണെന്നും.

n) പിഴവിന്റെ സംഭവം (ഇതിനുകീഴിൽ നിർവചിച്ചിരിക്കുന്നത് പോലെ) ഒന്നും സംഭവിച്ചിട്ടില്ല, കൂടാതെ ഏതെങ്കിലും പിഴവിന്റെ സംഭവം സംഭവിക്കുകയാണെങ്കിൽ അല്ലെങ്കിൽ സംഭവിക്കാൻ സാദ്ധ്യതയുണ്ടെങ്കിൽ ബോറോവർ അക്കാര്യം കമ്പനിയെ സത്വരമായി അറിയിക്കേണ്ടതാണ്,

o) ബോറോവർ ഇന്ത്യയിൽ സ്ഥിരതമാസക്കാരനായി ഒരു ഭാരതീയനാണെന്നും, ഈ സൗകര്യത്തിന്റെ കാലാവധി വേളയിൽ അത്തരത്തിൽ തന്നെ തുടരുന്നതാണെന്നും, നിലവിൽ തിരിച്ചടയ്ക്കാൻ ബാക്കിനിൽക്കുന്ന തുക പലിശയും മറ്റു ഡ്യൂസും ആ സമയത്ത് പ്രാബല്യത്തിലുള്ള നിയമങ്ങൾ പ്രകാരമുള്ള പ്രീ-പേയ്മെന്റ് ചാർജുകളും ചേർത്ത് പൂർണ്ണമായി തിരിച്ചടയ്ക്കാതെ ബോറോവർ ജോലിയ്ക്കായോ ബിസിനസ്സിനായോ അല്ലെങ്കിൽ ദീർഘകാലം വിദേശത്ത് താമസിക്കുന്നതിനായോ ഇന്ത്യ വിട്ടുപോകുന്നതല്ല എന്നും.

p) ബോറോവർ ഏത് വ്യക്തിയ്ക്കും കൊടുക്കാനുള്ള ഏത് തുകയും അടയ്ക്കുന്നതിൽ വീഴ്ച്ച വരുത്തിയിട്ടില്ല എന്നും കൂടാതെ/അല്ലെങ്കിൽ ഈ കരാർ എക്സിക്യൂട്ട് ചെയ്യുന്നതിനു മുമ്പ് ഏതെങ്കിലും വായ്പ, നിക്ഷേപം, അഡ്വാൻസ്, ഗ്യാരന്റി അല്ലെങ്കിൽ മറ്റ് ധനകാര്യ സൗകര്യം ബോറോവർക്ക് ബോറോവറുടെ ആവശ്യപ്രകാരം പ്രദാനം ചെയ്തിട്ടുള്ള ഏതെങ്കിലും വ്യക്തിയുമായി ഏർപ്പെട്ടിട്ടുള്ള (അവരുടെ വ്യക്തിപരമായ ശേഷിയിലായാലും തങ്ങളുടെ നിയന്ത്രണത്തിലുള്ള മറ്റു വ്യക്തികളിലൂടെയായാലും) ഒരു കരാറും ലംഘിച്ചിട്ടില്ല എന്നും ബോറോവർ പ്രസ്തുത സൗകര്യങ്ങൾ ഏതെങ്കിലുമുണ്ടെങ്കിൽ അവയുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും ബോറോവർ വെളിപ്പെടുത്തിയിട്ടുണ്ട്.

കോബോറോവർ(മാർ)

ബോറോവർ(മാർ)

q) കടമെടുക്കുന്ന ആളുടെ സ്ഥാപനത്തിന്റെ അടച്ചു പൂട്ടൽ/ പാപ്പരത്വം/ മരണം/ ലയനം, സംയോജനം അല്ലെങ്കിൽ കൂട്ടിയോജിപ്പിക്കൽ / പുനഃ സംഘടിപ്പിക്കൽ അല്ലെങ്കിൽ കടക്കാരന്റെ മറ്റേതെങ്കിലും അല്ലെങ്കിൽ മാനേജ്മെന്റിന്റെ ഏറ്റെടുക്കൽ അല്ലെങ്കിൽ കടം വാങ്ങുന്നവരുടെ സ്ഥാപനത്തിന്റെ എന്നിവ ഒന്നും തന്നെ കടം വാങ്ങുന്നവരുടെ കത്തിലെ കുടിശ്ശികയെ ബാധിക്കുകയോ, ഇടിവു വരുത്തുകയോ അല്ലെങ്കിൽ കടത്തിൽ നിന്ന് മുക്തമാകുകയോ ചെയ്യുകയില്ല. ബോറോവറുടെ ഏതെങ്കിലും ഡയറക്ടർമാരെ/ പാർട്ണറെ / മെംബറെ, ബാധകമായിരിക്കുന്നത് പോലെ, ബോധപൂർവ്വം വീഴ്ച്ച വരുത്തിയ ഒരു വ്യക്തിയായി പ്രഖ്യാപിച്ചിട്ടില്ല. ബാധപൂർവ്വം വീഴ്ച്ച വരുത്തിയ ഒരു വ്യക്തിയായി പ്രഖ്യാപിച്ചിട്ടുള്ള ഒരു വ്യക്തിയെ ഒരു എന്റിറ്റിയുടെ ഡയറക്ടർ/ പാർട്ണർ / മെംബർ ആയി ബോറോവർ ഉൾപ്പെടുത്താൻ പാടില്ല. ഒരു എന്റിറ്റിയുടെ ഡയറക്ടർ/ പാർട്ണർ / മെംബർ ആയിരിക്കുന്ന ഏതെങ്കിലും വ്യക്തി **ബോധപൂർവ്വം**വീഴ്ച്ച വരുത്തിയ ഒരു വ്യക്തിയായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതായി കണ്ടെത്തുകയാണെങ്കിൽ അത്തരം വ്യക്തിയെ നീക്കം ചെയ്യുന്നതിനുള്ള സത്വരവും ഫലപ്രദവുമായ നടപടികൾ ബോറോവർ സ്വീകരിക്കേണ്ടതാണ്.

r) വായ്പയെടുക്കുന്നയാളുടെ ബന്ധപ്പെട്ട എല്ലാ അക്കൌണ്ടുകളുമായി കമ്പനിക്ക് കടക്കാരുടെ സ്വത്ത് കൈവശം വയ്ക്കാൻ അധികാരം നൽകുന്ന അവകാശമുണ്ട.് പിന്നീട് ചേർക്കപ്പെട്ട മറ്റ് അക്കൗണ്ടുകൾ/ വായ്പയെടുത്ത ആളുമായി ബന്ധപ്പെട്ട മറ്റു അക്കുണ്ടുകൾ എന്നിവയും ഇതിൽ ഉൾപ്പെടും (ബന്ധപ്പെട്ട അക്കൗണ്ടുകൾ എന്ന് ഇവിടെ പരാമർശിച്ചതിൽ വായ്പയെടുത്തയാൾ ഗ്യാരണ്ടർ ആയിട്ടുള്ളവ അടക്കമുള്ള മറ്റ് അക്കൗണ്ടുകൾ ഉൾപ്പെടെ, അല്ലെങ്കിൽ കമ്പനി ആക്ട്, 2013 ലെ നിർവചിച്ചതുപോലെ അദ്ദേഹത്തിന്റെ ഏതെങ്കിലും ബന്ധുക്കൾ അല്ലെങ്കിൽ കമ്പനിയിൽ നിന്നും ലഭിക്കുന്ന ഏതെങ്കിലും സാമ്പത്തിക സൌകര്യത്തിന് ഒരു കടക്കാരനോ അല്ലെങ്കിൽ ഗാരൻറേറോ ആയ അവരുടെ പങ്കാളികളിൽ എന്നിവരുടെ അക്കൗണ്ടുകളും ഉൾപ്പെടും)

s) കമ്പനി അല്ലെങ്കിൽ കമ്പനിയുടെ മറ്റേതെങ്കിലും അധികാരപ്പടുത്തപ്പെട്ട പ്രതിധിധി അയയ്ക്കുന്ന എല്ലാ സ്റ്റേറ്റ്മെന്റ്സ് ഓഫ് അക്കൗണ്ടും ബോറോവർക്ക് സ്വീകാര്യമാണെന്നും, ബോറോവറിൽ നിന്നും ഡ്യൂ ആയതായി അവകാശപ്പെട്ടിട്ടുള്ള ഏത് ക്ലെയിമുകളുടെയും പിഴവില്ലായ്മയുടെ പൂർണ്ണമായ തെളിവായിരിക്കുന്നതാണ്.

t) ഏത് നോട്ടീസും അല്ലെങ്കിൽ എഴുത്തുകുത്തുകളും ബോറോവർ നല്കിയിരിക്കുന്ന മേൽവിലാസത്തിലേക്ക് അയയ്ക്കേണ്ടതും അത് അയച്ച തീയതി മുതൽ 3 ദിവസങ്ങൾക്കകം മേൽവിലാസക്കാരന് ,സെർവ് ചെയ്തതായി കണക്കാക്കുന്നതും, ബോറോവറുടെ മേൽവിലാസത്തിൽ എന്തെങ്കിലും മാറ്റമുണ്ടാകുകയാണെങ്കിൽ അക്കാര്യം ഉടനടി തന്നെ കമ്പനിയെ അറിയിക്കേണ്ടതും ഇതിൽ വീഴ്ച്ച വരുത്തുന്ന പക്ഷം അവസാനം അവർ നല്കിയ മേൽവിലാസത്തിലേക്ക് അയയ്ക്കുന്ന നോട്ടീസ് അല്ലെങ്കിൽ എഴുത്തുകുത്ത് അവർക്ക് സെർവ് ചെയ്തതായി കണക്കാക്കുന്നതാണ്.

u) ഏതെങ്കിലും ചെക്ക് പ്രസന്റ് ചെയ്യുന്നതിൽ നിന്ന് വിട്ടുനല്ക്കണമെന്ന് കമ്പനിയോട് ആവശ്യപ്പെടുന്നതിനോ കൂടാതെ/അല്ലെങ്കിൽ അക്കൗണ്ടുള്ള ബാങ്കിലേക്ക് സ്റ്റോപ്പ് പേയ്മെന്റ് നിർദേശങ്ങൾ വഴിയായോ മറ്റേതെങ്കിലും കാരണത്താലോ പേയ്മെന്റ് സംബന്ധിച്ച

ഏതെങ്കിലും നിർദേശം നല്കുന്നതിനോ ബോറോവർക്ക് അവകാശമില്ലാതിരിക്കുന്നതും, ബോറോവർ അങ്ങനെ ചെയ്യുകയാണെങ്കിൽ, എന്തുതന്നെയായാലും ചെക്കു(കൾ) പ്രസന്റ് ചെയ്യുന്നതിന് കൂടാതെ/അല്ലെങ്കിൽ പേയ്മെന്റിനായി കമ്പനിക്ക് നല്കിയിരിക്കുന്ന ഏത് നിർദേശങ്ങളും നടപ്പിലാക്കുന്നതിന് കമ്പനിക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

v) കമ്പനിയുടെ രേഖാമൂലമുള്ള മുൻകൂർ സമ്മതം കൂടാതെ കടമെടുത്ത പണത്തിനോ അല്ലെങ്കിൽ മറ്റുവിധത്തിലോ ദീർഘകാല സ്വഭാവത്തിലുള്ള ഏതെങ്കിലും കൂടുതലായുള്ള കടബാദ്ധ്യത സൃഷ്ടിക്കുകയോ, ഉത്തരവാദിത്തം ഏറ്റെടുക്കുകയോ അല്ലെങ്കിൽ വരുത്തിവയ്ക്കുകയോ ചെയ്യുന്നതല്ലെന്നും, മറ്റു ബാങ്കുകളിൽ നിന്നോ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ ഏതെങ്കിലും തുക കടമെടുക്കുന്നതിനു മുമ്പ് കമ്പനിയിൽ നിന്നും രേഖാമൂലമുള്ള മുൻകൂർ സമ്മതം കരസ്ഥമാക്കുന്നതാണെന്നും ബോറോവർ സമ്മതിക്കുന്നു.

w) തവണകളും വായ്പയുമായി ബന്ധപ്പെട്ട മറ്റു തുകകളും കമ്പനി സ്വീകരിക്കുന്നു/വസൂലാക്കുന്നു എന്നുറപ്പാക്കുന്നതിന് പര്യാപ്തമായ ഫണ്ടുകൾ തന്റെ/തങ്ങളുടെ ബാങ്ക് അക്കൗണ്ടിൽ എല്ലാ സമയത്തും ബോറോവർ പരിപാലിക്കുന്നതാണ്.

x) ബാധകമായിരിക്കുന്ന പരിധിയോളം ഈ സൗകര്യം പ്രയോജനപ്പെടുത്തുന്നതും ഈ കരാറിനു കീഴിലുള്ള അവകാശങ്ങളുടെ വിനിയോഗവും ബാദ്ധ്യതകളുടെ നിർവഹണവും, സ്വകാര്യവും വാണിജ്യപരവുമായ ഉദ്ദേശ്യങ്ങൾക്കായി നടത്തുകയും നിർവഹിക്കുകയും ചെയ്യുന്ന സ്വകാര്യവും വാണിജ്യപരവുമായ പ്രവൃത്തികളെ കുറിക്കുന്നതാണ്.

y) മാനക നിബന്ധനകൾ കൂടാതെ മറ്റ് ഇടപാട് പ്രമാണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ഹർജി, എക്സിക്യൂഷൻ, അറ്റാച്ച്മെന്റ് അല്ലെങ്കിൽ ഏതെങ്കിലും നടപടിക്രമങ്ങളിലെ മറ്റു നിയമ നടപടികൾ എന്നിവയിൽ നിന്ന് സ്വന്തമായി അല്ലെങ്കിൽ വസ്തുവിനായി/വസ്തുക്കൾക്കായി ബാദ്ധ്യതയില്ലായ്മ അവകാശപ്പെടാൻ ബോറോവർക്ക് അവകാശമില്ലാത്തതും അവകാശപ്പെടാൻ പാടില്ലാത്തതുമാകുന്നു

z) വായ്പ ആവശ്യപ്പെട്ടിരിക്കുന്നത് ഏത് പ്രോജക്ടിനായാണോ അത് അല്ലെങ്കിൽ ബോറോവറുടെ സ്ഥലങ്ങൾ, ഫാക്ടറികൾ, കൂടാതെ മറ്റ് വസ്തു/ആസ്തികൾ, അക്കൗണ്ട് ബുക്കുകൾ കൂടാതെ പ്രസക്തമായ മറ്റെല്ലാ അക്കൗണ്ടുകളും, പ്രമാണങ്ങളും രേഖകളും കാലാകാലങ്ങളിൽ സന്ദർശിക്കുന്നതിനും പരിശോധിക്കുന്നതിനും കമ്പനിയുടെ പ്രതിനിധികളെ കൂടാതെ/അല്ലെങ്കിൽ നോമിനികളെ ബോറോവർ അനുവദിക്കേണ്ടതാണ്. ഇത്തരം സന്ദർശനങ്ങളുടെ കൂടാതെ/അല്ലെങ്കിൽ പരിശോധനകളുടെ വിലകളും ചെലവുകളും ബോറോവർ വഹിക്കേണ്ടതും അടയ്ക്കേണ്ടതുമാണ്.

aa) കമ്പനി കാലാകാലങ്ങളിൽ നിർദേശിച്ചേക്കാവുന്ന പ്രകാരത്തിലുള്ള കമ്പനിയുടെ ക്രെഡിറ്റ് ചട്ടങ്ങൾ ബാറോവർ അനുവർത്തിക്കുകയും പാലിക്കുകയും ചെയ്യേണ്ടതാണ്.

bb) വായ്പാ തുകയുടെ നിർണയം, പലിശയുടെ നിരക്ക്, പലിശയുടെ നിരക്കിലെ വ്യത്യാസപ്പെടുത്തൽ എന്നിവ കമ്പനിയുടെ പരിപൂർണ്ണ വിവേചനത്തിൽ ആയിരിക്കുന്നതും, ആയത് ബോറോവർ അവയ്ക്കുമേൽ തർക്കമുന്നയിക്കാൻ പാടില്ലാത്തതുമാകുന്നു.

കോബോറോവർ(മാർ)

ബോറോവർ(മാർ)

cc) ബോറോവറുടെ പാപ്പരാകലിനായി/അടച്ചുപൂട്ടലിനായി ഫയൽ ചെയ്യുന്ന അല്ലെങ്കിൽ ഫയൽ ചെയ്യാൻ ഉദ്ദേശിക്കുന്ന അപേക്ഷയുടെ/പരാതിയുടെ ഒരു നോട്ടീസ് ബോറോവർക്ക് ലഭിക്കുകയാണെങ്കിൽ; അല്ലെങ്കിൽ ബോറോവർക്കെതിരെ ഫയൽ ചെയ്യാനുള്ള അല്ലെങ്കിൽ ഫയൽ ചെയ്യാൻ ഉദ്ദേശിക്കുന്ന അല്ലെങ്കിൽ സ്വീകരിക്കാൻ പോകുന്ന മറ്റേതെങ്കിലും നിയമ നടപടികളുടെ ഒരു നോട്ടീസ് ബോറോവർക്ക് ലഭിക്കുകയാണെങ്കിൽ; അല്ലെങ്കിൽ ബോറവറുടെ ഏതെങ്കിലും വസ്തുക്കൾക്ക്, ബിസിനസ്സിന് അല്ലെങ്കിൽ സ്ഥാപനത്തിന് ഒരു കസ്റ്റോഡിയനെ അല്ലെങ്കിൽ റിസീവറെ നിയമിക്കുകയാണെങ്കിൽ; അല്ലെങ്കിൽ ബോറവറുടെ ഏതെങ്കിലും വസ്തുക്കളുടെ, ബിസിനസ്സിന്റെ അല്ലെങ്കിൽ സ്ഥാപനത്തിന്റെ ഏതെങ്കിലും ഭാഗം അറ്റാച്ച് ചെയ്യപ്പെടുകയാണെങ്കിൽ അക്കാര്യം ഉടനടി കമ്പനിയുടെ ശ്രദ്ധയിൽ പെടുത്തുന്നതിന്.

dd) ആവശ്യമെന്നു കരുതപ്പെടുന്ന എല്ലാ പ്രവൃത്തികളും ചെയ്യാൻ കമ്പനിയെ അധികാരപ്പെടുത്തിക്കൊണ്ടുള്ള പിൻവലിക്കാനാവാത്തതും ബോറോവറുടെ/ഉടമയുടെ മരണത്താൽ/ പിരിച്ചുവിടലിനാൽ/ അടച്ചുപൂട്ടലിനാൽ പിൻവലിക്കപ്പെടാത്തതുമായ ഒരു മുക്ത്യാർ ബോറോവർ എക്സിക്യൂട്ട് ചെയ്യേണ്ടതാണ്/ അത്തരത്തിലൊന്ന് ആസ്തിയുടെ ഉടമ എക്സിക്യൂട്ട് ചെയ്യുന്നതാണെന്ന് ഉറപ്പാക്കേണ്ടതാണ്, കൂടാതെ ബോറോവറുടെ/ ആസ്തിയുടെ ഉടമയുടെ മരണം/ പിരിച്ചുവിടൽ/ അടച്ചുപൂട്ടൽ സംഭവിച്ചാൽ പോലും പണയപ്പെടുത്തിയിരിക്കുന്ന വസ്തു അത്തരം മുക്ത്യാർ പ്രകാരം കമ്പനി വില്പന നടത്തിയേക്കാവുന്നതുമാണ്.

ee) ബോറോവർ ആർക്കെങ്കിലും ജാമ്യം നില്ക്കാൻ അല്ലെങ്കിൽ ഏതെങ്കിലും സൗകര്യത്തിന്റെ തിരിച്ചടവ്/പേയ്മെന്റ് ഗ്യാരന്റി ചെയ്യാൻ പാടില്ല.

ff) ബോറോവർ വായ്പയുടെ നിബന്ധനകളുടെ അനുവർത്തനത്തിനായി കമ്പനിക്ക് കാലാകാലങ്ങളിൽ ആവശ്യമായിരിക്കുന്നതായ എല്ലാ വിവരങ്ങളും, സ്റ്റേറ്റ്മെന്റുകളും, വിശദാംശങ്ങളും, എസ്റ്റിമേറ്റുകളും, റിപ്പോർട്ടുകളും ലഭ്യമാക്കേണ്ടതും ബോറോവറുടെ ഓഡിറ്റ് ചെയ്യാത്ത ത്രൈമാസിക വരുമാന സ്റ്റേറ്റ്മെന്റുകൾ കമ്പനിക്ക് തൃപ്തികരമായ രൂപത്തിലും വിശദാംശങ്ങളോടെയും ഓരോ ത്രൈമാസ കാലയളവും അവസാനിക്കുന്നതിനു 30 (മുപ്പത്) ദിവസങ്ങൾക്കുള്ളിലും, ബാലൻസ്-ഷീറ്റും പ്രോഫിറ്റ് ആന്റ് ലോസ് അക്കൗണ്ടും (വിശദാംശങ്ങളോടെ, സംക്ഷിപ്ത രൂപത്തിലല്ല) ഉൾപ്പെടെ ഓഡിറ്റ് ചെയ്ത ധനകാര്യ സ്റ്റേറ്റ്മെന്റുകളുടെ പകർപ്പ് ഓരോ ധനകാര്യ വർഷവും അവസാനിച്ച് 120 (നൂറ്റി ഇരുപത്) ദിവസങ്ങൾക്കുള്ളിലും സമർപ്പിക്കേണ്ടതുമാണ്;

gg) ബോറോവർ ബോറോവറുടെ മെമ്മോറാണ്ടം ആന്റ് ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിലും മറ്റു ഭരണഘടനാപരമായ പ്രമാണങ്ങളിലും വകുപ്പുകളിലും കമ്പനിയുടെ രേഖാമൂലമുള്ള മുൻകൂർ അനുമതി കൂടാതെ ഒരു ഭേദഗതിയും വരുത്താൻ പാടില്ല;

hh) ബോറോവർ അതിന്റെ മാനേജ്മെന്റിൽ കമ്പനിയുടെ രേഖാമൂലമുള്ള മുൻകൂർ അനുമതി കൂടാതെ അതിന്റെ ബിസിനസ്സിന്റെ മാനേജ്മെന്റിൽ ഒരു ഭൗതിക വ്യത്യാസവും പ്രാബല്യത്തിലാക്കാൻ പാടില്ല;

കോബോറോവർ(മാർ)

ബോറോവർ(മാർ)

ii) ബോറോവർ കമ്പനിയുടെ രേഖാമൂലമുള്ള മുൻകൂർ അനുമതി കൂടാതെ ബോറോവറുടെ പ്രയോജനപ്രദമായ ഉടമസ്ഥത ഫലത്തിൽ വ്യത്യാസപ്പെടുന്ന വിധത്തിൽ ബോറോവറുടെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഒരു മാറ്റവും അനുവദിക്കാൻ പാടില്ല;

jj) ബോറോവർ അതിന്റെ ഡ്യൂ തീയതിയിൽ ഏതെങ്കിലും മുതൽ തുകയോ പലിശയോ തിരിച്ചടയ്ക്കാൻ ബാക്കിനില്ക്കുന്നു എങ്കിൽ ഒരു ഡിവിഡന്റും പ്രഖ്യാപിക്കാൻ പാടില്ല. ബോറോവർ ചുവടെ പറയുന്ന കാര്യങ്ങൾ കൂടി ഉടമ്പടി ചെയ്യുന്നു:

(ബോറോവർ ഒരു പാർട്ണർഷിപ്പ് സ്ഥാപനമാണെങ്കിൽ ബാധകമായിരിക്കുന്നത്)

പാർട്ണർഷിപ്പ് സ്ഥാപനത്തിന്റെ ഭരണഘടനയിൽ ഏതെങ്കിലും അല്ലെങ്കിൽ എല്ലാ പാർട്ണർമാരുടെയും ബാദ്ധ്യതയെ ബാധിക്കുകയോ ഡിസ്ചാർജ് ചെയ്യുന്നതായ ഒരുതരത്തിലുള്ള വ്യത്യാസവും കരാറിന്റെ തുടർച്ചയുടെ/ സാധുതയുടെ വേളയിൽ പാബല്യത്തിലാക്കുന്നതല്ല എന്ന് ബോറോവർ സമ്മതിക്കുന്നു. പാർട്ണർമാരുടെ മരണമോ വിരമിക്കലോ സംഭവിക്കുമ്പോൾ, കമ്പനിക്ക് ഉചിതവും ശരിയുമെന്ന് തോന്നുന്ന വിധത്തിൽ, കമ്പനി അതിന്റെ വിവേചനത്തിൽ, വിരമിക്കുന്ന പാർട്ണർക്ക് അല്ലെങ്കിൽ പിന്തുടർച്ചക്കാർക്കും മരണപ്പെട്ട പാർട്ണറുടെ നിയമപരമായ പ്രതിനിധികൾക്കും എതിരെയുള്ള അതിന്റെ അവകാശങ്ങളെ ബാധിക്കാതെ തന്നെ ജീവിച്ചിരിക്കുന്ന കൂടാതെ/അല്ലെങ്കിൽ തുടരുന്ന പാർട്ണർമാരുമായി ഇടപാട് നടത്തുന്നതാണ്/അല്ലെങ്കിൽ മരണപ്പെട്ട പാർട്ണറുടെ പിന്തുടർച്ചാവകാശികൾക്ക്, എക്സിക്യൂട്ടർമാർക്ക്, അഡ്മിനിസ്ട്രേറ്റർമാർക്ക്, നിയമപരമായ പ്രതിനിധികൾക്ക്, അത്തരം ഡീലിംഗുമായി ബന്ധപ്പെട്ട് ഒരു അവകാശവാദവും ഉണ്ടായിരിക്കുന്നതല്ല. കരാറിൽ ഒപ്പുവച്ചിട്ടുള്ള പങ്കാളികൾ സ്ഥിരീകരിക്കുന്നു: (i) അവർ മാത്രമാണ് ഈ കരാറിന്റെ ഷെഡ്യൂളിൽ പേരു പറഞ്ഞിരിക്കുന്ന ഫേമിന്റെ പാർട്ണർമാർ; (ii) പാർട്ണർഷിപ്പ് ഫേം 1932 ലെ ഇന്ത്യൻ പാർട്ണർഷിപ്പ് ആക്ടിനു കീഴിൽ ശരിയായി റെജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതാണ്. (iii) അവർ പാർട്ണർഷിപ്പിൽ സംഭവിച്ചേക്കാവുന്ന ഏത് മാറ്റങ്ങള കുറിച്ചും കമ്പനിയെ അറിയിക്കുന്നതാണ്; (iv) കമ്പനിയുടെ അംഗീകാരം കൂടാതെ അവർ പാർട്ണർഷിപ്പ് പിരിച്ചുവിടില്ല/ പുനസംഘടിപ്പിക്കില്ല; (v) ഈ കരാറിനു കീഴിലുള്ള എല്ലാ ബാദ്ധ്യതകളും നിർവഹിക്കുന്നതിന് എല്ലാ പാർട്ണർമാരും കൂട്ടായും ഒറ്റയ്ക്കും ബാദ്ധ്യസ്ഥരാണ്.

(ബോറോവർ ഒരു ഹിന്ദു അവിഭക്ത കുടുംബം ആണെങ്കിൽ ബാധകമായിരിക്കുന്നത്)

ഹിന്ദു അവിഭക്ത കുടുംബത്തിന്റെ ഘടനയിലെ ഏത് മാറ്റങ്ങളെ കുറിച്ചും എല്ലാ സമയത്തും ആവശ്യമായ പ്രമാണങ്ങളും രേഖകളും സമർപ്പിച്ച് കമ്പനിയെ അറിയിക്കേണ്ടതാണ്. പ്രമാണത്തിന്റെ തുടർച്ചാ/സാധുതാ വേളയിൽ ഹിന്ദു അവിഭക്ത കുടുംബത്തിന്റെ ഘടനയിൽ (സൗകര്യ കരാറിന്റെ ഷെഡ്യൂളിൽ പേര് പറഞ്ഞിരിക്കുന്നത്) ഒരു മാറ്റവും വരുത്തുന്നതല്ലെന്ന് അല്ലെങ്കിൽ ഹിന്ദു അവിഭക്ത കുടുംബത്തിലെ മുതിർന്ന അംഗങ്ങൾ/കോപാഴ്സണേഴ്സ് എല്ലാവരുടെയുമോ അതിൽ ആരുടെയെങ്കിലുമോ ബാദ്ധ്യത ഡിസ്ചാർജ് ചെയ്യുന്നതല്ലെന്നും അത് ഹിന്ദു അവിഭക്ത കുടുംബത്തിന്റെയും, അതിന്റെ എസ്റ്റേറ്റിന്റെയും, ജംഗമങ്ങളുടെയും, പിന്തുടർച്ചക്കാരുടെയും മേലായിരിക്കുമെന്നും ബോറോവർ സമ്മതിക്കുന്നു. ഈ കരാറും പ്രമാണങ്ങളും ഹിന്ദു അവിഭക്ത കുടുംബത്തിന്റെ കർത്തായ്ക്ക് അല്ലെങ്കിൽ തുടർന്നുവരുന്ന ഏത് കർത്തായ്ക്കും അല്ലെങ്കിൽ ഹിന്ദു അവിഭക്ത കുടുംബത്തിന്റെ എല്ലാ മുതിർന്ന കോ-പാഴ്സണർമാർക്കും/അംഗങ്ങൾക്കും എതിരായി നടപ്പിലാക്കുന്നതും, ഹിന്ദു അവിഭക്ത

കുടുംബത്തിനു വേണ്ടിയും തന്റെ വ്യക്തിപരമായ ശേഷിയിലും പ്രവർത്തിക്കുന്ന കർത്തായും ഹിന്ദു അവിഭക്ത കുടുംബത്തിന്റെ മറ്റ് മുതിർന്ന അംഗങ്ങളും/കോപാഴ്സണേഴ്സും കമ്പനിക്ക് ചുവടെ കാര്യങ്ങൾ സമർപ്പിക്കുകയും, ഉറപ്പുനല്കുകയും സ്ഥിരീകരിക്കുകയും ചെയ്യുന്നു:

i. തങ്ങൾ ഹിന്ദു അവിഭക്ത കുടുംബത്തിന്റെ അംഗങ്ങൾ/കോപാഴ്സണേഴ്സ് ആണ്;

ii. കരാറിൽ ഒപ്പ് വച്ചിട്ടുള്ളവർ മാത്രമാണ് ഹിന്ദു അവിഭക്ത കുടുംബത്തിന്റെ മുതിർന്ന അംഗങ്ങൾ;

iii. കരാറിന്റെ ഷെഡ്യൂളിൽ നല്കിയിരിക്കുന്ന പേരിനും സ്റ്റൈലിനും കീഴിൽ നടത്തിവരുന്ന ബിസിനസ്സ് ഒരു പരമ്പരാഗത വ്യാപാരം/ ബിസിനസ്സ് ആയതിനാൽ മൈനർ അംഗങ്ങളാരെങ്കിലുമുണ്ടെങ്കിൽ അവർക്കും ബാധകമായതായ തങ്ങളുടെ കൂട്ടുകുടുംബ വ്യാപാരമാണ്, കരാർ ഏർപ്പെട്ടിരിക്കുന്നത് ഹിന്ദു അവിഭക്ത കുടുംബത്തിനു വേണ്ടിയും അതിന്റെ പേരിലും ആണ്, കൂടാതെ കരാറിൽ പറഞ്ഞിരിക്കുന്ന ഇടപാടുകൾ ഹിന്ദു അവിഭക്ത കുടുംബ ബിസിനസ്സിന്റെ/വ്യാപാരത്തിന്റെ ഒരു ഭാഗമാണ്.

iv. മുകളിൽ സൂചിപ്പിച്ച ഹിന്ദു അവിഭക്ത കുടുംബ ബിസിനസ്സ്/വ്യാപാരം ഹിന്ദു അവിഭക്ത കുടുംബത്തിലെ മുതിർന്ന അംഗങ്ങൾ/കോപാഴ്സണേഴ്സ് ആണ് നടത്തുകയും മാനേജ് ചെയ്യുകയും ചെയ്യുന്നത് അവർ എല്ലാവരും, ഈടിനെതിരെ അല്ലെങ്കിൽ മറ്റുവിധത്തിലുള്ള പ്രമാണങ്ങളുടെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനും, ആവശ്യമായ എല്ലാ ഇൻസ്ട്രുമെന്റുകളും, ഡീഡുകളും, പ്രമാണങ്ങളും, രേഖകളും എക്സിക്യൂട്ട് ചെയ്യുന്നതിനും, ഇടപാട് പ്രമാണങ്ങളുടെ നിബന്ധനകൾ നടപ്പിലാക്കുന്നതിന് ആവശ്യമായതോ അതുമായി ബന്ധപ്പെട്ടതോ ആയ എല്ലാ കാര്യങ്ങളും സംഗതികളും പ്രവൃത്തികളും ചെയ്യുന്നതിനും, ഹിന്ദു അവിഭക്ത കുടുംബത്തിനു വേണ്ടിയും തന്റെ വ്യക്തിപരമായ ശേഷിയിലും പ്രവർത്തിക്കുന്ന കർത്തായുടെ പേരിൽ ചെക്കുകൾ, ബില്ലുകൾ, പ്രോ-നോട്ടുകൾ, ബിൽസ് ഓഫ് എക്സ്ചേഞ്ച്, മറ്റു നെഗോഷ്യബിൾ ഇൻസ്ട്രുമെന്റുകൾ എന്നിവ എക്സിക്യൂട്ട് ചെയ്യുന്നതിനും ഡ്രോ ചെയ്യുന്നതിനും, എൻഡോഴ്സ് ചെയ്യുന്നതിനും, നെഗോഷ്യേറ്റ് ചെയ്യുന്നതിനും വില്ക്കുന്നതിനും കൂട്ടായും വ്യക്തിഗതമായും അധികാരപ്പെടുത്തപ്പെട്ടിട്ടുള്ളവരാണ് കൂടാതെ ഹിന്ദു അവിഭക്ത കുടുംബത്തിന്റെ മറ്റ് മുതിർന്ന കോപാഴ്സണേഴ്സ്/ അംഗങ്ങൾ, കരാറിലും പ്രമാണങ്ങളിലും പറഞ്ഞിരിക്കുന്ന ഇടപാടുകളുടെ പ്രത്യാഘാതമായി അല്ലെങ്കിൽ അവ കാരണമായി അല്ലെങ്കിൽ അവയിൽ നിന്ന് ഉരുത്തിരിയുന്ന സംഗതികൾ മൂലം കമ്പനിക്ക് ഏത് സമയത്തും ഇടവരുന്ന, നേരിടേണ്ടിവരുന്ന, ചെലവാക്കേണ്ടിവരുന്ന ഏതു വിധത്തിലുമുള്ള പ്രവൃത്തികൾക്കും, ക്ലെയിമുകൾക്കും, ഡിമാൻഡുകൾക്കും, നടപടിക്രമങ്ങൾക്കും, നഷ്ടങ്ങൾക്കും, ഡാമേജുകൾക്കും, വിലകൾക്കും, ചാർജുകൾക്കും, ചെലവുകൾക്കും എതിരെ കമ്പനിയെ ഇതിനാൽ നഷ്ടോത്തരവാദം ചെയ്യുകയും, കൂടാതെ കമ്പനിയുമായി ഏർപ്പെട്ടിട്ടുള്ള എല്ലാ ഇടപാടുകൾക്കും കരാറിനു കീഴിൽ ഏറ്റെടുക്കേണ്ടി വന്ന ബാദ്ധ്യതകൾക്കും കൂട്ടായും ഒറ്റയ്ക്കും വ്യക്തിപരമായി തങ്ങളെത്തന്നെ ബാദ്ധ്യസ്ഥരാക്കുകയും ചെയ്യുന്നു.

(ബോറോവർ ഒരു പ്രൊപ്രൈറ്റർ ആണെങ്കിൽ ബാധകമായത്)

കോബോറോവർ(മാർ)

ബോറോവർ(മാർ)

കരാറിന്റെ ഷെഡ്യൂളിൽ പേരു പറഞ്ഞിരിക്കുന്ന സ്ഥാപനത്തിന്റെ സോൾ പ്രൊപ്രൈറ്റർ താനാണ് എന്നും, മേൽ പ്രസ്താവിച്ചിരിക്കുന്ന സ്ഥാപനത്തിന്റെ ബാദ്ധ്യതകൾക്ക് പൂർണ്ണമായി ഉത്തരവാദിയായിരിക്കുമെന്നും കരാറിന്റെയും പ്രമാണത്തിന്റെയും കീഴിലുള്ള എല്ലാ ചുമതലകളും നിർവഹിക്കുന്നതിന് വ്യക്തിപരമായി ബാദ്ധ്യസ്ഥനായിരിക്കും എന്നും പ്രൊപ്രൈറ്റർ ഇതിനാൽ പ്രതിനിധീകരിക്കുകയും, ഉറപ്പിക്കുകയും, സ്ഥിരീകരിക്കുയും, ഭരമേൽക്കുകയും ചെയ്യുന്നു.

ll) ബോറോവർ ആസ്തിയുടെ മൂല്യത്തിൽ എന്തെങ്കിലും നഷ്ടം അല്ലെങ്കിൽ കേടുപാട്/മൂല്യശോഷണം സംഭവിക്കുന്നത് സത്വരമായി കമ്പനിയെ രേഖാമൂലം അറിയിക്കുകയും, ഏതെങ്കിലും മൂന്നാം കക്ഷി ആസ്തിക്കു മേൽ നടത്തുന്ന അവകാശവാദങ്ങൾക്കെതിരെ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്; അത്തരത്തിലുള്ള ഏത് നഷ്ടവും അല്ലെങ്കിൽ കേടുപാടും, ക്ലെയിം ഇൻഷുറർ അഡ്മിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും, ബോറോവറെ ബാദ്ധ്യതയിൽ നിന്നു മുക്തമാക്കുന്നതല്ല എന്നും വ്യവസ്ഥ ചെയ്യുന്നു.

mm) വായ്പയും കമ്പനിക്ക് ഡ്യൂ ആയിരിക്കുന്ന എല്ലാ തുകകളും കമ്പനിക്ക് തൃപതികരമായ വിധത്തിൽ പൂർണ്ണമായി അടച്ചുതീർക്കുന്നതു വരെയും കമ്പനിക്ക് കൈമാറിയിരിക്കുന്ന ഒരു പ്രമാണവും ഏത് ഉദ്ദേശ്യത്തിനായാലും തിരികെ നല്കാൻ കമ്പനിക്ക് ബാദ്ധ്യതയുണ്ടായിരിക്കുന്നതല്ല.

nn) ഈ കരാറിന്റെ തീയതി മുതൽ പ്രസ്തുത ഡ്യൂസ് കമ്പനിക്ക് പൂർണ്ണമായി അടച്ചുതീർക്കുന്നതു വരെ ഈ കരാറിലെ ബോറോവറുടെ എല്ലാ നിവേദനങ്ങളും വാറന്റികളും ബോറോവർ ഓരോ ദിവസവും ആവർത്തിക്കുന്നു എന്ന് പരിഗണിക്കുന്നതാണ്; ഏതെങ്കിലും നിവേദനങ്ങളോ വാറന്റികളോ ഏതെങ്കിലും ദിവസത്തിൽ അല്ലെങ്കിൽ ഏതെങ്കിലും സമയത്ത് അസത്യമോ തെറ്റോ ആവുകയോ ആയിക്കൊണ്ടിരിക്കുകയോ ചെയ്യുകയാണെങ്കിൽ ബോറോവർ അക്കാര്യം ഉടനടി തന്നെ കമ്പനിയെ അറിയിക്കുന്നതാണ്.

oo) തന്റെ കുടുംബ അംഗങ്ങൾ/ അടുത്ത ബന്ധുക്കൾ ആർ.ബി.ഐ.യുടെ കെ.വൈ.സി. മാർഗ്ഗനിർദേശങ്ങളിൽ നിർവചിച്ചിരിക്കുന്നത് പ്രകാരമുള്ള ഒരു പൊളിറ്റക്കലി എക്സ്പോസ്ഡ് വ്യക്തിയല്ല എന്ന് ബോറോവർ സ്ഥിരീകരിക്കുന്നു. മേൽപറഞ്ഞിരിക്കുന്ന അവസ്ഥയിൽ എന്തെങ്കിലും മാറ്റമുണ്ടാവുകയാണെങ്കിൽ ഉടനടി തന്നെ കമ്പനിയെ അറിയിക്കുന്നതാണെന്നും ബോറോവർ ഉറപ്പുനല്കുന്നു.

pp) **കരാറിന്റെ ആനുകൂല്യം**

കരാർ ഇതിലെ ബോറോവർക്കും അയാളുടെ/അവരുടെ പിന്തുടർച്ചാവകാശികൾക്കും, എക്സിക്യൂട്ടർമാർക്കും, അഡ്മിനിസ്ട്രേറ്റർമാർക്കും, നിയമപരമായ പ്രതിനിധിക്കും പിന്തുടർച്ചക്കാർക്കും ബാധകമായിരിക്കുന്നതും പ്രയോജനപ്രദമായിരിക്കുന്നതുമാണ്. ബോറോവറുടെ മരണം സംഭവിക്കുകയാണെങ്കിൽ, മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വ്യക്തി(കൾ) ചുവടെ പറയുന്ന കാര്യങ്ങൾ ചെയ്യേണ്ടതാണ്:

(i) താനാണ് ആദ്യ സന്ദർഭത്തിൽ ബോറോവറായിരുന്നത് എന്നതു പോലെ മരണപ്പെട്ട ബോറോവർ ഒപ്പിട്ട പോസ്റ്റ് ഡേറ്റഡ് ചെക്കുകൾ/എസിഎച്ച് അല്ലെങ്കിൽ ഇസിഎസ് മാൻഡേറ്റുകൾ , ചാർജുകൾ, ശേഷിക്കുന്ന ചെക്കുകൾ എന്നിവ ഈ കരാറിൽ പറഞ്ഞിരിക്കുന്ന അതേ വിധത്തിൽ പകരം വയ്ക്കുക.

(ii) റവന്യൂ വകുപ്പ്, കോർപറേഷൻ/മുനിസിപ്പാലിറ്റി/ പഞ്ചായത്ത് അല്ലെങ്കിൽ വില്ലേജ് ഓഫീസുകൾ, വൈദ്യുതി ബോർഡ്, മെട്രോവാട്ടർ മുതലായ നിയമപരമായ അധികൃതരുടെ രേഖകളിൽ ഇതു സംബന്ധിച്ച് പോക്കുവരവ് നടത്തുകയും അവയുടെ ഒരു പകർപ്പ് സമർപ്പിക്കുകയും ചെയ്യുക.

(iii) കമ്പനി ആവശ്യപ്പെടുന്ന വിധത്തിൽ ഒരു പുതിയ കരാർ, മുക്ത്യാർ, അത്തരം മറ്റു പ്രമാണങ്ങൾ എന്നിവ എക്സിക്യൂട്ട് ചെയ്യുക. മുകളിൽ പറഞ്ഞിരിക്കുന്നത് എന്തുതന്നെയായാലും, നിയമപരമായ പിന്തുടർച്ചാവകാശിയു(കളു)മായി/ പ്രതിനിധിയുമായി കരാർ തുടരണമോ വേണ്ടയോ എന്നു നിർണയിക്കുന്നതിനുള്ള അതിന്റെ പരിപൂർണ്ണമായ വിവേചനം വിനിയോഗിക്കുന്നതിന് കമ്പനിക്ക് അവകാശമുണ്ടായിരിക്കുന്നതാണ്. നിയമപരമായ പ്രതിനിധി മുകളിൽ പറഞ്ഞിരിക്കുന്ന നടപടിക്രമം പാലിക്കാതിരിക്കുകയോ അതിനു വിസമ്മതിക്കുകയോ ചെയ്യുകയാണെങ്കിൽ അല്ലെങ്കിൽ കമ്പനിയുടെ ക്രെഡിറ്റ് ആവശ്യകതകളും മറ്റ് ആവശ്യകതകളും പാലിക്കാതിരിക്കുകയോ ചെയ്യുകയാണെങ്കിൽ, കമ്പനിക്ക് അതിന്റെ പരിപൂർണ്ണ വിചേനത്തിൽ സ്ഥാവര വസ്തു കൈവശപ്പെടുത്തുന്നതിന്/ ഏത് മൂന്നാം കക്ഷിക്കും വില്ക്കുന്നതിന്/കൈമാറ്റം ചെയ്യുന്നതിനും അത്തരം വസൂലാക്കലിലുണ്ടാകുന്ന കുറവ് നിയമപരമായ പ്രതിനിധിയിൽ നിന്ന് വീണ്ടെടുക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

**14. ഇൻഷുറൻസ്:**

a) ബോറോവർ വായ്പ നിലവിലിരിക്കുന്ന എല്ലാ സമയത്തും, കമ്പനിയുടെ ഈട് ആയിരിക്കുന്ന പ്രസ്തുത ആസ്തി കമ്പനി ആവശ്യപ്പെടുന്നതു പ്രകാരമുള്ള അപകടസാദ്ധ്യതകൾക്കെതിരെയും, തുകകൾക്കായും കാലയളവുകളിലേക്കും രൂപങ്ങളിലും കമ്പനിയുടെ പേരിൽ അല്ലെങ്കിൽ കമ്പനിയെ ലോസ് പേയീ ആയി അടയാളപ്പെടുത്തി അല്ലെങ്കിൽ പോളിസി കമ്പനിക്ക് അസൈൻ ചെയ്ത് അല്ലെങ്കിൽ കമ്പനി ആവശ്യപ്പെടുന്ന രീതിയിൽ അല്ലെങ്കിൽ കമ്പനിയുടെ താല്പര്യം അത്തരം പോളിസിയിൽ അംഗീകരിച്ച്, കമ്പനി രേഖാമൂലം അംഗീകരിക്കുന്ന ഇൻഷുറൻസ് കമ്പനിയിൽ അല്ലെങ്കിൽ കമ്പനികളിൽ തന്റെ സ്വന്തം ചെലവിൽ പൂർണ്ണമായി ഇൻഷ്വർ ചെയ്തു നിലനിർത്തേണ്ടതും ഇൻഷുറൻസ് പോളിസികളും എല്ലാ കവർ നോട്ടുകളും പ്രീമിയം രസീതുകളും കമ്പനിയിൽ സമർപ്പിക്കേണ്ടതുമാണ്. മേൽപറഞ്ഞ ഇൻഷുറൻസിനു പുറമേ, സ്റ്റാൻഡിംഗ് ചാർജുകളുമായും ഏതെങ്കിലും കാരണത്താൽ ഉല്പാദനത്തിന്റെ നിർത്തിവയ്ക്കൽ സംഭവിക്കുകയാണെങ്കിൽ ബിസിനസ്സിലെ ലാഭം നഷ്ടപ്പെടുന്നതുമായും ബന്ധപ്പെട്ട ഇൻഷുറൻസ് പരിരക്ഷയും ബോറോവർ ക്രമീകരിക്കേണ്ടതാണ്. ബോറോവർ എല്ലാപ്രീമിയങ്ങളും കൃത്യമായി അടയ്ക്കേണ്ടതും,

അത്തരം ഇൻഷുറൻസുകളെ അസാധുവാക്കിയേക്കാവുന്ന ഒരു പ്രവൃത്തിയും ചെയ്യുകയോ ചെയ്യാൻ ഇടവരുത്തുകയോ ചെയ്യാൻ പാടില്ലാത്തതും, പ്രസ്തുത പോളിസികൾക്കു കീഴിൽ ഏത് തുകകൾ ലഭിച്ചാലും, ആയത് കമ്പനിയ്ക്ക് അടയ്ക്കേണ്ടതും, കമ്പനി അതിന്റെ തീരുമാനപ്രകാരം ആ തുക ഈട് നിലനിർത്തുന്നതിനോ അതിനു പകരം വയ്ക്കുന്നതിനോ അല്ലെങ്കിൽ പ്രസ്തുത ഡ്യൂസിന്റെ തിരിച്ചടവിലോ വിനിയോഗിക്കുന്നതുമാണ്. പ്രസ്തുത വസതു/ആസ്തികൾ എല്ലാം/അവയിൽ ഏതെങ്കിലും ഇൻഷ്വർ ചെയ്യുന്നതിലോ ഇൻഷ്വേർഡ് ആയി നിലനിർത്തുന്നതിലോ ബോറോവർ പരാജയപ്പെടുകയാണെങ്കിൽ, കമ്പനിക്ക് ഇതിനു കീഴിലുള്ള അതിന്റെ അവകാശങ്ങളെ ഹനിക്കാതെ അല്ലെങ്കിൽ ബാധിക്കാതെ, ആയത് ഇൻഷ്വർ ചെയ്യുന്നതിന് അല്ലെങ്കിൽ ഇൻഷ്വേർഡ് ആയി നിലനിർത്തുന്നതിന് സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതും (എന്നാൽ ബാദ്ധ്യതയില്ല), അങ്ങനെ ചെയ്യുന്നതിൽ കമ്പനിക്കുണ്ടാകുന്ന അല്ലെങ്കിൽ ചെലവാകുന്ന എല്ലാ തുകകളും, കമ്പനി ആവശ്യപ്പെടുമ്പോൾ, മേൽപറഞ്ഞതു പോലെ വായ്പയ്ക്കു ബാധകമായ പലിശയോടൊപ്പം കമ്പനിക്ക് ബോറോവർ തിരിച്ചടയ്ക്കേണ്ടതുമാണ്.

b) ഇത്തരത്തിലുള്ള ഇൻഷുറൻസ് പോളിസികൾ കരസ്ഥമാക്കാൻ കൂടാതെ/അല്ലെങ്കിൽ അതിന്റെ തെളിവ് കമ്പനിക്ക് സമർപ്പിക്കുന്നതിൽ ബോറവോർ പരാജയപ്പെടുകയാണെങ്കിൽ, അത് പിഴവിന്റെ ഒരു സംഭവമാകുന്നതും കമ്പനിക്ക് പോളിസി എടുക്കാവുന്നതുമാണ്. കമ്പനി വസ്തുവിന്റെ(ക്കളുടെ) ഇൻഷുറൻസിനുള്ള ഇൻഷുറൻസ് പ്രീമിയം അല്ലെങ്കിൽ മറ്റു തുകകൾ അടയ്ക്കുകയാണെങ്കിൽ, കമ്പനി അടച്ചതായ അത്തരം തുകകൾ ബോറോവർ മടക്കിനല്കേണ്ടതും, ഏതെങ്കിലും കാരണത്താൽ വസ്തുവിന്(ക്കൾക്ക്) എന്തെങ്കിലും നഷ്ടമോ കേടുപാടോ സംഭവിക്കുകയാണെങ്കിൽ, ഏത് ഇൻഷുറൻസ് വരുമാനത്തിന്റെയും ആദ്യ ക്ലെയിം കമ്പനിക്കായിരിക്കുന്നതും ആ വരുമാനം ഇതിലെ വ്യവസ്ഥകൾ അനുസരിച്ച് അല്ലെങ്കിൽ കമ്പനിക്ക് ഉചിതമെന്നു തോന്നുന്ന മറ്റ് രീതികൾ പ്രകാരമുള്ള ബോറോവറുടെ ഡ്യൂസിലേക്ക് കമ്പനി വകയിരുത്തുന്നതുമാണ്. കൂടാതെ, വസ്തുവിന്/ക്കൾക്കുള്ള ഏതെങ്കിലും മൊത്തം നഷ്ടം/കേടുപാടിന്റെ സംഭവത്തിൽ, ഇൻഷുറൻസ് കമ്പനി തീർപ്പാക്കിയ ക്ലെയിം തുക ബോറോവറുടെ പേരിൽ ബാക്കിനിൽക്കുന്നതും ബോറോവർ അടയ്ക്കേണ്ടതുമായ മൊത്തം ഡ്യൂസിനേക്കാൾ കുറവാണെങ്കിൽ, ബോറോവർ ഉടനടി തന്നെ ബോറോവറുടെ ഡ്യൂസിൽ കമ്പനിക്ക് അടയ്ക്കാൻ ബാക്കിനിൽക്കുന്ന എല്ലാ തുകകളും അടയ്ക്കേണ്ടതാണ്.

c) ബോറോവറുടെ പരിപൂർണ്ണ നഷ്ടസാദ്ധ്യതയിലും ചെലവിലും, കമ്പനിയുടെ പരിപൂർണ്ണ വിവേചനത്തിൽ ബോറോവറുടെ പേരിൽ പ്രവർത്തിക്കുവാനും കമ്പനിയുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഉചിതമായതെന്ന് അതിനു തോന്നുന്ന ആവശ്യമായ എല്ലാ ചുവടുകളും, പ്രവൃത്തികളും, നടപടിക്രമങ്ങളും എടുക്കുന്നതിനും കമ്പനിക്ക് പിൻവലിക്കാനാവാത്ത വിധത്തിലുള്ള അധികാരപ്പെടുത്തലും അവകാശവുമുണ്ട്. (i) ഏത് ഇൻഷുറൻസുമായുമുള്ള ബന്ധത്തിൽ അല്ലെങ്കിൽ അതിനു കീഴിൽ ഉരുത്തിരിയുന്ന ഏത് തർക്കവും ക്രമീകരിക്കുന്നതിന് തീർപ്പാക്കുന്നതിന്, ഒത്തതീർപ്പാക്കുന്നതിന്, അല്ലെങ്കിൽ ആർബിട്രേഷന് റഫർ ചെയ്യുന്നതിന് കൂടാതെ അത്തരം ക്രമപ്പെടുത്തൽ,

തീർപ്പ്, ഒത്തുതീർപ്പ്, അത്തരം ആർബിട്രേഷനിൽ അനുവദിക്കുന്ന അവാർഡ് എന്നിവ സാധുവായിരിക്കുന്നതും ബാറോവർക്ക് ബാധകമായിരിക്കുന്നതുമാണ്. (ii) അത്തരത്തിലുള്ള ഏത് ഇൻഷുറൻസിനും കീഴിൽ അല്ലെങ്കിൽ അതിനുകീഴിൽ നടത്തുന്ന ഏത് ക്ലെയിമുകൾക്കും കീഴിൽ ലഭിക്കാനുള്ള ഏത് തുകയും കൈപ്പറ്റുന്നതിനും അതിന് സാധുവായ ഒരു രസീത് നല്കുന്നതിനും, അത്തരം വരുമാനം ഇതിലെ വ്യവസ്ഥകളനുസരിച്ച് അല്ലെങ്കിൽ കമ്പനിക്ക് ഉചിതമെന്നു തോന്നുന്ന മറ്റു വിധത്തിൽ വകയിരുത്തുന്നതിനും.

d) ഇൻഷുറൻസ് ക്ലെയിമുകളുമായി അല്ലെങ്കിൽ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട് ഒരു നടപടിയും സ്വീകരിക്കേണ്ട എന്നു കമ്പനി തീരുമാനിക്കുകയാണെങ്കിൽ കൂടാതെ/അല്ലെങ്കിൽ ക്ലെയിമുകളിൽ/തീർപ്പിൽ കൂടുതൽ വലിയ ഒരു തുക ലഭിക്കാവുന്നതായിരുന്നു അല്ലെങ്കിൽ അത്തരം ക്രമപ്പെടുത്തൽ കഴിഞ്ഞ് ശേഷിക്കുന്ന ബോറോവറുടെ ഡ്യൂസിന്റെ ബാക്കി തുകയ്ക്കായി ബോറോവറുടെ ബാദ്ധ്യതയെ കുറിച്ച് തർക്കമുന്നയിക്കാൻ അവകാശമുണ്ട് എന്ന കാരണത്താൽ കമ്പനിക്കെതിരായി എന്തെങ്കിലും ക്ലെയിം ഉന്നയിക്കുന്നതിന് ബോറോവർക്ക് അവകാശമുണ്ടായിരിക്കുന്നതല്ല.

e) എല്ലാ നഷ്ടസാദ്ധ്യതകൾക്കെതിരെയും ആസ്തി/കളെയും കൂടാതെ/അല്ലെങ്കിൽ വ്യക്തിപരമായ അപകടം/ആശുപത്രി പ്രവേശനം, കമ്പനിയ്ക്കുള്ള വായ്പ തുക കൂടാതെ/അല്ലെങ്കിൽ ഗുരുതരമായ രോഗം എന്നിവയ്ക്കെതിരെ ബോറോവറെയും, കമ്പനിയുടെ പേരിൽ അല്ലെങ്കിൽ കമ്പനിയെ ഒരു ലോസ് പേയീ ആയി അടയാളപ്പെടുത്തിക്കൊണ്ട് ഇൻഷ്വർ ചെയ്യുന്നതിനുള്ള ഇൻഷുറൻസ് പോളിസിയ്ക്കുള്ള/കൾക്കുള്ള ഇൻഷുറൻസ് പ്രീമിയം ബോറോവർ അഭ്യർത്ഥിക്കുകയാണെങ്കിൽ കമ്പനി ഫിനാൻസ് ചെയ്തേക്കാവുന്നതാണ്. ബോറോവർക്കു വേണ്ടി കമ്പനി അടയ്ക്കുന്ന ഇത്തരം പ്രീമിയങ്ങൾ, ഇതിനു കീഴിൽ അനുവദിച്ചിട്ടുള്ള വായ്പയുടെ മുതൽ തുകയോട് കൂട്ടിച്ചേർക്കുന്നതും തവണകളിൽ ഉൾപ്പെടുത്തുന്നതും ബോറോവർ അടയ്ക്കേണ്ടതുമാണ്. എന്നിരുന്നാലും, പോളിസി ഏതെങ്കിലും സാഹചര്യങ്ങളിൽ പ്രാബല്യത്തിലാകാതിരിക്കുകയോ കവേർഡ് അകാതിരിക്കുകയോ ചെയ്യുകയാണെങ്കിൽ, പ്രസ്തുത പ്രീമിയം തുക, വായ്പയ്ക്കെതിരെ  തിരിച്ചടയ്ക്കാൻ ബാക്കിനിൽക്കുന്ന മുതൽ തുക അല്ലെങ്കിൽ മറ്റേതെങ്കിലും ഡ്യൂസ് അല്ലെങ്കിൽ ചാർജുകൾക്കെതിരെ അല്ലെങ്കിൽ കമ്പനിയുമൊത്തുള്ള മറ്റെതെങ്കിലും അക്കൗണ്ടിൽ ക്രമപ്പടുത്താൻ കമ്പനി അധികാരപ്പെടുത്തപ്പെട്ടിരിക്കുന്നു. ബോറോവറുടെ അഭ്യർത്ഥനയിന്മേൽ, ഇൻഷുറൻസ് പ്രീമീയം വായ്പയുടെ ഒരു ഭാഗമായതിനാൽ, കമ്പനി നേരിട്ട് അത്തരം ഇൻഷുറൻസ് കമ്പനിക്ക് അടയ്ക്കുന്നതും അത്തരം വിതരണം ബോറോവർക്ക് നടത്തിയ വിതരണമായി കണക്കാക്കേണ്ടതുമാണ്.

ഈടായി വസ്തു നല്കിയിരിക്കുന്നത്, ഒരു ജാമ്യക്കാരനായോ മറ്റുവിധത്തിലോ, ബോറോവറല്ലാത്ത മറ്റൊരു വ്യക്തിയാണെങ്കിൽ, മുകളിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ ശരിയായി പാലിക്കപ്പെടുന്നു എന്ന് ബോറോവർ ഉറപ്പാക്കേണ്ടതാണ്.

**15. പ്രീക്ലോഷർ :**

കോബോറോവർ(മാർ)

ബോറോവർ(മാർ)

a) കമ്പനി അതിന്റെ പരിപൂർണ്ണ വിചേനത്തിലും പ്രീക്ലോഷറിനെ സംബന്ധിച്ച വ്യവസ്ഥകളിന്മേലും, അത് നിർദേശിച്ചേക്കാവുന്ന വിധത്തിലും, ബോറോവറുടെ അഭ്യർത്ഥനയിന്മേൽ, തവണകളുടെ ത്വരിതപ്പെടുത്തൽ അല്ലെങ്കിൽ പ്രീപേയ്മെന്റ് അനുവദിക്കുന്നതാണ്.

b) കമ്പനിയ്ക്ക് നൽകാനുള്ള മുഴുവൻ കുടിശ്ശിക മൂലധന തുകയും കുടിശ്ശിക തവണകൾ, പലിശ, അധിക പലിശ, നിരക്കുകൾ, കമ്പനിക്ക് കരാർ പ്രകാരം ബോറോവർ കുടിശ്ശിക ആയിട്ടുള്ളതും അടയ്ക്കേണ്ടതുമായ മറ്റ് എല്ലാ നിരക്കുകളും അടയ്ക്കാനുള്ള ഉദ്ദേശ്യം രേഖാമൂലം നൽകിക്കൊണ്ട് കമ്പനിയ്ക്ക് 21 ദിവസത്തിൽ കുറയാത്ത നോട്ടീസ് നൽകി ബോറോവർ വായ്പ മുഴുവനും മുൻകൂർ അടയ്ക്കേണ്ടതാണ്. ഷെഡ്യൂളിൽ വ്യക്തമാക്കിയ കാലയളവ് വരെ പ്രീക്ലോഷർ ചെയ്യാൻ കഴിയില്ല. പ്രീക്ലോഷർ ഈ കരാറിന്റെ ഷെഡ്യൂളിൽ നിർദ്ദേശിച്ചിട്ടുള്ള ഫീസായിരിക്കും അല്ലെങ്കിൽ കമ്പനി തീരുമാനിച്ച നിരക്കുകളിൽ ബാധകമായിരിക്കും. എന്നിരുന്നാലും, ബിസിനസ്സ് ഒഴികെയുള്ള ആവശ്യങ്ങൾക്കായി, സഹ ബോറോവറോടൊപ്പമോ അല്ലാതെയോ വ്യക്തിഗത വായ്പക്കാരന് അനുവദിച്ച ഫ്ളോട്ടിംഗ് റേറ്റ് ടേം വായ്പകൾക്ക് പ്രീപേയ്മെന്റ് / ഫോർക്ലോഷർ നിയന്ത്രണങ്ങളും ചാർജുകളും ബാധകമല്ല.

c) സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിരിക്കുന്ന പ്രീക്ലോഷർ തുക സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ടിൽ കാണിച്ചിരിക്കുന്ന ചെക്കുകളുടെ സാക്ഷാത്കാരത്തിനു വിധേയമായിരിക്കുന്നതും എല്ലാ പേയ്മെന്റുകളും കരാറിലേക്കാണ് അടച്ചിട്ടുള്ളത് എന്ന അനുമാനത്തിലുമായിരിക്കുന്നതാണ്, ഇതിൽ വീഴ്ച്ച വരിയാണെങ്കിൽ, കണ്ടെത്തുന്ന മുറയ്ക്ക്, അത് എൻ.ഒ.സി. അനുവദിച്ചതിനു ശേഷമാണെങ്കിൽ പോലും, അത് റിവേഴ്സ് ചെയ്യുന്നതും ആയത് ചെക്ക് ഡിസ്ഹോണർ ചാർജുകൾ, അധിക പലിശ, ബാധകമായത് പ്രകാരമുള്ള മറ്റു ചാർജുകൾ എന്നിവയോടൊപ്പം അടയ്ക്കാനുള്ളതാകുന്നതുമാണ്.

d) പണയം വച്ചിരിക്കുന്ന വസ്തുവിന്റെ മൂല്യത്തിൽ അവ മൂല്യനിർണ്ണയം ചെയ്യപ്പെട്ടിരിക്കുന്നതിനു മുകളിലും ഉപരിയുമായി വിപണി സാഹചര്യങ്ങൾ മൂല്യം വർദ്ധനവ് ഉണ്ടാകുമ്പോൾ, ബോറോവർക്ക് കമ്പനിയോടുള്ള തങ്ങളുടെ ബാദ്ധ്യത നിറവേറ്റാതെ പണയപ്പെടുത്തിയ വസ്തു മടക്കിനല്കണമെന്ന് കമ്പനിയോട് ആവശ്യപ്പെടാൻ ബോറോവർക്ക് അവകാശമുണ്ടായിരിക്കുന്നതല്ല എന്നും സമ്മതിക്കുന്നു.

**16. അധിക പലിശ:**

**വീഴ്ച്ചവരുത്തുന്ന സാഹചര്യത്തിൽ / സൗകര്യം കമ്പനി പിൻവലിക്കുന്ന/തിരിച്ചുവിളിക്കുന്ന സാഹചര്യത്തിൽ, തവണകളുടെ അല്ലെങ്കിൽ ബോറോവർ ഡ്യൂ തീയതിയിൽ അടയ്ക്കേണ്ട മറ്റ് ഡ്യൂസിന്റെ പേയ്മെന്റിൽ കാലതാമസം വരുന്ന സാഹചര്യത്തിൽ, ടെർമിനേഷനും ആസ്തികളുടെ വില്പനയ്ക്കുമുള്ള കമ്പനിയുടെ അവകാശങ്ങൾക്കും ഈ കരാറിനു കീഴിൽ നിക്ഷിപ്തമായിരിക്കുന്ന മറ്റേത് അവകാശങ്ങൾക്കും ഹാനികരമാകാതെ, തിരിച്ചടയ്ക്കാൻ ബാക്കിനിൽക്കുന്ന തുകയ്ക്ക് ഡ്യൂ തീയതി മുതൽ വാസ്തവത്തിൽ പേയ്മെന്റ് നടത്തുന്ന തീയതി വരെ ഇതിനു കീഴിലുള്ള ഷെഡ്യൂളിൽ സൂചിപ്പിച്ചിരിക്കുന്ന നിരക്കിലുള്ള അല്ലെങ്കിൽ കമ്പനി**

കോബോറോവർ(മാർ)

ബോറോവർ(മാർ)

**കാലാകാലങ്ങളിൽ തീരുമാനിക്കുന്ന പ്രകാരമുള്ള മറ്റു നിരക്കുകളിലുള്ള അധിക പലിശ അടയ്ക്കാൻ, ബോറോവർമാർ ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.**

**17. അസൈൻമെന്റ്/സെക്യൂരിടൈസേഷൻ:**

a) ഈ കരാർ ബോറോവർക്ക് വ്യക്തിഗതമായിരിക്കും. ഈ കരാറിന്റെ നേട്ടം അല്ലെങ്കിൽ ബാദ്ധ്യത, കമ്പനിയുടെ രേഖാമൂലമുള്ള മുൻകൂർ അനുമതി കൂടാതെ നേരിട്ടോ പരോക്ഷമായോ അസൈൻ ചെയ്യാൻ ബോറോവർക്ക് അവകാശമുണ്ടായിരിക്കുന്നതല്ല.

b) ബോറോവർക്ക് അറിയിപ്പ് നല്കാതെ ഏത് വ്യക്തിക്കും അല്ലെങ്കിൽ എന്റിറ്റിക്കും ഒരു ഈടിന്റെ വില്പന, കൈമാറ്റം, സെക്യൂരിടൈസേഷൻ, അസൈൻമെന്റ്, ചാർജ് നടത്തി അല്ലെങ്കിൽ മറ്റുവിധത്തിൽ, തവണകളും വായ്പയിലെ ബാക്കിയും കൈപ്പറ്റുന്നതിനുള്ള അവകാശം ഉൾപ്പെടെയുള്ള, ഈ കരാറിനു കീഴിലുള്ള കമ്പനിയുടെ അവകാശങ്ങൾ, ആനുകൂല്യങ്ങൾ, കടപ്പാടുകൾ, കടമകൾ, ബാദ്ധ്യതകൾ എന്നിവ എല്ലാമോ അവയിൽ ഏതെങ്കിലുമോ അനുവദിക്കുന്നതിന്, സെക്യൂരിടൈസ് ചെയ്യുന്നതിന്, വില്ക്കുന്നതിന്, അസൈൻ ചെയ്യുന്നതിന് അല്ലെങ്കിൽ കൈമാറുന്നതിന് കമ്പനിക്ക് പരിപൂർണ്ണമായ അവകാശവും, പൂർണ്ണ ശേഷിയും അധികാരവും ഉണ്ടായിരിക്കുന്നതും, അത്തരത്തിലുള്ള ഏത് വില്പനയും അസൈൻമെന്റും അല്ലെങ്കിൽ കൈമാറ്റവും ബോറോവർക്ക് അന്തിമമായി ബാധകമായിരിക്കുന്നതും, അത്തരം അസൈനീയോട് ഈ കരാറിനു കീഴിലുള്ള തന്റെ കടപ്പാടുകൾ നിറവേറ്റാൻ ബോറോവർ നിറവേറ്റേണ്ടതുമാണ്. പർച്ചേസറുടെ, അസൈനീയുടെ അല്ലെങ്കിൽ ട്രാൻസ്ഫറീയുടെ പേരിൽ ബോറോവർക്കെതിരെ നടപടികൾ ആരംഭിക്കുന്നതിനുള്ള അതിന്റെ അവകാശം നിലനിർത്തുന്നതിന് കമ്പനിയ്ക്ക് ഒരു അവകാശം റിസർവ് ചെയ്യുന്നത് ഉൾപ്പെടെ കമ്പനി തീരുമാനിച്ചേക്കാവുന്ന രീതികളിലും വ്യവസ്ഥകൾ അനുസരിച്ചും അതിന്റെ എല്ലാ അവകാശങ്ങളും താല്പര്യവും പൂർണ്ണമായോ ഭാഗികമായോ, ബോറോവറെ പരാമർശിക്കാതെ അല്ലെങ്കിൽ ബോറോവർക്ക് രേഖാമൂലമുള്ള അറിയിപ്പ് നല്കാതെ കമ്പനിയുടെ തീരുമാനപ്രകാരമുള്ള ഏത് മൂന്നാം കക്ഷിക്കും വില്ക്കുന്നതിന്, അസൈൻ ചെയ്യുന്നതിന് അല്ലെങ്കിൽ കൈമാറുന്നതിന് കമ്പനിക്ക് പരിപൂർണ്ണമായ അവകാശവും, പൂർണ്ണ ശേഷിയും അധികാരവും ഉണ്ടായിരിക്കുന്നതാണെന്ന് ബോറോവർ പ്രകടായി അംഗീകരിക്കുകയും സമ്മതിക്കുകയും ചെയ്യുന്നു.

c) ബോറോവർ നല്കിയിരിക്കുന്ന, ബോറോവറെ ബാധിക്കുന്ന അല്ലെങ്കിൽ സംബന്ധിച്ചുള്ള ഏത് വസ്തുതകളും വിവരങ്ങളും പരിശോധിക്കുന്നതിന് കൂടാതെ/അല്ലെങ്കിൽ ബോറോവറുടെ തിരിച്ചടയ്ക്കുന്നതിനുള്ള തുക ശേഖരിക്കുന്നതിനായി കൂടാതെ/അല്ലെങ്കിൽ ഏതെങ്കിലും ഈട് നടപ്പിലാക്കുന്നതിനായി ഒന്നോ അല്ലെങ്കിൽ കൂടുതലോ വ്യക്തികളെ തന്റെ നഷ്ടസാദ്ധ്യതയിലും ചെലവിലും ഏർപ്പാടാക്കുന്നതിനും, ഉചിതമെന്ന് കമ്പനി കരുതുന്ന പ്രമാണങ്ങളും, വിവരങ്ങളും, വസ്തുതകളും കണക്കുകളും അത്തരം വ്യക്തി(കൾ)ക്ക് നല്കുന്നതിനും ബോറോവർ ഇതിനാൽ കമ്പനിയെ അധികാരപ്പെടുത്തുന്നു കൂടാതെ ഇതുമായി ബന്ധപ്പെട്ടുള്ള ചെലവ് ബോറോവർ വഹിക്കേണ്ടതുമാണ്.

കോബോറോവർ(മാർ)

ബോറോവർ(മാർ)

d) കമ്പനി നടത്തുന്ന അത്തരം കൈമാറ്റം, വില്പന അല്ലെങ്കിൽ അസൈൻമെന്റ് പ്രാബല്യത്തിലാക്കുന്നതിന് വേണ്ടതായിട്ടുള്ള ആവശ്യമായ രേഖകൾ എക്സിക്യൂട്ട് ചെയ്യുന്നതാണെന്ന് ബോറോവർ ഉറപ്പുനല്കുന്നു.

**18. ലീനും സെറ്റ്-ഓഫും:**

a) കമ്പനിക്ക്, സുരക്ഷിതമായി സൂക്ഷിക്കുന്നതിനോ അല്ലെങ്കിൽ മറ്റുവിധത്തിലോ കമ്പനിയുടെ കൈവശത്തിലോ കസ്റ്റഡിയിലോ ഉള്ള ബോറോവറുടെ എല്ലാ വസ്തുക്കളുടെയും അല്ലെങ്കിൽ ഈടുകളുടെയും മേൽ ഒരു ലീൻ ഉണ്ടായിരിക്കുന്നതും കമ്പനിയുമൊത്തുള്ള ഏത് അക്കൗണ്ടിലും അതിന്റെ ക്രെഡിറ്റിൽ നില്ക്കുന്ന, ബോറോവറുടേതായ എല്ലാ പണങ്ങളും സെറ്റ്-ഓഫ് ചെയ്യുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതുമാണ്. വായ്പാ അക്കൗണ്ടിൽ തിരിച്ചടയ്ക്കാൻ ബാക്കിനില്ക്കുന്ന തുക കമ്പനി ആവശ്യപ്പെട്ടിട്ടും നിർദ്ദിഷ്ട സമയത്തിനുള്ളിൽ തിരിച്ചടയ്ക്കുന്നില്ല എങ്കിൽ, ബോറോവറുടെയോ 2013ലെ കമ്പനി നിയമത്തിനു കീഴിൽ നിർവചിച്ചിട്ടുള്ള പ്രകാരമുള്ള അയാളുടെ ബന്ധുക്കളുടെയോ അല്ലെങ്കിൽ പാർട്ണർമാരുടെയോ ഏത് അക്കൗണ്ടിലുമുള്ള അത്തരം ക്രെഡിറ്റ് ബാലൻസ് വായ്പാ അക്കൗണ്ടിനു കീഴിലുള്ള ഡ്യൂസിലേക്ക് ക്രമപ്പെടുത്തുന്നതാണ്. ഏതെങ്കിലും കുറവുണ്ടാവുകയാണെങ്കിൽ, കുറവുള്ള തുക ബോറോവറിൽ നിന്ന് കമ്പനി വീണ്ടെടുക്കുന്നതാണ്.

b) ഇവയിൽ അടങ്ങിയിരിക്കുന്ന സംഗതികളൊന്നും തന്നെ ഈട് പ്രമാണങ്ങൾക്കോ, ഗ്യാരന്റികളുടെ കത്തുകൾക്കോ അല്ലെങ്കിൽ അവയിലേതിലെങ്കിലുമോ അല്ലെങ്കിൽ ഏതു നിയമത്തിനോ കീഴിലുള്ള കമ്പനിയുടെ അവകാശങ്ങളെയും അധികാരങ്ങളെയും പരിമിതപ്പെടുത്തുകയോ ഹാനികരിമായി ബാധിക്കുകയോ ചെയ്യുന്നതായി പരിഗണിക്കാൻ പാടില്ല.

c) ബോറോവറുടെ ഭാഗത്തു നിന്ന് സെറ്റ്-ഓഫ് അല്ലെങ്കിൽ കൗണ്ടർ ക്ലെയിം ഉണ്ടാകാൻ പാടില്ലാത്തതും ഈ കരാറിനു കീഴിൽ ബോറോവർ നടത്തിയ എല്ലാ പേയ്മെന്റുകളും സെറ്റ്-ഓഫ് അല്ലെങ്കിൽ കൗണ്ടർ ക്ലെയിം കൂടാതെ നടത്തേണ്ടതുമാണ്.

**19. നഷ്ടോത്തരവാദം:**

